# Mission



## Blessed Chavara Jayanthi Year Special



March 2004



His Eminence Cardinal Varkey Vithayathil and the other dignitaries proceed to the Ashram Church for the solemn Mass of the Inauguration of the *Chavara Jayanthi Year.*




Dignitaries on the stage for the inauguration of the *Jayanthi Year*. They include Bishop Pastor Neelankavil of Sagar, Kerala Minister Sri. K. M. Mani, Archbishop Joseph Powathil of Changanacherry, Cardinal Varkey Vithayathil, Bishop Peter Thuruthikonam of Vijayapuram, Fr. Antony Kariyil, CMI Prior General, Sr. Edward, CMC Superior General, Fr.Thomas Mampra, Provincial, Trivandrum, and Sri Thomas Chazhikadan, MLA.

KI-264.9 5866 KI-560 5814
CARMEL JYOTHI ALWAYE THAIKKATTUKARA

# C-MISSION

No. 67 March 2004

## ഇതളുകൾ വിരിയുമ്പോൾ

പേജ്

1. Preface : Blessed Chavara: Herald of Integral Development — 1
   Fr. Mathew Kaniamparampil, Managing Editor
2. എഡിറ്റോറിയൽ : വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവത്തിനും ജനത്തിനും വേണ്ടി — 5
   Fr. Jose Palatty, Chief Editor
3. വാഴ്ത്തപ്പെട്ട ചാവറയച്ചൻ : ഭാരത സഭയുടെ ഉജ്ജ്വല താരം — 7
   ശ്രേഷ്ഠ മെത്രാപ്പോലീത്താ,
   അത്യുന്നത കർദ്ദിനാൾ വർക്കി വിതയത്തിൽ
4. കുടുംബ ഭദ്രതയുടെ പ്രവാചകനായ ചാവറയച്ചൻ — 10
   മാർ ജോസഫ് പൗവ്വത്തിൽ,
   ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ
5. ചാവറ പിതാവ് : ഭാരതീയ ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രണേതാവ് — 12
   മാർ കുറിയാക്കോസ് കുന്നശ്ശേരി,
   കോട്ടയം രൂപതാദ്ധ്യക്ഷൻ
6. മനുഷ്യ സ്നേഹിയായ ചാവറയച്ചൻ — 15
   ശ്രീ കെ.എം. മാണി, കേരള റെവന്യൂ-നിയമ മന്ത്രി
7. ചാവറയച്ചൻ : മാന്നാനത്തെ ഭദ്രദീപം — 16
   ഡോ. സിറിയക് തോമസ്, വൈസ് ചാൻസലർ,
   എം.ജി. യൂണിവേഴ്സിറ്റി
8. ജ്ഞാന-കർമ്മ-ഭക്തി യോഗിയായ ചാവറ പിതാവ് — 18
   ഫാ. ആന്റണി കരിയിൽ,
   സി.എം.ഐ. പ്രിയോർ ജനറൽ
9. ചാവറ പിതാവിന്റെ ദർശനത്തിലേയ്ക്ക് — 19
   സി. എഡ്‌വേർഡ്,
   സി.എം.സി. സുപ്പീരിയർ ജനറൽ
10. Blessed Chavara : His Life and Pioneering Services — 21
11. വാഴ്ത്തപ്പെട്ട ചാവറ പിതാവും സ്ത്രീ വിമോചനവും — 23
    സി. സെർജിയസ്, സി.എം.സി., എറണാകുളം
12. Blessed Chavara and Media — 26
    Fr. Jaison Puthur

13. മാന്നാനം, കൈനകരി തീർത്ഥാടന കേന്ദ്രങ്ങൾ 30

14. ചാവറയച്ചൻ : ദിവ്യ കാരുണ്യ ഭക്തിക്കു കളമൊരുക്കിയ ക്രാന്തദർശി 31
ഡോ. സെഡ്. എം. മൂഴൂർ

15. CMIs at a glance 34

16. ഉത്തമ മരിയ ഭക്തനായ ചാവറയച്ചൻ 36
ബോൺ ഫിലിപ്പ് മണ്ണാപറമ്പിൽ

17. C.M.C. Statistical Summary 40

18. धन्य चावरा का जीवन दर्शन
अजी सेबास्टिन, भोपाल 41

19. കുടുംബ ഭദ്രതയ്ക്കുവേണ്ടി 25 ചാവറ സൂക്തങ്ങൾ 44

20. ജീവൻ ധാര : ആശ്രമ ശൈലി 46
തോമ്മാച്ചൻ

21. തോക്കുകൾക്കും അമ്പുകൾക്കും മധ്യേ ഒരു മിഷൻ 50
സി. ഗ്ലോറി, S.M.S.

22. A Vibrant Pastoral Experience from Canada 53
Fr. Jose Kuriedath, Canada

23. ക്ഷേത്രങ്ങൾക്കു മധ്യേ ഒരു ക്രൈസ്തവ സാന്നിധ്യം 56
ജയ്സൺ കല്ലൂക്കാരൻ, ചന്ദ്രപ്പൂർ, മഹാരാഷ്ട്ര

24. രാജ്കോട്ടിന്റെ രണ്ടു രാജകുമാരന്മാർ 58
ജോസി എം. ഗുജറാത്ത്

**Students' Corner:**

25. പഠനാചാര്യനായ ചാവറയച്ചനെ പരിചയമുണ്ടോ? 62
ഫാ. തോമസ് പന്തപ്ലാക്കൽ, കോഴിക്കോട്

26. ശ്രീ കൈതപ്രവുമായി മുഖാമുഖം 65
ഫാ. മാത്യു കണിയാംപറമ്പിൽ

27. പരീക്ഷയുടെ സമര മുഖത്തെ വജ്രായുധങ്ങൾ 67

28. വിജയത്തിനായി വിദ്യാർത്ഥികളുടെ പ്രാർത്ഥന 69

29. News Briefs 70

**Editorial Board**

Fr. Mathew Kaniamparampil CMI - Managing Editor
Fr. Jose Palatty CMI - Chief Editor
Fr. James Mekkara CMI - Associate Editor

# BLESSED CHAVARA: HERALD OF INTEGRAL DEVELOPMENT

*Fr. Mathew Kaniamparampil*
*Managing Editor*



Almost 200 years ago there appeared in the horizon of the Indian Church a star luminous and extra ordinary. Centuries cannot leave into oblivion thoughts of such rare pearls that appeared on this earth and left this earthly sojourn after illuminating an entire era and area. Such a bright star of India was Blessed Kuriakose Elias Chavara of joyful memories. was a unique symbol of integration in his own personal life, bringing together his intellectual, physical and spiritual powers into a unified goal. By the wer of his *Yoga Shakti,* he also visualised and heralded the integral development the people of his times, by bringing together all their dormant capabilities. e Church in India rejoices today as the Bi-centenary year of his birth has been nched on 3rd January 2004, by His Eminence Cardinal Varkey Vithayathil, ng with 10 Bishops, 150 Priests, 800 Sisters and about 10,000 devotees at annanam, near Kottayam, where his mortal remains are enshrined.

**avara: A great Religious Leader**

The 100 odd Religious Congregations of India must be grateful to this great minary of religious life in the Indian Church. In 1831, when there existed no dian religious congregation in this land, Blessed Chavara along with two other ocesan priests, Fr. Thomas Palackal and Fr. Thomas Porukara, founded the w-existing first Religious Congregation of India. That is the CMI Congregation. 1866, by the cooperative effort of B. Chavara and Fr. Leopold Beccaro, an lian Carmelite Missionary priest, the now-existing first religious society for men in the Syro-Malabar Church was founded. That is the CMC congregation. day it has a membership of more than 6000 Sisters. These two religious ngregations later in the 20th century inspired the emergence of so many igious congregations for men and women in the Indian Church.

Blessed Chavara was luminant and unique not only in the religious field. His ntributions in the ecclesial and socio-cultural levels remain ever remarkable.

**A man of ecclesial vision and was filled with the love of the Church**

The Syro-Malabar Church is indebted to Bl. Chavara because it was he wh protected it at a crucial and decisive movement of its in the turbulent history this 19 century-old Church in India. He saved it from a terrific schismatic thre called the *Roccosian schism.* He was also the Vicar General of this Church that time.

It was also Bl. Chavara and his confreres who imparted greater vitality to th Church by introducing several innovations into its rank and file. Being motivat by a deep-rooted love for the Church, he received inspiration and adopted sever devotional practices from the global Church. Some of them are introduci retreat preaching for the laity in all parishes, the *Way of the Cross,* the Rosar codification of the canonical prayers of Priests, and a systematic Semina formation for the future Priests. He believed that if only efficient and holy Pries are trained, the faith of our people and their sacramental life could be sustaine Bl. Chavara and his companions were entrusted with this great task by the th Church authorities. The Seminary established at Mannanam in 1831 remain there till 1894, and saw to the training of not only the CMIs but also of t diocesan seminarians for more than half a century. There was a time when 1 seminarians lived there at a time.

He introduced the Eucharistic devotion, especially through the 40 ho adoration. The present elderly generation of the Kerala church still cherish the sweet memories of this devotional practice which imparted the faithful gr spiritual experience. People used to flock the various Ashram Churches whe this devotion was practsed. Similarly, the *Way of the Cross* introduced by h became very popular. It's solemn recitation, especially on the Fridays of t Lent, ascending hilly and hard terrains, imitating the last journey of Jesus Calvary, elevated the minds of our faithful to greater heights of life-touchi and life-transforming experiences.

Blessed Chavara loved the Church and the Church also loved him. earnestly desired that the Church should not merely remain as a preservative a static container of the faith brought to India by St. Thomas the Apostle of Jes He visualized that this Church must become active in faith expressions, vibr in spirituality; and dynamic in witnessing to and propagating the same to ot people.

## 'hampion of social reformation

Blessed Chavara is a luminary not only in the spiritual and ecclesial levels. le was also one of the topmost social reformers India has even seen. Imagine he socio-cultural situation of Kerala just two centuries ago. It was a place with ractically no literacy and systematic educational systems. There existed radical asteism triggering inhuman discriminations. He visualized a society when all eople can live in the joy of the children of God, enjoying equality, freedom and rosperity.

The basic vision of Bl. Chavara for brightening up the society started with he idea of imparting literacy to our people. He firmly believed that a society ould make progress only through knowledge and wisdom. Education is the entral factor for any basic development. He established at Mannanam the first 'atholic school of Kerala in 1846. That school is the mother of all private ducational institutions in the Catholic sector in Kerala. He started that tiny ittle centre of learning as a Sanskrit school. It also was indicative of his far-eaching vision. At that time, only high caste people were allowed to learn Sanskrit he Vedic language. Other people were not only prohibited from learning that anguage but also prevented from going to any learning at all. Bl. Chavara pened the portals of his school, and all the other schools established by his ollowers in other places, to all people irrespective of caste and creed. Later, his lecisive order in 1861 added to this great momentum. His radical vision of ducation motivated him to issue an important order when he became the Vicar ieneral of the Syrians in 1861. He ordered all Churches to open schools adjacent › them compulsorily. This order became the *magna carta* for a revolutionary aradigm shift in the socio-cultural development of Kerala. If the Kerala society topping the list of literacy in this land today, and making great advancement in he fields of science, technology and inter-national service through incessant nigration, it should be indebted to this great visionary called Bl. Chavara.

Bl. Chavara is also the champion of printing and publications in the Kerala 'hurch. He established the first printing press at Mannanam in 1844 and from here emerged many books for the enrichment of our people. Later in 1887, Mannanam saw the inception of the newspaper *DEEPIKA*, the first Catholic )aily of India.

Blessed Chavara also believed that the health and strength of the society lepends not only the growth of the people in general. It depends greatly on how he society takes care of the weak, the disabled, the sick and the aged members

of the society. In view of caring for them, it was Bl. Chavara who founded t first '*Charitable institution*' in Kerala. It was in Kainakari in the year 1869.

When Bl. Chavara took the initiative to start the first religious congregati for women in India in 1866, namely the CMC Congregation, he had also a f reaching social mission in his mind. Well-trained and well-motivated religio women must come forward as the catalytic agents for social reformation fro the grass-root level. He thought, these women should enter the field of fami apostolate, motivating our families to enter the path of progress in every lev

**Basically a man of God and a man of integration**

Blessed Chavara was a man of action throughout his life. His was multifaceted personality with great vibrancy and efficiency. Within the span less than half a century, he triggered innovations, which ordinary humans cou do in centuries. However, the central feature behind his marvellous success c be sourced back to his radical spiritual vision. That was his basic *darsan* and h close affinity with the divine. His commitment to God was radical. The ultima source of his power was prayer. His prayer life was constant and consistent. H used to pray hours before the Blessed Sacrament shedding tears. It was fro here that he learned the lessons of holiness. Receiving power and inspirati from his Master Jesus, he sanctified himself. In him we find a perfect integrati of a *Jnana Yogi, Karma Yogi,and a Bhakti Yogi.* The power he received fro this basic integration of wisdom and action with commitment to God, in tu sanctified and enriched the whole Church and the society through the pioneeri activities mentioned above.

Recognizing the personal sanctity of Fr. Kuriakose Elias Chavara, the Ho Father Popoe John Paul II beatified him in 1986. The Government of India al acknowledged his great services towards social reformation and released commemorative postal stamp in 1987. The present *Jayanthi year* must be ma a golden time to make deeper studies and extensive researches on the vast a significant contributions of this precious pearl of our Country.



എഡിറ്റോറിയൽ

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ: ദൈവത്തിനും ജനത്തിനുംവേണ്ടി...

*ഫാ. ജോസ് പാലാട്ടി സി.എം.ഐ.*
ചീഫ് എഡിറ്റർ

പൗരോഹിത്യ സന്ന്യാസ സമർപ്പിത ജീവിതങ്ങൾ ദൈവത്തിനും ദൈവികകാര്യങ്ങൾക്കുമായി നീക്കിവെയ്ക്കപ്പെട്ടതാണെന്നു തിരുവചനങ്ങളും, നാളിതുവരെയുള്ള സഭാചരിത്രങ്ങളും പാരമ്പര്യങ്ങളും വ്യക്തമാക്കുന്നു. പക്ഷേ, ഇക്കാര്യത്തിൽ കാര്യമായ മാതൃകകളോ ബാഹ്യപ്രേരണകളോ ഇല്ലാതിരുന്ന സാഹചര്യത്തിൽ, വാഴ്ത്തപ്പെട്ട ചാവറയച്ചന് തികച്ചും ആന്തരികമായ പ്രചോദനങ്ങളും സാഹചര്യങ്ങളുടെ ആവശ്യങ്ങളും മാത്രമാണ് നിമിത്തമായിത്തീർന്നത്. അന്നത്തെ പരിമിതമായ പുരോഹിതശുശ്രൂഷ വ്യാപകമാക്കുവാനും, ആക്കം കൂട്ടുവാനും അദ്ദേഹം ആഗ്രഹിച്ചു. ഒപ്പം, പൗരോഹിത്യശുശ്രൂഷയുടെ പരിമിതികളെ കണക്കിലെടുത്ത്, സമർപ്പിത ജീവിതത്തിലൂടെ പ്രാർത്ഥനാ ബദ്ധമായ പ്രവർത്തനങ്ങൾക്ക് (Prayer bound Actions) ഊന്നൽ കൊടുത്തും, പുതിയൊരു ജീവിതചര്യയ്ക്ക് ആരംഭം കുറിക്കാൻ ചാവറയച്ചൻ ശ്രമിച്ചു. അതു തികച്ചും വിജയിച്ചു. ഇന്ന്, എല്ലാ ഭൂഖണ്ഡങ്ങളിലും വ്യാപിച്ചു കിടക്കുന്ന സി.എം.ഐ. & സി.എം.സി. സഭകളുടെ പ്രവർത്തന ശൃംഖലയുടെ ആരംഭവും ആദിചൈതന്യവും തീർച്ചയായും ചാവറയച്ചന്റെതുതന്നെയാണ്.

## ചാവറ - വളർച്ചയെത്തിയ മനുഷ്യൻ

വിശ്വവിഖ്യാതകവിയും ചിന്തകനുമായ രവീന്ദ്രനാഥ ടാഗോറിന്റെ ദാർശനിക ചിന്താധാരയിൽ പ്രകാശിതമായൊരാശയം ഇങ്ങനെയാണ്: വളർന്ന മനുഷ്യനാണത്രേ, സ്വയം മറന്ന്, ദൈവത്തിനും ജനത്തിനുമായി ജീവിക്കാനും പ്രവർത്തിക്കാനും തുനിയുന്നത്. അദ്ദേഹം തുടർന്നു പറയുന്നു: "മനുഷ്യൻ തന്റെ ശൈശവ കാലങ്ങളിൽ കാണുന്നതും കിട്ടുന്നതുമൊക്കെ (പ്രത്യേകിച്ചു കളിപ്പാട്ടങ്ങൾ) സ്വന്തമാക്കി വയ്ക്കുന്നു. എന്നാൽ, യൗവ്വനം കഴിഞ്ഞു, വാർദ്ധക്യമാകുമ്പോൾ, ജ്ഞാനത്തിലും പ്രായത്തിലും വിശുദ്ധിയിലും വർദ്ധിതനാകുമ്പോൾ, പൂർണ്ണമായും മറ്റുള്ളവർക്കായി ജീവിക്കാൻ തുടങ്ങുന്നു". ഈ വാർദ്ധക്യം, വയസ്സാകുന്ന, കിഴവനാകുന്ന അവസ്ഥയല്ല; മറിച്ച്, വ്യക്തിത്വത്തിൽ വർദ്ധിതമായ, വളർച്ചവന്ന അവസ്ഥയാണ്. "Man-for others", "Man perfected" എന്നയവസ്ഥയാണിത്; ഇത് യേശുവിനെക്കുറിച്ചാണ് ആദ്യമായും

അധികമായും പറയാനാവുക; പിന്നെ, അവിടുത്തെ ചൈതന്യം ഉൾക്കൊണ്ട്, അവിടുത്തെ കാലടികളെ പിന്തുടരുന്ന സിദ്ധന്മാരെക്കുറിച്ചും പറയാനാവും. ഇവ്വിധമൊരു അവസ്ഥയിലേയ്ക്കാണു വാഴ്ത്തപ്പെട്ട ചാവറയച്ചൻ എത്തിനിന്നത്.

മറ്റുള്ളവർക്കുവേണ്ടി നീക്കിവെയ്ക്കപ്പെട്ട ജീവിതമാണ് (ordained for) പൗരോഹിത്യത്തിന്റേത്. എങ്കിലും, അതിന്റെ പൂർണ്ണവും പ്രഫുല്ലിതവുമായ അവസ്ഥ ആഗ്രഹിച്ചുകൊണ്ടാണ് സന്ന്യാസസമർപ്പിതജീവിതം പുൽകാൻ ചാവറയെ പ്രേരിപ്പിച്ചത്. ഈ ലക്ഷ്യം പൂർണ്ണമായും സാധിതമായിയെന്നുകരുതാൻ അദ്ദേഹത്തിന്റെ ജീവിതകഥ വ്യക്തമാക്കുന്നു.

ഇന്ന് പൗരോഹിത്യസമർപ്പിത ജീവിതങ്ങളുടെ പ്രവർത്തനമേഖലകൾ വിപുലമായിട്ടുണ്ടെങ്കിലും, നിയുക്തരായവരുടെ ആവശ്യങ്ങളും അവശതകളും ഏറിവരുകയും ഹൃദയങ്ങൾ സങ്കുചിതമാവുകയും ചെയ്തുവരുന്നുവെന്നത് ഖേദകരമത്രേ! അതിനാൽ വ്യക്തിപരമായ ആവശ്യങ്ങളും അവശതകളും പരിഹൃദമാക്കാനുള്ള വ്യഗ്രതയിൽ, യഥാർത്ഥ അവശരുടെ ഏങ്ങലടികൾ കേൾക്കാനും അവരെ പരിചരിക്കാനും പലപ്പോഴും സാധിക്കാതെ പോകുന്നു, മറ്റൊരുവിധത്തിൽ പറഞ്ഞാൽ. വളർച്ചവരാത്ത മനുഷ്യരായി സങ്കുചിതവും ബാലിശവുമായ തടസ്സങ്ങളാൽ സമർപ്പിതർ തരംതാണുപോകുന്നു. അതിനാൽ തനിക്കുതന്നെയായിട്ട് 'കളിപ്പാട്ടങ്ങൾ (Toys)' വാരിക്കൂട്ടി സൂക്ഷിച്ച് സുഖിക്കുന്നവരായി അവർ മാറുന്നു. കളിപ്പാട്ടങ്ങളുടെ സ്ഥാനത്ത് പണിയുപകരണങ്ങൾ (Tools) പേറേണ്ടവരാണെന്ന തിരിച്ചറിവാണിന്ന് ആവശ്യമായിരിക്കുന്നത്. അദ്ധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും, തന്റെ സവിധത്തിലേയ്ക്ക് ആഹ്വാനം ചെയ്യുന്നവനാണ് ക്രിസ്തു. അവിടുത്തെ ആദർശമായിട്ട് സ്വീകരിക്കാനും, അവിടുന്നു വഹിച്ച കുരിശും, അവിടുന്നു മരിച്ച കുരിശും, ലഘുവും, മധുരമേറിയതുമായി സ്വീകരിക്കാനുമാണ് സമർപ്പിതർ ശ്രദ്ധിക്കേണ്ടത്. കർത്താവിന്റെ ആ കുരിശ് അദ്ധ്വാനത്തിന്റെ ചിഹ്നവും രക്ഷയുടെ അടയാളവുമാണ്.

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ രണ്ടാം ജന്മശതാബ്ദി ആഘോഷിക്കുന്ന ഇത്തരുണത്തിൽ, ആ വന്ദ്യപിതാവിനെ മാതൃകയാക്കിക്കൊണ്ടും, അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം തേടിക്കൊണ്ടും, വളർച്ചവന്ന മനുഷ്യരായിത്തീരുകയായിരിക്കും ഏറ്റം കരണീയമായിട്ടുള്ളത്. ❑

അനുവാചകരിൽനിന്നും ക്രിയാത്മകമായ പ്രതികരണങ്ങളും അഭിപ്രായങ്ങളും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

Editor
C-Mission
C.M.I. Generalate
P.B. No.1056
Ernakulam - 682 011

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഭാരത സഭയുടെ ഉജ്ജ്വല താരം



*Major Archbishop His Eminence*
*Cardinal Varkey Vithayathil*

ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്നത് വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസച്ചൻ ജനിച്ചിട്ട് 200 വർഷം തികയുന്ന ജയന്തിവത്സരത്തിന്റെ സമാരംഭമത്രെ. ഈ വർഷം മുഴുവനും ജൂബിലി വർഷം ആയിരിക്കും. ഈ ആഘോഷങ്ങൾക്ക് ഇന്ന് നേതൃത്വം നൽകുവാനായി വരാനിരുന്നത് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രിഫെക്ട് കർദ്ദിനാൾ മൂസ ആയിരുന്നു. അദ്ദേഹം ഇന്നിവിടെ വരാമെന്ന് സമ്മതിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന് ഇന്ന് എത്തിച്ചേരുവാൻ സാധിക്കാഞ്ഞതുകൊണ്ട് ഈ ആഘോഷങ്ങളുടെ നേതൃത്വം നൽകുന്നതിനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. അതിന് ദൈവത്തിന് നന്ദി. 5 മെത്രാന്മാരോടൊപ്പം 200 ലേറെ വൈദീകരോടുമൊന്നിച്ച് ഇവിടുത്തെ, മാന്നാനത്തെ മാത്രമല്ല, ഈ പ്രദേശത്തെ ദൈവജനത്തോടൊരുമിച്ച് ഈ ജൂബിലിയുടെ ആരംഭത്തെക്കുറിക്കുന്ന, ദിവ്യബലി അർപ്പിച്ച് ചാവറക്കുറിയാക്കോസച്ചൻവഴി സീറോ മലബാർ സഭയ്ക്കും കേരളത്തിനും ഭാരതത്തിനും ഉണ്ടായിട്ടുള്ള എല്ലാ നന്മകൾക്കും ദൈവത്തിന് നന്ദി പറയുവാൻ എനിക്ക് സാധിച്ചു. അതിൽ ഞാൻ വളരെ സംതൃപ്തനാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ഇത് എന്റെ അവകാശം കൂടിയാണെന്ന് തോന്നുന്നു. കാരണം സീറോ മലബാർ സഭയിലെ എല്ലാ അംഗങ്ങളുടെയും മേൽ അധികാരമുണ്ടായിരുന്ന ഒരു വികാരി ജനറാളായിരുന്നു ചാവറയച്ചൻ അന്നത്തെക്കാലത്ത്. ഇന്ന് ദൈവപരിപാലനയിൽ സീറോ മലബാർ സഭയുടെ അദ്ധ്യക്ഷനായിട്ട് ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുകയാണ്. അതുകൊണ്ട് ഒരുവിധത്തിൽ പറഞ്ഞാൽ ഞാൻ ചാവറ കുരിയാക്കോസച്ചന്റെ പിൻഗാമിയാണെന്ന് പറയാം. അപ്പോൾ ഈ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുവാനായി അല്പം അവകാശം കൂടി എനിക്കുണ്ടെന്ന് ഞാൻ പറയുകയാണ്.

ഈ ജൂബിലി വർഷത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ഞാൻ നിങ്ങൾക്ക് എവർക്കും നേരുന്നു. പ്രത്യേകിച്ച് സി.എം.ഐ. സഭാംഗങ്ങൾക്കും സി.എം.സി. സഭാംഗങ്ങൾക്കും. കാരണം ഈ സഭകൾ ചാവറ കുര്യാക്കോസച്ചൻ സ്ഥാപിച്ച സഭകളാണ്. ഇന്ന് വളർന്നു പന്തലിച്ച് വടവൃക്ഷമായിട്ട് ഇന്ത്യമാത്രമല്ല ലോകം മുഴുവൻ സേവനം അനുഷ്ഠിക്കുന്ന സഭകളാണ് സി.എം.ഐ. സഭയും സി.എം.സി. സഭയും.

എനിക്ക് ചാവറ കുര്യാക്കോസച്ചനോട് ഒരു പ്രത്യേക ബന്ധമുണ്ടെന്നുള്ളതിന് കാ
ണം, ഞാൻ ഏതാണ്ട് 50 വർഷങ്ങൾക്ക് മുമ്പ് റോമിൽ പരിശുദ്ധ സിംഹാസനത്തി
രേഖാലയത്തിൽ റിസേർച്ച് ചെയ്തുകൊണ്ടിരുന്നപ്പോൾ ചാവറയച്ചന്റെ വിശുദ്ധി
ക്കുറിച്ച് വളരെ നല്ല രണ്ടു രേഖകൾ എനിക്ക് കിട്ടി. അത് അന്നുവരെ വെളി
കണ്ടിട്ടുള്ളവയായിരുന്നില്ല. അന്ന് കിട്ടിയതുമുഴുവൻ ഞാൻ കോപ്പികളെടുത്ത് ഇവി
തിരിച്ചുവന്നപ്പോൾ അന്ന് ചാവറ കുര്യാക്കോസച്ചന്റെ നാമകരണ പരിപാടികളു
അദ്ധ്യക്ഷന് അയച്ചു കൊടുത്തു. നാമകരണപരിപാടിക്ക് എന്തെങ്കിലും നന്മയുണ്
കട്ടെ എന്ന ഉദ്ദേശത്തോടുകൂടി. അതുകൊണ്ടാവണം താമസിയാതെ എന്നെ ഇവി
മാന്നാനത്ത് ഈ നാമകരണ കോടതിയിൽ സാക്ഷ്യം നൽകാനായിട്ടു വിളിച്ചു. ഞാ
അന്ന് ഒരു വൈദീകനായിരുന്നു. ആദ്യമായിട്ടാണ് ഞാൻ അന്ന് മാന്നാനത്തു വ
ത്. പിന്നീട് മെത്രാനായിത്തീർന്ന പൗളിനൂസ് ജീരകത്തു പിതാവായിരുന്നു ആ കോ
തിയുടെ അദ്ധ്യക്ഷൻ. അപ്പോൾ ഞാൻ പറഞ്ഞു, എനിക്കു റോമിൽനിന്നും കിട്ടിയ
വളരെ പ്രധാനപ്പെട്ട രേഖകളാണ്. അത് അദ്ദേഹത്തിന്റെ വിശുദ്ധിയെ കാണിക്കു
താണ്. എന്റെ ബാല്യകാലം മുതൽ തന്നെ ഈ അച്ചൻ വലിയൊരു വിശുദ്ധനാ
എന്ന് ഞാൻ ജനിച്ച പ്രദേശത്തെ ആളുകൾ പറഞ്ഞു കേട്ടിട്ടുണ്ട്. എന്റെ ഇടവ
വരാപ്പുഴ പുത്തൻപള്ളി ഇടവകയാണ്. ആ ഇടവകയിലാണ് കൂനമ്മാവ് സ്ഥിതി
യ്യുന്നത്. കൂനമ്മാവിലാണ് ചാവറയച്ചൻ അവസാനത്തെ 8 വർഷത്തോളം ജീവിച്ച
അതുപോലെ തന്നെ അവിടെ തന്നെയാണ് ദിവംഗതനായതും.

ചാവറ കുര്യാക്കോസച്ചൻ ചെയ്ത കാര്യങ്ങളെക്കുറിച്ചൊന്നും വിവരിക്ക
ആവശ്യമില്ല. കുർബാന മദ്ധ്യേ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് ഇവയെക്കു
ച്ചെല്ലാം വളരെ വിവരിച്ചു തന്നു. അദ്ദേഹം സമൂഹത്തിനും കേരളത്തിനും അ
പോലെ തന്നെ വിദ്യാഭ്യാസസംസ്കാരിക രംഗങ്ങളിലുമൊക്കെ മഹത്തായ സേവന
ചെയ്തിട്ടുണ്ട്. അദ്ദേഹം കേരളം കണ്ട വലിയൊരു മഹത് വ്യക്തിയാണ് എന്നു
തിന് യാതൊരു സംശയവുമില്ല. ഇന്ത്യാഗവർണ്മെന്റു തന്നെ അദ്ദേഹത്തിന്റെ ഒ
പോസ്റ്റൽ സ്റ്റാമ്പ് പ്രസിദ്ധപ്പെടുത്തി. അതിൽനിന്നുതന്നെ അറിയാം ഭാരതം അ
ഹത്തെ എന്തുമാത്രം ബഹുമാനിക്കുന്നു എന്ന്. രണ്ടു കാര്യങ്ങളാണ് ഇവിടെ ഞാ
പ്രത്യേകം സൂചിപ്പിക്കുന്നത്. ഒന്ന് വിദ്യാഭ്യാസരംഗത്ത് അദ്ദേഹം ഒരു കല്പന പു
പ്പെടുവിപ്പിച്ചത്. വികാരി ജനറാളായിരുന്നപ്പോൾ ശിക്ഷയിൻ കീഴിൽ എല്ലാ ഇടവ
വൈദീകർക്കും ഒരു കല്പന. ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടം സ്ഥാപിക്ക
മെന്നുള്ളത്. അന്ന് സുറിയാനി കത്തോലിക്കർ വളരെ പിന്നോക്കമായിരുന്നു വിദ്യ
ഭ്യാസരംഗത്ത്. കൂടാതെ ദളിതർക്ക് അന്ന് സവർണ്ണരുടെ വിദ്യാലയങ്ങളിൽ പ്രവേ
നമില്ലായിരുന്നു. എന്നാൽ നമ്മുടെ പള്ളി സ്കൂളുകളിൽ അദ്ദേഹം അവർക്ക് പ്ര
ശനം നൽകി. അത് വലിയൊരു കാര്യമാണ്. പ്രസിദ്ധീകരണ രംഗത്തും അദ്ദേഹ
കാലെടുത്തുവച്ചു. അദ്ദേഹം ഒരു കവിയുമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഒ
വലിയ സംഭാവന 1861 ൽ റോക്കോസ് മെത്രാൻ ഇവിടെ വന്നപ്പോഴാണ്. മിക്കവാറു
സുറിയാനി കത്തോലിക്കർ മുഴുവൻതന്നെ റോക്കോസിന്റെ കൂടെ പോകാൻ തയ്യാറ
യിരുന്നു. അനേകം പള്ളികൾ അദ്ദേഹത്തെ സ്വീകരിച്ചു. ഒരു ശീശ്മ മെത്രാ

ആയിരുന്നു റോക്കോസ്. അന്ന് ചാവറ കുര്യാക്കോസ് അച്ചൻ ഇല്ലായിരുന്നുവെങ്കിൽ തീർച്ചയായിട്ടും മാനുഷികമായിട്ട് പറയുകയാണെങ്കിൽ ഇന്നത്തെ ഇവിടുത്തെ വ്യക്തിസഭ, മാർത്തോമ്മ ശ്ലീഹ സ്ഥാപിച്ച വ്യക്തിസഭ, വഴിതെറ്റിപ്പോകുമായിരുന്നു. അങ്ങനെ കേരള സഭയ്ക്കുവേണ്ടി ചാവറയച്ചൻ നല്കിയ സംഭാവനകൾ നിസ്തുലങ്ങളാണ്.

എന്നാൽ, ഇവയുടെയൊക്കെ യഥാർത്ഥ ശ്രോതസ് അദ്ദേഹത്തിന്റെ ആഴമായ ആദ്ധ്യാത്മികതയായിരുന്നു. ദൈവത്തിൽ ജീവിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ദൈവസ്നേഹത്തിൽ മുഴുകിയുള്ള ജീവിതമായിരുന്നു അത്. പ്രൗഢിയും ആഢംബരവും ഒന്നും അദ്ദേഹം ആഗ്രഹിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കി മറ്റുള്ളവർക്കു സേവനം ചെയ്യുക, അതായിരുന്നു സുവിശേഷത്തിൽനിന്ന് അദ്ദേഹം പഠിച്ചിരുന്നത്. വലിയ പണ്ഡിതനായിരുന്നു. ബൈബിളിൽ വലിയ പാണ്ഡിത്യമുണ്ടായിരുന്നു. കാവ്യങ്ങളും കവിതകളുമെല്ലാം എഴുതിയിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയാണ് ഏറ്റമധികം നമ്മെ സ്പർശിക്കേണ്ടത്. മറ്റുള്ളവർക്ക് ഒരുദിവസം സേവനം ചെയ്തില്ലെങ്കിൽ ആ ദിവസം നഷ്ടപ്പെട്ടതായിട്ടാണ് ചാവറ കുര്യാക്കോസച്ചൻ കണക്കാക്കിയിരുന്നത്. അതുപോലെതന്നെ മാമോദീസായിൽ ലഭിച്ച വരപ്രസാദം എപ്പോഴും നിലനിർത്തിക്കൊണ്ട്, മരണംവരെ ആ ദൈവവരപ്രസാദം നിലനിർത്താൻ സാധിച്ചു എന്ന് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിരിക്കുന്നതിനു സാക്ഷ്യം നൽകിയിരിക്കുന്നത് അദ്ദേഹത്തിന്റെ ഉത്തമ സ്നേഹിതനും ആധ്യാത്മിക ഗുരുവുമായിരുന്ന ലയോപോൾഡ് മിഷനറിയാണ്. ദൈവത്തിന്റെ ജീവൻ അദ്ദേഹത്തിൽ പ്രവർത്തിച്ചിരുന്നു. ആ ജീവൻ മൂലം മാത്രമാണ് തന്നെതന്നെ മറന്നുകൊണ്ട് തന്റെ ജീവിതം മുഴുവൻ സേവനത്തിനുവേണ്ടി അദ്ദേഹം സമർപ്പിച്ചത്. അതുകൊണ്ട് ഈ അവസരത്തിൽ നിങ്ങളോടെല്ലാവരോടും പ്രത്യേകിച്ച് സി.എം.ഐ., സി.എം.സി. സഭയിലുള്ള അംഗങ്ങളോട് എനിക്കു പറയുവാനുള്ളത് ഇതാണ് നിങ്ങൾക്ക് ബാഹ്യമായിട്ട് വളരെ വളർച്ചയൊക്കെ ഉണ്ടായിട്ടുണ്ടാവാം. പക്ഷെ ആന്തരീകമായിട്ടുള്ള വളർച്ച ത്വരിതപ്പെടുത്തണം, ശക്തിപ്പെടുത്തണം. ഈ ജൂബിലി വർഷത്തിൽ ഏതാണ്ട് നൂറ് ശതമാനംതന്നെ നിങ്ങളുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയട്ടെ. വ്യക്തി ജീവിതത്തിലും സമൂഹ ജീവിതത്തിലും അതിന് സാക്ഷ്യം നൽകുക. ഇതായിരിക്കണം നിങ്ങളുടെ ഏറ്റവും വലിയ ആഘോഷം.

*(അത്യുന്നത കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് 2004 ജനുവരി 3 ന് മാന്നാനത്തു നടന്ന ചാവറ ജയന്തി വത്സര പൊതു സമ്മേളത്തിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽനിന്നും)*

# കുടുംബ ഭദ്രതയുടെ പ്രവാചകനായ ചാവറയച്ചൻ

*Mar Joseph Powathil*
*Archbishop of Changanassery*



കേരളം കണ്ട ഏറ്റവും വലിയ ആദ്ധ്യാത്മീയ ഗുരുക്കളിൽ ഒരാളാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഒരു ആദ്ധ്യാത്മിക മനുഷ്യനായിരുന്നു. അതോടൊപ്പംതന്നെ മാനുഷികമായി യാതൊന്നും അദ്ദേഹത്തിന് അന്യമായിരുന്നില്ല. ദൈവത്തിന്റെ മഹത്വം മനുഷ്യന്റെ മാഹാത്മ്യം കൂടിയാണ് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് മാനുഷികമായ എല്ലാ തലങ്ങളിലും അദ്ദേഹത്തിന് താല്പര്യം ഉണ്ടായിരുന്നു. എല്ലാത്തിന്റെയും സുസ്ഥിതിയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്ന് വേണം പറയുവാൻ. അങ്ങനെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് നമുക്ക് ഏറെ ഓർമ്മിക്കുവാൻ ഉണ്ടാകും. രണ്ട് കാര്യങ്ങൾ പറയുവാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഒരു ചെറിയ ഗ്രന്ഥമാണ് എന്നെ വാഴ്ത്തപ്പെട്ട ചാവറയച്ചനുമായി പരിചയപ്പെടുത്തിയത്, "നല്ല അപ്പന്റെ ചാവരുൾ" എന്ന് പറയുന്ന ആ ചെറു ഗ്രന്ഥം. അത് ഞാൻ ചെറുപ്പമായിരുന്ന വേളയിൽ ഈ പ്രദേശത്തൊക്കെ കുടുംബങ്ങളിൽ ഉണ്ടായിരുന്ന ഒരു ഗ്രന്ഥമാണ്. അദ്ദേഹംതന്നെ കുടുംബക്കാർക്കായി എഴുതുന്നതാണ്. അന്ന് പല കുടുംബങ്ങൾക്കും അതു പ്രയോജനപ്പെട്ടു. എല്ലാ ഇടവകകൾക്കും സഹായകമാകുമെന്ന് കരുതി അത് അച്ചടിച്ച് മാന്നാനത്തുനിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ കുടുംബങ്ങളുടെ ഭദ്രതയെക്കുറിച്ചാണ് അദ്ദേഹം കാര്യമായി പ്രതിപാദിക്കുന്നത്. കുടുംബങ്ങളിൽ ചിട്ടയും ക്രമവും ഉണ്ടായിരിക്കണം. ഇതിന് മറ്റൊരു വിധത്തിൽ "ക്രിസ്തീയ കുടുംബചട്ടം" എന്ന് പറയാമെന്ന് തോന്നുന്നു. അങ്ങനെ ക്രിസ്തീയ കുടുംബങ്ങളിൽ ചില ചട്ടങ്ങളും തഴക്കങ്ങളും നിയമങ്ങളുമെല്ലാം ഉണ്ടായിരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അതിനുവേണ്ട കാര്യങ്ങൾ അദ്ദേഹം പറഞ്ഞുകൊടുക്കുകയായിരുന്നു. കുടുംബത്തിന്റെ സുസ്ഥിതി സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം തനിക്ക് ഏറ്റവും പ്രിയപ്പെട്ട ആളുകൾക്ക് നൽകിയ ഉപദേശങ്ങളാണ് അതിലുള്ളത്. അത് തീർച്ചയായും ഇന്നും നാം ശ്രദ്ധിക്കേണ്ടതാണ്. ഇന്നും ഏറ്റവും അനുപേക്ഷണീയമായ കാര്യം കുടുംബങ്ങളുടെ ഭദ്രതയാണ്. കുടുംബ ഭദ്രതയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഈ ഗ്രന്ഥം തീർച്ചയായും ഒരു മാർഗ്ഗ ദർശനം ആയിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ മുകളിൽ സൂചിപ്പിച്ചതുപോലെ ചിട്ടകൾ ഉണ്ടാവണം. ആ ചിട്ടകൾ നമ്മുടെ ജീവിതം ഭദ്രതമാക്കും. പരസ്പരം ഉണ്ടായിരിക്കേണ്ട ബന്ധങ്ങളിൽ നാം നിഷ്ഠ പാലിക്കുമ്പോൾ നമ്മുടെ ജീവിതം ഭദ്രമായി തീരുകയാണ് ചെയ്യുന്നത്.

രണ്ട് ദിവസം മുമ്പ് പരിശുദ്ധ പിതാവ് പ്രസിദ്ധീകരിച്ച ലോകസമാധാനദിന സന്ദേശത്തിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം ഇതാണ് നമ്മൾ ക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ ക്രമങ്ങളുണ്ട്. International order. അവിടുത്തെ നിയമങ്ങൾ, ക്രമങ്ങൾ ഒക്കെ പാലിക്കാതെ നമുക്ക് ഇനി ശാന്തിയെക്കുറിച്ച് പറയാൻ ആവില്ല. ശാന്തിയെക്കുറിച്ച് നാം പഠിപ്പിക്കുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട

ഒരു കാര്യം ഇതാണ് ക്രമങ്ങൾ, പതിവുകൾ, നിയമങ്ങൾ ചട്ടങ്ങൾ, നിയമങ്ങൾ സമാധാനത്തിന് വേണ്ടിയുള്ളതാണ്. പരിശുദ്ധ പിതാവ് ഊന്നൽ കൊടുത്ത് പറഞ്ഞു വെയ്ക്കുന്ന ഒരു കാര്യം നിയമങ്ങളും ചട്ടങ്ങളും തീർച്ചയായിട്ടും കുടുംബങ്ങളിലും ഉണ്ടായിരിക്കണമെന്നതാണ്. അത് ഇല്ലാതെ പോകുന്നതുകൊണ്ടാണ് പലപ്പോഴും നമ്മുടെ കുടുംബങ്ങളിൽ വഴക്കുണ്ടാകുന്നത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധങ്ങൾ, മാതാപിതാക്കളും മക്കളുമായിട്ടുള്ള ബന്ധങ്ങൾ, അയൽക്കാരുമായിട്ടുള്ള ബന്ധത്തിൽ എല്ലാം ഉണ്ടായിരിക്കേണ്ട ക്രമങ്ങൾ, പതിവുകൾ എല്ലാമുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ ആമുഖമായിട്ട് അദ്ദഹം എഴുതിയിട്ടുള്ളത് നല്ല ക്രിസ്തീയ കുടുംബങ്ങൾ ആകാശമോക്ഷത്തിന് സദൃശ്യമാണെന്നാണ്. തീർച്ചയായിട്ടും ഇങ്ങനെയുള്ള ക്രിസ്തീയ ക്രമങ്ങൾ പരസ്പരമുള്ള ബന്ധങ്ങളിൽ പാലിക്കുകയാണെങ്കിൽ അത് കുടുംബത്തിന് മാത്രമല്ല സമൂഹത്തിനും വലിയൊരു നേട്ടമായിരിക്കും. മറ്റൊരു കാര്യം അദ്ദേഹം മാധ്യമങ്ങളുടെ കാര്യത്തിൽ കാണിച്ച ശ്രദ്ധയാണ്. അത് അഭിവന്ദ്യ കർദ്ദിനാൾ പിതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു അച്ചടിശാല സ്ഥാപിക്കുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ വളരെ ക്ലേശിക്കുകയുണ്ടായി. അക്കാലത്ത് അതിന്റെ ഒരു മാതൃക കാണുവാൻ, എങ്ങനെ ഒരു പ്രസ് ഉണ്ടാക്കാമെന്നതിനെക്കുറിച്ച് അറിയാനൊന്നും അത്ര എളുപ്പമായിരുന്നില്ല. സർക്കാരിന്റെയടുക്കൽ അനുവാദം വാങ്ങുവാനാണെങ്കിൽപോലും ഇന്നത്തെപ്പോലെ അന്നും വളരെയധികം പ്രയാസങ്ങൾ ഉണ്ടായിരുന്നു.

മാധ്യമങ്ങളുടെ കാര്യത്തിൽ നാം കാണിക്കേണ്ട ഉത്സാഹം വളരെ പ്രധാനപ്പെട്ടതാണ്. മാധ്യമങ്ങളിൽ ഏതൊക്കെ നാം സ്വീകരിക്കണം? നമുക്ക് എതിരെ വലിച്ചെറിയപ്പെടുന്ന വാർത്തകളും വീക്ഷണങ്ങളും അല്ലെങ്കിൽ അതുപോലുള്ള മറ്റ് അഭിപ്രായങ്ങൾ ഇവയിലൊക്കെ ഏതിനെ സ്വീകരിക്കണം, ഏതിനെ എതിർക്കണം, മാധ്യമങ്ങളെ എങ്ങനെയാണ് വിലയിരുത്തേണ്ടത് എന്നതിനെയൊക്കെക്കുറിച്ച് നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാട് ആവശ്യമാണ്. അതിന് ഒരു വലിയ ദർശനം വാഴ്ത്തപ്പെട്ട ചാവറയച്ചന് അന്നേ ഉണ്ടായിരുന്നുവെന്നുള്ളത് വളരെ സ്പഷ്ടമാണ്. മിക്കവാറും ഇതിന്റെ പ്രാധാന്യംകൂടി മനസ്സിലാക്കിക്കൊണ്ടാവണം പിൻകാലത്ത് ദീപികയും മറ്റും പ്രസിദ്ധീകരിക്കാൻ ഇടയായത്. മാധ്യമങ്ങൾ നമ്മിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് നമ്മളും അറിവുള്ളവരായിരിക്കേണ്ടതാണ്. മാധ്യമങ്ങളെ കൂടുതലായി ഉപയോഗിക്കുക എന്നത് മാത്രമല്ല; മാധ്യമങ്ങളെ വേണ്ട രീതിയിൽ ഉപയോഗിക്കുവാനുള്ള ബോധനം വരുന്ന തലമുറയ്ക്ക് നാം നൽകേണ്ടതായിട്ടുമുണ്ട്. അതില്ലെങ്കിൽ നമുക്കു ഭാവി നല്ലതാക്കുവാൻ സാധിക്കില്ല.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും ശ്രദ്ധ തിരിച്ച ആളാണ്. സാമൂഹിക പ്രവർത്തനം, വിദ്യാഭ്യാസപ്രവർത്തനം ഇവയെക്കുറിച്ചൊക്കെ നമുക്ക് ഏറെ പറയുവാനായിട്ടുണ്ട്. പക്ഷെ അടിസ്ഥാനപരമായിട്ട് അദ്ദേഹം ഒരു ആദ്ധ്യാത്മിക മനുഷ്യനായിരുന്നു. അതുകൊണ്ടാണ് മരണക്കിടക്കയിലും അദ്ദേഹത്തിന് മാമോദീസായിൽ കൈവന്ന ആ നൈർമ്മല്യം കാത്തുസൂക്ഷിക്കുവാൻ സാധിച്ചത്. ആ നൈർമല്യത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാറ്റിനേയും ഇങ്ങനെ നിഷ്പക്ഷമായി വീക്ഷിക്കുവാൻ ആവശ്യമായ കാര്യങ്ങളെല്ലാം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞത്. ആ ആദ്ധ്യാത്മികത മനസ്സിലാക്കാൻ, ആ പരിശുദ്ധിയുടെ പാതയിലൂടെ മുമ്പോട്ടു പോകാൻ, ഈ ജയന്തി വത്സരം എല്ലാവർക്കും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

*(മാന്നാനത്ത് ചാവറ ജയന്തി വത്സര സമാരംഭ പൊതുസമ്മേളനത്തിൽ നടത്തിയ അധ്യക്ഷപ്രസംഗം)*

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ: ഭാരതീയ ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രണേതാവ്.



*Mar Kuriakose Kunnassery*
*Bishop of Kottayam*

പ്രകൃതിരമണീയമായ ഈ മാന്നാനം കുന്നിൽ, പ്രശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ, പച്ചവില്ലുസു പോലെയുള്ള 'വടക്കൻ കുട്ടനാട്' എന്നു വിശേഷിപ്പിക്കുന്ന നെൽപ്പാടങ്ങളെ നോക്കി തലയുയർത്തി നില്ക്കുന്ന ഈ ആശ്രമത്തിൽ ഇന്ന് വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ജന്മ ദിശതാബ്ദി കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് നാം ദിവ്യബലി അർപ്പിക്കുകയാണല്ലോ.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് അച്ചനെ ഓർക്കുമ്പോൾ .യൂറോപ്യൻ സന്ന്യാസ സഭകളുടെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ ബനഡിക്ടിനെയാണ് ഞാൻ അനുസ്മരിക്കുക. അഞ്ചാം നൂറ്റാണ്ടിൽ വി. ബനഡിക്റ്റ് തുടങ്ങിയ ബനഡിക്ടൻ സഭയുടെ നിയമാവലിയെ അനുകരിച്ചാണ് പിന്നീട് യൂറോപ്പിൽ ധ്യാനാത്മകവും പ്രവർത്തനോന്മുഖവുമായ, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള സമൂഹങ്ങൾ ഉടലെടുത്തത്. അവയ്ക്കെല്ലാം ഉണർവും ഉത്തേജനവും നൽകിയത് ലോകപ്രസിദ്ധമായ മോന്തേ കസിനോ ആശ്രമം ആയിരുന്നു. സുറിയാനി ക്രിസ്ത്യാനികൾക്ക് തനതായി ഒരു രൂപതയോ മെത്രാനോ ഇല്ലാതിരുന്ന കാലഘട്ടത്തിൽ അന്നത്തെ ലത്തീൻ മെത്രാന്മാരുടെ അനുവാദത്തോടുകൂടി പാലയ്ക്കലച്ചന്റേയും പോരൂക്കര അച്ചന്റേയും സഹകരണത്തോടുകൂടി വാഴ്ത്തപ്പെട്ട ചാവറ പിതാവ് ആരംഭിച്ച കേരള കർമ്മലീത്താ സഭയും അതിന്റെ പ്രവർത്തനങ്ങളുമാണ് പിന്നീട് സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പല സമൂഹങ്ങൾ ഉണ്ടാകുവാൻ നിദാനമായത്. അതുകൊണ്ട് ചാവറ പിതാവിനെ 'ഭാരതീയ ബനഡിക്തോസ്' എന്നും മാന്നാനം ആശ്രമത്തെ 'ഭാരതീയ മോന്തേ കസിനോ' എന്നും നമുക്കു വിളിക്കാം.

കോട്ടയത്തുവച്ച് ചാവറപ്പിതാവിനെ വാഴ്ത്തപ്പെട്ടവനായി നമ്മുടെ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ 1986 ൽ പ്രഖ്യാപിച്ചതിനുശേഷം, എപ്പോഴെല്ലാം പരിശുദ്ധ പിതാവിനെ കണ്ടുവോ, അപ്പോഴെല്ലാം 'കുറിയാക്കോസേ' എന്ന് എന്നെ വിളിച്ച്, ഞാനെന്നും വാഴ്ത്തപ്പെട്ട കുര്യാക്കോസിനോട് പ്രാർത്ഥിക്കുന്നുണ്ടെന്ന് പറയുമായിരുന്നു. അതിനുകാരണം, നാമകരണം സംബന്ധിച്ച് ബഹു. വിത്തുവെട്ടിക്കൽ ലൂക്കാച്ചൻ തയ്യാറാക്കിയ ചാവറ പിതാവിന്റെ ജീവിതത്തെപ്പറ്റിയുള്ള പ്രബന്ധത്തിൽ നിന്ന് ചാവറയച്ചൻ കേരള സഭയ്ക്ക് നൽകിയ അതുല്യമായ നേതൃത്വത്തെപ്പറ്റി പരിശുദ്ധ പിതാവിന് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ്.

ചാവറ പിതാവ് കേരള സുറിയാനി സഭയ്ക്ക് നൽകിയ നേതൃത്വത്തിൽ മുഖ്യമായത് ഒരു ഏതദ്ദേശിയ സന്ന്യാസ സമൂഹത്തിന്റെ തുടക്കം കുറിച്ചതാണ്. അന്ന് കേരള കർമ്മലീത്തർ എന്നറിയപ്പെട്ടിരുന്ന ഈ വൈദികർ ഒരു ധ്യാനാത്മകജീവിതം

നയിക്കുകയും ഇടവകകളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുകയും ആളുകളുടെ കുമ്പസാരം കേൾക്കുകയും ചെയ്യുമായിരുന്നു. 'കൊവേന്തപ്പട്ടക്കാർ' എന്നാണ് ഈ വൈദികർ സാധാരണക്കാരുടെ ഇടയിൽ അറിയപ്പെട്ടിരുന്നത്. കാപ്പിപ്പൊടി നിറത്തിലുള്ള ളാവയും ബൽറ്റും അതിന്റെ മുകളിലായി എസ്ക്കപ്പ്ലാരയും കപ്പൂസും ധരിച്ചിരുന്ന ഈ വൈദികർ പള്ളിയിൽ കുമ്പസാരിപ്പിക്കാൻ വരികയാണെങ്കിൽ വിശ്വാസികൾ ദേശത്തു പട്ടക്കാരെക്കാൾ കൂടുതലായി ഇവരുടെ അടുക്കലേക്കാണ് പോയിരുന്നത്. ഇവർ നല്ലവരും വിശുദ്ധരുമാണെന്നുള്ള ഒരു ബോദ്ധ്യം സാധാരണക്കാരായ വിശ്വാസികൾക്കുണ്ടായിരുന്നു. ഈ സന്ന്യാസികളുടെ പരിശീലനത്തിന് മുഖ്യമായി നേതൃത്വം നൽകിയിരുന്നത് ചാവറ പിതാവായിരുന്നു.

ഇടവകകളുടെയും രൂപതകളുടെയും ആദ്ധ്യാത്മിക വളർച്ചയ്ക്കും അജപാലന ധർമ്മത്തിനും വിശുദ്ധരായ രൂപതാവൈദികർ ആവശ്യമാണെന്നുള്ള ബോധ്യം ചാവറ പിതാവിന് ഉണ്ടായിരുന്നതിനാൽ മാന്നാനം, എൽത്തുരുത്ത്, കൂനമ്മാവ് തുടങ്ങിയ സ്ഥലങ്ങളിൽ മല്പാന്മാരുടെ നേതൃത്വത്തിൽ വൈദിക പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഈ പുതിയ സന്ന്യാസികൾ സഹായിച്ചു. വൈദികരുടെ പ്രാർത്ഥനാജീവിതം ശക്തിപ്പെടുത്തുന്നതിന് ചാവറയച്ചൻ പൗരസ്ത്യ സുറിയാനിയിലുള്ള പ്രാർത്ഥനാഗ്രന്ഥങ്ങൾ പരിശോധിച്ച് സുറിയാനിയിൽ ഒരു നമസ്കാരപുസ്തകം ഉണ്ടാക്കി മേലദ്ധ്യക്ഷാനുമതിയോടുകൂടി അത് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്ന് രൂപതാവൈദികർക്കും സന്ന്യാസവൈദികർക്കും സന്ന്യാസിനികൾക്കുമൊക്കെ നമസ്കാര പുസ്തകങ്ങളുണ്ട്. പക്ഷെ ഇതിനുള്ള തുടക്കം കുറിച്ചത് ചാവറ പിതാവാണെന്നുള്ള കാര്യം അധികമാർക്കും അറിഞ്ഞുകൂടാ.

കാലത്തിന്റെ ചുവരെഴുത്തുകൾ നല്ലതുപോലെ മനസ്സിലാക്കിയിരുന്ന ചാവറയച്ചൻ മുദ്രാലയ പ്രേഷിതത്വത്തിനും പ്രാധാന്യം നൽകി. പള്ളിയോടു ചേർന്ന് പള്ളിക്കൂടം വേണമെന്നും മലയാളത്തിൽ പ്രാർത്ഥനാ പുസ്തകങ്ങളും വിശ്വാസബന്ധിയായ ഇതരപ്രസിദ്ധീകരണങ്ങളും ആവശ്യമാണെന്നും അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. ഇന്ന് സി.എം.ഐ. സഭയ്ക്കുള്ള കോളേജുകളും സാങ്കേതിക സ്ഥാപനങ്ങളും ദീപികപോലുള്ള പ്രസിദ്ധീകരണങ്ങളും ഉണ്ടായത് ഈ ചിന്താഗതിക്കുണ്ടായിട്ടുള്ള പില്ക്കാല വളർച്ചയുടെ ഫലമാണ്.

ചാവറയച്ചൻ വരാപ്പുഴ രൂപതയിൽ സുറിയാനിക്കാരുടെ വികാരി ജനറാളായിരുന്നു. ആ നിലയിൽ അന്നത്തെ വരാപ്പുഴ മേലദ്ധ്യക്ഷനോട് വിശ്വസ്തത പുലർത്തുവാനും അതേ സമയം സുറിയാനി സഭയുടെ വളർച്ചയ്ക്കായി മേലദ്ധ്യക്ഷാനുമതിയോടുകൂടി പ്രവർത്തിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ചാവറയച്ചന്റെ വരാപ്പുഴ ബന്ധത്തെപ്പറ്റി അപലപിക്കുന്ന ചുരുക്കം ചിലരെങ്കിലും ഇന്നുണ്ട്. ഇന്നത്തെ സ്ഥിതിഗതികളും സഭാവിജ്ഞാനീയവുംവച്ച് മുൻകാലങ്ങളെ അപലപിക്കുക ശരിയല്ല.

19-ാം നൂറ്റാണ്ടിൽ ഉണ്ടായ റോക്കോസ് ശീശ്മയിൽ നമ്മുടെ ഇടവകകളിൽ ഭൂരിപക്ഷംപേരും ഉൾപ്പെട്ട സമയത്ത് അതിനെതിരായി പടവാൾ ഉയർത്തിയതും റോമിൽ വിവരം അറിയിച്ച് "റോക്കോസ്" മാർപ്പാപ്പ അയച്ച ആളല്ലെന്ന് വിശ്വാസികളെ ബോദ്ധ്യപ്പെടുത്തിയതും ചാവറയച്ചനായിരുന്നു. ബ്രിട്ടീഷ് ചക്രവർത്തിമാരെ Defender of Faith എന്ന് വിളിക്കാറുണ്ട്. ആധുനിക കാലത്ത് ചില മെത്രാന്മാരെ

'തിരുസിംഹാസന സഹായി' എന്ന ശീർഷകത്തിൽ ബഹുമാനിക്കാറുണ്ട്. റോക്കോസിനെതിരായി ചാവറയച്ചൻ രംഗത്തുവന്നില്ലായിരുന്നുവെങ്കിൽ കേരളത്തിലെ സുറിയാനി സഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഏതാണ്ട് ഈ കാലഘട്ടത്തിലാണ് പൗരസ്ത്യ സുറിയാനിക്കാർക്ക് സ്വന്തമായി മെത്രാൻ വേണമെന്ന് ചാവറയച്ചൻ റോമിനോടപേക്ഷിച്ചത്.

ഇന്ന് കേരളത്തിനുപുറത്ത് ഭാരതത്തിലും വിദേശത്തും സേവനം ചെയ്യുന്ന അനേകായിരും സന്ന്യാസിനികളുണ്ട്. ചാവറയച്ചൻ ജീവിച്ചിരുന്ന കാലത്ത് പൗരസ്ത്യ സുറിയാനിക്കാർക്ക് മഠങ്ങളൊന്നും ഇല്ലായിരുന്നു. സഭാപ്രവർത്തനങ്ങൾ നന്നായി നടത്തുന്നതിന് അഭ്യസ്തവിദ്യരായ നല്ല സന്ന്യാസിനികൾ അത്യാവശ്യമാണെന്ന് മനസ്സിലാക്കിയ ചാവറയച്ചൻ ഇന്നുള്ള സി.എം.സി. സഭയ്ക്ക് ആരംഭം കുറിച്ചു. ഇന്ന് അതുവളർന്നു വലിയ വടവൃക്ഷമായി തീർന്നിരിക്കുകയാണ്. തുടർന്ന്, മറ്റ് സന്ന്യാസിനീ സഭകളും സുറിയാനി സഭയിലുണ്ടായി. ക്ലാരസഭ, വിസിറ്റേഷൻ സഭ, ആരാധന സഭ, തിരുക്കുടുംബസഭ, തിരുഹൃദയസഭ മുതലായ സന്ന്യാസ സഭകൾ ഉണ്ടായി.

ലത്തീൻ, ഇംഗ്ലീഷ്, സുറിയാനി, പോർട്ടുഗീസ് തുടങ്ങിയ ഭാഷകളിൽ പരിജ്ഞാനമുണ്ടായിരുന്ന ചാവറയച്ചൻ തന്റെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലുമൊക്കെ വിശുദ്ധഗ്രന്ഥ ഉദ്ധരണികളും വ്യാഖ്യാനങ്ങളും ധാരാളം ഉപയോഗിച്ചിരുന്നു. സന്ന്യാസികൾക്കും അൽമായർക്കും അദ്ദേഹം നൽകിയ അന്ത്യോപദേശങ്ങൾ "ചാവറയച്ചന്റെ ചാവരുൾ" എന്നാണ് ഇന്നറിയപ്പെടുക. സഭയ്ക്കും സമുദായത്തിനുംവേണ്ടി ഒഴുക്കിനെതിരെ നീന്തിയ ഈ തിരുസ്സഭാസഹായിയുടെ, വിശ്വാസ സംരക്ഷകന്റെ, അന്ത്യോപദേശങ്ങൾ നമുക്കെല്ലാവർക്കും ക്രിസ്തീയ ജീവിതത്തിന്റെ ഒരു മാർഗ്ഗരേഖയാണ്.


ചാവറയച്ചൻ തുടങ്ങിയ ആശ്രമങ്ങളെല്ലാംതന്നെ ജനകീയ പ്രസ്ഥാനങ്ങളായിരുന്നു. അതിനുവേണ്ടി സ്ഥലം നൽകിയതും കല്ലും മണ്ണും തടിയും നൽകിയതും പണംകൊണ്ടും അദ്ധ്വാനംകൊണ്ടും സഹായിച്ചതും സുറിയാനി സഭയിലെ അൽമായരായിരുന്നു. ഓരോ ആശ്രമത്തിന്റെയും നാളാഗമം വായിച്ചുനോക്കിയാൽ ഈ വസ്തുത മനസ്സിലാക്കാവുന്നതാണ്. അൽമായരിൽനിന്ന് അകന്നുള്ള ആശ്രമങ്ങളല്ല, അത്മായരുടെ സഹകരണത്തോടുകൂടി വളർത്തിയെടുക്കുന്ന, അൽമായരുടെ നന്മയ്ക്കുവേണ്ടിയുള്ള ജനോന്മുഖമായ ആശ്രമങ്ങളെയാണ് ചാവറ പിതാവ് വിഭാവനം ചെയ്തിരുന്നത്.

ഈ വിശുദ്ധ ബലിയിൽ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചന്റെ മാധ്യസ്ഥ്യം തേടിക്കൊണ്ട്, ദൈവിക പുണ്യങ്ങളായ വിശ്വാസത്തിലും സ്നേഹത്തിലും ഉറച്ചുനില്ക്കുന്ന, ഉള്ളതും ഉണ്മയും സർവ്വർക്കും പങ്കുവയ്ക്കുന്ന ഒരു സീറോ മലബാർ സഭയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*(അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരിപിതാവ് 2004 ജനുവരി 3 ന് മാന്നാനത്ത് ജയന്തി വത്സര കുർബാനമദ്ധ്യേ നടത്തിയ പ്രസംഗം)*

# മനുഷ്യസ്നേഹിയായ ചാവറയച്ചൻ

*ശ്രീ. കെ.എം. മാണി*
*കേരള റെവന്യു - നിയമ മന്ത്രി*



വാസ്തവത്തിൽ ആഴമായ ദൈവ വിശ്വാസത്തോടൊപ്പം മനുഷ്യസേവനത്തിലൂടെ മഹത്വപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്തിട്ടുള്ള വ്യക്തിയാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന് ഞാൻ പറയട്ടെ. അന്യർക്ക് സേവനം ചെയ്യാത്ത ഒരു ദിവസംപോലും എന്നിൽ ഉണ്ടാവാൻ പാടില്ല. എന്റെ ആയുസിന്റെ ുസ്തകത്തിൽ ഉണ്ടാവാൻ പാടില്ല. എന്റെ Biography യിൽ ഉണ്ടാവാൻ പാടില്ല. തായിരുന്നു വാസ്തവത്തിൽ ചാവറ കുര്യാക്കോസച്ചന്റെ വിശ്വാസം. മനുഷ്യസേ നമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ഞാൻ കേരളത്തിന്റെ നവോത്ഥാനത്തെ റ്റി പറയുമ്പോൾ മഹാന്മാർക്ക്, പല മഹാന്മാർക്ക്, കേരളത്തിലെ നവോത്ഥാനത്തിൽ കുണ്ടെങ്കിലും നവോത്ഥാനത്തിലേയ്ക്ക് നമ്മുടെ കേരളത്തെ നയിച്ച മഹാന്മാരിൽ ഗ്രഗണ്യനായിരുന്നു ചാവറ കുര്യാക്കോസച്ചൻ എന്ന് പറയാൻ എനിക്ക് വളരെ ന്തോഷമുണ്ട്. 200 വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം ജനിച്ചു. അന്നത്തെ നമ്മുടെ മൂഹിക ചുറ്റുപാടിൽ നിന്നുകൊണ്ടു വേണം ചാവറ കുര്യാക്കോസച്ചന്റെ സേവന ളെ വിലയിരുത്തുവാൻ. നമ്മളൊക്കെ പറയുന്നുണ്ട് വിദേശ മിഷനറിമാരാണ് കേര ത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് വളരെ സംഭാവന ചെയ്തിട്ടുള്ളത് എന്ന്. അതി നക്കാൾ ഉപരിയായി ഒരു കാര്യം പറഞ്ഞാൽ, നമ്മുടെ വിദ്യാഭ്യാസമുന്നേറ്റത്തിന്റെ, ംസ്കാരിക മുന്നേറ്റത്തിന്റെ, അടിത്തറ പാകിയത് വാസ്തവത്തിൽ ചാവറ കുര്യാ ക്കോസ് ഏലിയാസച്ചനാണ്.

നമ്മുടെ അത്യുന്നത കർദ്ദിനാൾ തിരുമേനിയും സൂചിപ്പിക്കുകയുണ്ടായി. പള്ളി ൂടങ്ങളുടെ കാര്യം. അതിൽ ഒരു കാര്യം ഞാൻ അടിവരയിട്ടു പറയുകയാണ് 'വികാരി നറാളായിരുന്ന കുര്യാക്കോസ് ചാവറയച്ചൻ കല്പന പുറപ്പെടുവിച്ചത് അംശവില ിന് അടക്കമുള്ള ശിക്ഷയ്ക്ക് വിധേയമായി' എന്നാണ്. ഒരു ഇടവക വികാരി ദേവാ യത്തോടൊപ്പം ഒരു സ്കൂൾ സ്ഥാപിക്കുന്നില്ലാ എങ്കിൽ കർമ്മത്തിൽനിന്നുതന്നെ റ്റിനിർത്താനായിട്ടുള്ള അംശവിലക്കിന് അടക്കമുള്ള ശിക്ഷ നൽകുമെന്ന് പറഞ്ഞു ാണ് ആജ്ഞാപിക്കുകയായിരുന്നു. അതിന്റെ ഫലമായിട്ടാണ് ഇന്ന് എല്ലാ ദേവാ യങ്ങളോടൊപ്പം വിദ്യാലയങ്ങൾ ഉയർന്നു വന്നത്. നമ്മുടെയൊക്കെ സാമൂഹിക ഗത്തുള്ള വികസനത്തിന്റെ സാമൂഹിക ശ്രദ്ധ ദേവാലയം, പള്ളിക്കൂടം, ഒരാശുപ ി, ഒരഗതി മന്ദിരം ഇങ്ങനെയാണ് തുടങ്ങുക. അപ്പോൾ വാസ്തവത്തിൽ നമ്മുടെ ിദ്യാഭ്യാസ പുരോഗതിക്ക് ഏറ്റവും പ്രചോദനം നൽകിയത് ചാവറ കുര്യാക്കോസ് ലിയാസച്ചനാണ്. അതുപോലെതന്നെ 200 കൊല്ലം മുമ്പ്, കണ്ണിൽ കണ്ടാൽ ദോഷ ുള്ളവർ, തൊട്ടു കൂടാത്തവർ, തീണ്ടിക്കൂടാത്തവർ, പഠിക്കുവാൻ അവകാശമില്ലാത്ത ർ, പ്രാർത്ഥനയ്ക്കുപോലും അവകാശമില്ലാത്തവർ, വഴിനടക്കാൻ പോലും അവ

*(ശേഷം 16-ാം പേജിൽ)*

# ചാവറയച്ചൻ: മാന്നാനത്തെ ഭദ്രദീപം

*Dr. Cyriac Thoma*
*Vice Chancillor, M.G. Universi*

നാമെല്ലാവരും ഇന്ന് നമ്മുടെ അഭിമാനകരമായ ഒരു പൈതൃകത്തേയും പാ മ്പര്യത്തേയുമാണ് ചാവറയച്ചന്റെ ഈ ജൂബിലി ആഘോഷിക്കുന്നതിലൂടെ സാക്ഷ പ്പെടുത്തുന്നത്. ചാവറയച്ചൻ നമ്മുടെ ആത്മീയതയുടെ ഏറ്റവും വലിയ സാക്ഷ മായി അദ്ദേഹത്തിന്റെ കാലത്തും പിന്നീടുള്ള കാലത്തും സമൂഹത്തിൽ ഉയർന്ന നിൽക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ചാവറയച്ചനും, പാറേമ്മാക്ക അച്ചനും നിധീരിക്കൽ മാണിയച്ചനുമൊക്കെ അവരവരുടേതായ ഒരു സ്ഥാനവ വ്യക്തിമുദ്രയും പതിച്ചിട്ടുള്ളവരാണ്. നാം പലപ്പോഴും അവരുടെ മഹത്തായ സം വനകളെ വേണ്ടവിധത്തിൽ അനുസ്മരിക്കുന്നതിൽ പിന്നോക്കം നിൽക്കുന്നവരു ണ്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പേരിൽ എനിക്കുമൊരു അവകാശമുള്ളത് ഞാ അദ്ദേഹത്തിന്റെ പേരുകാരനാണെന്നുള്ളതാണ്.

തീർച്ചയായും മഹാത്മഗാന്ധി യൂണിവേഴ്സിറ്റി ചാവറയച്ചന്റെ ആത്മീയ അ കാരത്തിന്റെ ഉള്ളിലാണ് (Geographically also) വരുന്നത് എന്നുള്ളതുകൊണ്ട് തീർ യായും സർവ്വകലാശാലയിൽ പ്രശ്നങ്ങളൊക്കെ ഉണ്ടാകുമ്പോൾ ഞാൻ മാന്നാ ത്തേയ്ക്ക് തിരിഞ്ഞ് പ്രാർത്ഥിക്കുന്നുണ്ട് എന്നുള്ളത് ഒരു സത്യമാണ്. അതി

---

*(തുടർച്ച 15 -ാം പേജിൽ നിന്ന്)*

കാശമില്ലാത്തവർ. പിന്നോക്ക വിഭാഗക്കാർ. അവരെയൊക്കെ ഈ പള്ളിക്കൂടങ്ങളി കൊണ്ടുവന്ന് സൗജന്യ വിദ്യാഭ്യാസം, സൗജന്യ ഭക്ഷണം, സൗജന്യ വസ്ത്ര സൗജന്യ പുസ്തകം ഇതെല്ലാം കൊടുത്ത് അവരെ വിദ്യയഭ്യസിപ്പിച്ചത്, അതി നേതൃത്വം കൊടുത്തത്, ചാവറയച്ചനാണ്.

നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് ഒരു ആദ്ധ്യാത്മിക നവോത്ഥാനമാണ ദൈവത്തിൽനിന്നും വളരെ പുറകോട്ട് പോവുകയാണ് നമ്മൾ. റോബർട്ട് ക്ലൗഡി കവിതയിൽ പറയുന്നത് ദൈവത്തിൽനിന്ന് നാം അകന്നു പോകുന്തോറും ദൈവ നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും എന്നാണ്. അവസാനം ദൈവം നമ്മെ കീഴ്പ്പെ ത്തുമെന്നാണ്. അതുപോലെ ദൈവത്തിൽ നിന്നും അകന്നുപോകുന്ന നമ്മെ ദൈ ത്തിലേയ്ക്ക് അടുപ്പിക്കാനുള്ള ഒരു മദ്ധ്യസ്ഥനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ച ആ പുണ്യ പുരുഷൻ നമ്മെ നയിക്കട്ടെ. നമ്മുടെ പ്രദേശത്തെ നയിക്കട്ടെ. ന അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഒരു നവവത്സരത്തിന്റെ ആശംസക നിങ്ങൾക്കെല്ലാവർക്കും നേർന്നുകൊള്ളുന്നു.

*(ചാവറ ജയന്തി വത്സരത്തിന്റെ സമാരംഭ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നും)*

ലവും എനിക്ക് യൂണിവേഴ്സിറ്റിയിൽ കാണുന്നുണ്ട് എന്നു സാക്ഷ്യപ്പെടുത്തുന്ന ന് സന്തോഷമേയുള്ളു. തീർച്ചയായും വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമുക്കെല്ലാ ക്കും ആത്മീയവും ഭൗതികവുമായ സംരക്ഷണത്തിന്റെ അച്ചാരമാണ് എന്ന് സ്വന്തം നുഭവത്തിൽനിന്ന് പറയുവാനുള്ള സന്തോഷം നിങ്ങളോടൊപ്പം പങ്കുവെയ്ക്കാ ണ് ഞാനും നിങ്ങളോടൊപ്പം ഇവിടെ വന്നിരിക്കുന്നത്. ചാവറയച്ചൻ കാലത്തി ാപ്പം നടക്കുകയും കാലത്തിനപ്പുറം കാണുകയും ചെയ്ത ഒരു ക്രാന്തദർശിയായി ന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അദ്ദേഹം കാലത്തിനപ്പുറം കണ്ട കൊണ്ടാണ് വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ വിപ്ലവം സൃഷ്ടിക്കുവാൻ അദ്ദേഹ ിന് സാധിച്ചത്. നാമിന്ന് വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നിലാണന്ന് അഭിമാനിക്കു ാൾ ചാവറയച്ചൻ നമുക്ക് അക്കാലത്ത് നൽകിയ നേതൃത്വം, മാർഗ്ഗദർശനം നാമി ്പോൾ ഏറ്റവും നന്ദിയോടുകൂടി, കടപ്പാടോടുകൂടി അനുസ്മരിക്കേണ്ടതായിട്ടുണ്ട് എന്ന് ാൻ വിശ്വസിക്കുന്നു. കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ർവ്വരും എല്ലാ ദിവസവും മുൻകൂട്ടി അനുസ്മരിക്കേണ്ട ധന്യമായ ഒരു നാമധേയ ണ് ചാവറയച്ചന്റേത്, എന്നുള്ള ആ ഉദാത്തമായ ചിന്തയാണ് എനിക്ക് ഈ സന്ദർഭ ിൽ നിങ്ങളുമൊത്ത് പങ്കുവെയ്ക്കുവാനുള്ളത്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഈ ബിലി വേളയിൽ നമുക്കേവർക്കും അദ്ദേഹം നമുക്കും നമ്മുടെ സമൂഹത്തിനും ദ്യാഭ്യാസ മേഖലയ്ക്കും സാമൂഹിക മേഖലയ്ക്കുമൊക്കെ നൽകിയ സേവനങ്ങളെ നുസ്മരിക്കാം.

അതേസമയം അദ്ദേഹമൊരു ആത്മീയാചാര്യനായിരുന്നു. ഒരു സന്ന്യാസ ശ്രേഷ്ഠനുമായിരുന്നു. സാമൂഹിക പരിഷ്കർത്താവായിരുന്നു. വിദ്യാഭ്യാസ വിദ ഗ്ധനുമായിരുന്നു. ഇങ്ങനെ എല്ലാ ഘടകങ്ങളെയും സ്വന്ത വ്യക്തിത്വത്തിൽ ൾച്ചേർത്തുകൊണ്ട് അത്ഭുതകരമായ ഒരു വ്യക്തി സവിശേഷതയാണ് ചാവറയച്ചൻ മുക്ക് മുമ്പാകെ തെളിയിച്ചിട്ടുള്ളത്. യോഗ്യനായ ചാവറയച്ചന്റെ പുണ്യസ്മര യ്ക്കു മുമ്പിൽ വ്യക്തിപരമായും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പേരിൽ റ്റവും ആദരപൂർവ്വമായ ധന്യമായ അഭിവാദനങ്ങൾ ഞാൻ സമർപ്പിക്കുന്നു. ാർത്ഥനാ പൂർവ്വം ചാവറയച്ചന്റെ അനുഗ്രഹങ്ങൾ എന്റെ പേരിലും ഞാൻ പ്രതിനി ധനം ചെയ്യുന്ന സർവ്വകലാശാലയുടെ പേരിലും കേരളത്തിലെ വിദ്യാഭ്യാസ രംഗ ിന്റെ മേൽ മൊത്തത്തിലും ഉണ്ടാകുമാറാകട്ടെ എന്ന് വിനയപൂർവ്വം ഞാൻ പ്രാർത്ഥി ുന്നു.

*(ചാവറ ജയന്തി സമാരംഭത്തിലെ പ്രസംഗത്തിൽനിന്നും)*

# ജ്ഞാന – കർമ്മ – ഭക്തിയോഗിയായ ചാവറപിതാവ്

*ഫാ. ആന്റണി കരിയി*
*സി.എം.ഐ. പ്രിയോർ ജനറ*



മരിച്ചു മൺമറഞ്ഞവരുടെ ജന്മദിനം കുറേക്കാലം കഴി മ്പോൾ ആരുംതന്നെ ഓർക്കാറില്ല. ഓർക്കാനിടവരണമെങ്കി ആ ജന്മത്തിന്റെ ഉടമ മനുഷ്യഹൃദയങ്ങളിൽ മരിക്കാത്ത വ്യ ത്വമാകണം. കേരള സഭയേയും കേരള ജനതയേയും സ ഡിച്ചിടത്തോളം മറക്കാനും മായിച്ചുകളയാനും സാധിക്കാ വ്യക്തിത്വമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനുള്ളത്.

പഴമയുടെ ചരിത്രം തിരിച്ചറിയുന്നവർ ഒന്നിനൊന്നദ്ദേഹത്തെ ആദരവോ സ്നേഹിക്കയും ഓർമയിലെന്നും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. നന്മചെയ് കടന്നുപോയ വിശുദ്ധർ മനുഷ്യമനസുകളിൽ മരിക്കുകയില്ല.

അയിത്താചാരങ്ങളും ഉച്ച നീചത്വവും നിലനിന്നിരുന്ന കാലത്തു ജാതിവർണ്ണ ത്യാസങ്ങൾ കൂടാതെ ഒരു ബഞ്ചിലിരുന്നു വിദ്യ അഭ്യസിക്കുവാൻ അദ്ദേഹം റ ഒരുക്കി.

എഴുത്തു പഠിച്ചവർക്ക് വായിച്ചുവളരാൻ മാധ്യമങ്ങളൊരുക്കി അറിവിന്റെ വി യസിലേയ്ക്ക് കേരളത്തെ കൈപിടിച്ചു നയിച്ചു. അഗതികൾക്കും ആലംബഹീനർക സമൂഹം താങ്ങും തണലുമായിത്തീരണമെന്നദ്ദേഹം പഠിപ്പിച്ചു.

സ്ത്രീജനങ്ങളെ വീടിന്റെ പിൻപുറത്തുനിന്ന് സമൂഹത്തിന്റെ മുൻനിരയിലെ ക്കാൻ തൊഴിലധിഷ്ഠിത, വിദ്യാഭ്യാസം ആവശ്യമാണെന്നദ്ദേഹം കണ്ട്, പരിശീ വേദിയൊരുക്കാൻ സ്ത്രീകളെത്തന്നെ സന്ന്യാസിനിമാരിലൂടെ സജ്ജമാക്കി. യേയും സമൂഹത്തേയും നയിക്കുവാൻ സന്യസ്തരേയും വൈദികരേയും ഒരുക്ക

മാനവപുരോഗതിയിൽ അറിവും ആത്മീയതയും നേടാൻ അടിസ്ഥാനസൗക ങ്ങൾ ഇല്ലാതിരുന്ന കാലത്തു കേരള ജനതയുടെ നായകപിതാവായി കടന്നുവ ചാവറയച്ചന്റെ പാദസ്പർശത്താൽ പവിത്രമായ മാന്നാനത്ത് 2004 ജനുവരി 3 തീയതി അദ്ദേഹത്തിന്റെ 200-ാം ജയന്തി വർഷാചരണത്തിന് തുടക്കം കുറിച്ചിരി കയാണ്.

ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ ജൂബിലി വർഷത്തിൽ, നമ്മുടെ ജീവിത ലേയ്ക്ക് പ്രത്യാശയുടേയും പരസ്പര സ്നേഹത്തിന്റേയും മനുഷ്യപുരോഗതിക്കു കൂട്ടായ ശ്രമത്തിന്റേയും വാടാമലരുകൾ അദ്ദേഹം വാരി വിതറട്ടെ!

# ചാവറ പിതാവിന്റെ ദർശനത്തിലേയ്ക്ക്

*സി. എഡ്വേർഡ്*
*സി.എം.സി. സുപ്പീരിയർ ജനറൽ*



2004 ജനുവരി 3 കേരളീയരുടെ മനോമുകരത്തിൽ ആനന്ദത്തിന്റെ ആന്ദോളനമുണർത്തുന്ന അവിസ്മരണീയ മുഹൂർത്തമായിരുന്നു. കാലത്തെ കാൽക്കീഴിൽ ഒതുക്കിയ കേരളത്തിന്റെ പുണ്യപുരുഷനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ രണ്ടാം ജന്മശതാബ്ദിയുടെ സമാരംഭംകുറിച്ച അനർഘനിമിഷങ്ങൾ! ജീവന്റെ താളുകൾ മറിച്ചുതീർന്നിട്ടും, ...ന്തം വ്യക്തിത്വത്തിന്റെ വശ്യശക്തിയാൽ മദ്ധ്യാഹ്നസൂര്യന്റെ ശോഭയോടെ കേരള ...ക്രൈസ്തവ ചരിത്രത്തിൽ ഉദിച്ചുയർന്നുനിൽക്കുന്ന, ഒരു കാലഘട്ടത്തിന്റെ ചരിത്രം ...ന്നെയായിരിക്കുന്ന 'വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ' - കേരളം ...ങ്ങ ദൈവമനുഷ്യൻ. ജ്ഞാന, കർമ്മ, ഭക്തിയോഗത്തിലൂടെ ദൈവത്തിന്റെ മനു...ഷ്യനായ ചാവറപ്പിതാവ്, തന്റെ സർവ്വ കഴിവുകളും ദൈവമഹത്വത്തിനും, സഭയ്ക്കും, ...മുദായത്തിനും സമൂഹത്തിനുംവേണ്ടി പരമാവധി പ്രയോഗിച്ചപ്പോൾ, 19-ാം നൂറ്റാ...ണ്ടിൽ ജീവിച്ച ആ കർമ്മയോഗിക്ക് 20-ാം നൂറ്റാണ്ടിന് രൂപഭാവങ്ങൾ നൽകുവാനും ...ാം നൂറ്റാണ്ടിലേയ്ക്ക് എത്തിനിൽക്കുന്ന ചലനങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു ...ന്നത് കാലം മറയ്ക്കാത്ത സത്യമാണ്.

ഒരു പൂമൊട്ടിൽ ഒളിഞ്ഞിരിക്കാൻ വസന്തത്തിനാകാത്തതുപോലെ ചാവറയച്ചനിലെ ...ുണ്യസൗരഭ്യം ലോക മഹാകുടുംബത്തെ ഒന്നാകെ ആശ്ലേഷിക്കുകയായിരുന്നു. ...ത്, ആത്മീയമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും പുരോഗതി പ്രാപി...ക്കാത്ത, അസമത്വവും അസ്വാതന്ത്ര്യവും നിറഞ്ഞ ഒരു ജനതയെ വീണ്ടെടുത്ത് ...ർത്തിക്കൊണ്ടും, അവരിൽ ഒളിഞ്ഞുകിടക്കുന്ന വിലപ്പെട്ട നിധികളെ ലോകത്തിന്റെ ...ിൽ പ്രതിഫലിപ്പിച്ചുകൊണ്ടും, അതുവഴി സുന്ദരമായൊരു വിശ്വകുടുംബം മനു...ഷ്യമനസ്സിൽ സ്ഥാപിച്ചുകൊണ്ടുംതന്നെ. ലോകത്തിന്റെ വിശുദ്ധീകരണവും ഒപ്പം ...യം വിശുദ്ധീകരണവും നേടിയെടുത്ത് ഭൂമിയുടെ ഉപ്പും പുളിമാവുമായി വർത്തി...ക്കുവാൻ വിളിക്കപ്പെട്ടവരാണല്ലോ സന്യസ്തർ. എന്നാൽ കേരള സഭയിൽ അതു...ണ്ട, തങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി ആത്മാർപ്പണം ചെയ്യുവാൻ അതിയായി ...ഗ്രഹിച്ച അന്നത്തെ പെൺകുട്ടികൾക്ക് ഒരു പുണ്യസങ്കേതം ഇല്ലാത്ത അവസ്ഥയും ...താവിന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു.

ഈ സാഹചര്യത്തിൽ, കേരളസഭയെ സമുദ്ധരിക്കുവാൻ. പെൺകുട്ടികളെ ആത്
ജിവിത പാതയിലേയ്ക്ക് കൈപിടിച്ചുയർത്തിക്കൊണ്ടുവരുവാൻ, അങ്ങനെ സ
വിശുദ്ധീകരണവും ലോക വിശുദ്ധീകരണവും സാധിതമാക്കുവാൻ ഒരു സന്യ
സമൂഹത്തിന്റെ സ്ഥാപനത്തിന് ചാവറയച്ചൻ മുതിർന്നു. കുടുംബത്തിന്റെ റാണി
യ, കെടാവിളക്കായ സ്ത്രീയുടെ പുരോഗതിയിലൂടെ ആ കുടുംബവും, നാടും അങ്ങ
ലോകം മുഴുവനും അഭിവൃദ്ധിപ്പെടും എന്ന് മനസിലാക്കിയ, ഒരു മനഃശാസ്ത്രജ്ഞ
ഉൾക്കാഴ്ചയുണ്ടായിരുന്ന ചാവറപ്പിതാവിന് തന്റെ ലക്ഷ്യപ്രാപ്തിക്കായി സി.എം.
സമൂഹത്തിന് രൂപവും ഭാവവും നൽകിയപ്പോൾ ഒരു ഉത്തമ ക്രൈസ്തവ ജീവ
ത്തെപ്പറ്റിയും, സ്ത്രീയുടെ മഹനീയത ഉത്തരോത്തരം ഉയർത്തേണ്ടതിനെപ്പറ്റി
മൊക്കെ ഒരായിരം സ്വപ്നങ്ങളും പ്രതീക്ഷകളും അങ്ങനെ പൂവണിയുകയായിരു

ആർഷഭാരത സംസ്കാരത്തിൽ അമ്മ, ഭാര്യ, സഹോദരി, മകൾ എന്നീ നി
ളിൽ ഉദാത്തഭാവത്തോടെ നിറഞ്ഞുനിന്ന സ്ത്രീ, ആധുനികതയുടെ കുത്തൊഴുക്ക
പാശ്ചാത്യസംസ്കാരത്തിന്റെ ഉറക്കുമതിയിൽ പിച്ചിച്ചീന്തപ്പെടുമ്പോൾ, കാലഘട്ട
വെല്ലുന്ന ദാർശനികതയും ദീർഘവീക്ഷണവും നിറഞ്ഞ ചാവറപ്പിതാവിന്റെ സ്വപ്ന
പ്രതീക്ഷയും ഇന്നിന്റെ പാളിച്ചകൾക്ക് നേരെ ചോദ്യചിഹ്നമായി നിൽക്കുന്നു. മ
ക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, ചാവറയച്ചൻ പകർന്നുതന്ന പൈ
കസ്നേഹത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട്, ഉജ്ജ്വലമായ ദൈവസ്നേഹ
തജ്ജന്യമായ ആത്മവിശുദ്ധിയും നിറഞ്ഞ പ്രേഷിതപ്രവർത്തനം നടത്തി, ക
രംഗങ്ങളിൽ ഉത്സുകരായി മുന്നേറുവാൻ സി.എം.സി. മക്കൾ എന്നും പ്രതിജ്ഞ
ബദ്ധരാണ്.

സി.എം.സി. അതിന്റെ പ്രയാണം തുടരുമ്പോൾ, ഓർക്കുവാനും പരിഗണിക്കു
നുമുള്ളത് മഹത്വപൂർണ്ണമായ ഒരു ചരിത്രം മാത്രമല്ല. ഇനിയും വരും തലമുറകള
എഴുതി തീർക്കപ്പെടേണ്ട മഹത്തായ ചരിത്രമാണ് അവൾക്കു മുന്നിലുള്ളത്.
യാഥാർഥ്യം ആത്മനാ സ്വീകരിച്ചുകൊണ്ട്, സ്നേഹ സംസ്കാരത്തിലൂടെ, സംജ
മാകുന്ന പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് പടുത്തുയർത്താം. അന്ധ
രത്തിൽനിന്നുണർന്ന്, ലക്ഷ്യത്തിലേയ്ക്കു മുന്നേറുന്ന തീർത്ഥാടക വൃന്ദങ്ങളെ നി
ത്വത്തിന്റെ ദർശനധാരകൾ നൽകി, ജാജ്ജ്വല്യമാനമാക്കി മുന്നേറിയ ചാവറപ്പി
വിന്റെ ധന്യജീവിതം ഉണർത്തിയ അലകൾ, ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുമ്പോ
പുതിയ മേച്ചിൽപ്പുറങ്ങൾ തേടി സി.എം.സി. അതിന്റെ പ്രയാണം പൂർത്തിയാ
ണ്ടിയിരിക്കുന്നു.

# BLESSED KURIAKOSE ELIAS CHAVARA
# HIS LIFE & PIONEERING SERVICES

## His Life:

| | | |
|---|---|---|
| Birth | : | 10th February 1805 in Kainakari, Kerala |
| Priestly Ordination | : | 29th November 1829 |
| Death | : | 3rd January 1871 |
| Burial | : | 4th January 1871 at Koonammavu |
| Mortal Remains transferred to Mannanam | : | 24th May 1889 |
| Beatification by Pope John Paul II | : | 8th February 1986 |
| Postal Stamp released in honour of Blessed Chavara, by Sri R. Venkataraman, President of India | : | 20th December 1887 |
| Chavara's 200th Jayanthi Year started | : | 3rd January 2004 |

## His Pioneering works:

| | | |
|---|---|---|
| Starting of the *First Indian Religious Congregation for men(CMI)*, along with two other diocesan Priests: Fr. Thomas Palackal and Fr. Thomas Porukara | : | 1831 |
| Starting of Retreat Preaching for the laity in the Kerala Church | : | 1831 |
| Starting of a systematic Faith Formation and Family Apostolate in Kerala | : | 1831 |

| | | |
|---|---|---|
| Popularizing the *Way of the Cross* in the Kerala Church | : | 1831 |
| Starting of the *First Syro-Malabar Major Seminary* at Mannanam | : | 1833 |
| Introducing the Eucharistic Devotion in the Kerala Church | : | 1843 |
| Founder of the *First Syro-Malabar Catholic Press and Publising House* of Kerala at Mannanam | : | 1844 |
| Founder of the First *Catholic School* which was in Sanskrit; which is also the first educational Institution in the private Catholic sector in Kerala | : | 1846 |
| Starting the *First Syro-Malabar Catechumenate* at Mannanam in view of Evangelization | : | 1853 |
| *Vicar General of the Syrian Catholics* of the Kerala Church | : | 1861 |
| Protecting the Kerala Church at a decisive moment of its existence from *the Roccos Schism* | : | 1861 |
| The Author of the First Malayalam Narrative Poem - *'Anasthasyayude Rakthasakshyam'* | : | 1862 |
| Starting of the *First Religious Congregation for women* (CMC), in Kerala along with the Italian missionary Fr. Leopold Beccaro | : | 1866 |
| Starting of the *40 Hour Adoration* (at Koonammavu) in Kerala | : | 1866 |
| Founder of the *First Charitable Institution,* (at Kainakari) in Kerala | : | 1869 |

# വാഴ്ത്തപ്പെട്ട ചാവറയച്ചനും സ്ത്രീ വിമോചനവും

*സി. സെർജിയസ്, സി.എം.സി.*

*എറണാകുളം*

മനുഷ്യരാശിയുടെ ചരിത്രത്തിന്റെ ഏടുകൾ മനുഷ്യന്റെ വിമോചനദാഹമാണ് പ്രതിഫലിപ്പിക്കുക. ലോകരക്ഷകനായ മിശിഹാ, ദൈവത്തിന്റെ ആത്മാവ് നിറഞ്ഞവൻ, നിർവ്വഹിച്ച ദൗത്യം വിമോചനത്തിന്റേതായിരുന്നു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കുമോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്കാ. 4:18-19)

വിമോചനത്തിനുവേണ്ടി ദാഹിക്കുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സാഹചര്യങ്ങളും സംവിധാനങ്ങളും യാഥാർത്ഥ്യങ്ങളും നിഷേധാത്മകവും വൈരുദ്ധ്യാത്മകവുമായ ഒരനുഭവമാണ്. ദൈവശാസ്ത്രജ്ഞനായ എഡ്‌വേർഡ് സ്കില്ലബെക്ക്സിന്റെ അഭിപ്രായത്തിൽ "മനുഷ്യന്റെ യഥാർത്ഥവിമോചനത്തിന് വിലങ്ങുതടിയാകുന്ന ഇത്തരം അനുഭവങ്ങൾ ജനതയെ ധാർമ്മികരോഷത്തിലേയ്ക്കും അവയോടുള്ള പ്രതിഷേധത്തിലേയ്ക്കും അത്തരം സാഹചര്യങ്ങളിൽ മാറ്റം വരുത്താനുള്ള പ്രവർത്തനങ്ങളിലേയ്ക്കും നയിക്കണം. അതുകൊണ്ട് ഇത്തരം വൈരുദ്ധ്യാത്മക അനുഭവങ്ങളെ ഒരു സാമൂഹിക ധാർമ്മികതയുടെ അടിത്തറയായി കണക്കാക്കാം.

വിമോചകനായ ക്രിസ്തു സമൂഹത്തിൽ വിലയും നിലയുമില്ലാതെ, അടിമയായി കരുതപ്പെട്ടിരുന്ന സ്ത്രീയുടെ മഹത്വം ഉയർത്തിക്കാട്ടി. അവരെ നീതികരിച്ചു. കൂടെക്കൊണ്ടുനടന്നു. എല്ലാറ്റിലുമുപരി ഒരു സ്ത്രീയിൽനിന്ന് ജന്മം സ്വീകരിച്ചു. യേശുശിഷ്യനായ, യേശുവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളെ സസൂക്ഷ്മം, സശ്രദ്ധം ധ്യാനവിഷയമാക്കിയ, അവിടുത്തെ പ്രബോധനങ്ങൾ ജീവിതനിയമമാക്കിയ, വാഴ്ത്തപ്പെട്ട ചാവറപ്പിതാവും സ്ത്രീത്വത്തിന്റെ മഹത്വം ഉയർത്തിക്കാട്ടിയ ഒരു മഹദ്‌വ്യക്തിയാണ്. അദ്ദേഹത്തിന്റെ ആദർശങ്ങളും സ്വപ്നങ്ങളും എല്ലാം ഉയിർകൊണ്ടത് ദിവ്യകാരുണ്യനാഥന്റെ മുന്നിൽ ധ്യാനനിർലീനനായി, നിർന്നിമേഷനായി നിലകൊണ്ട നിമിഷങ്ങളിലാണ്. യേശുവിന്റെ സ്വപ്നങ്ങൾ ഹൃദയത്തിൽ ഒപ്പിയെടുത്ത ഈ ദൈവമനുഷ്യൻ സ്ത്രീയിൽ മിഴിവാർന്നുനിൽക്കുന്ന രണ്ടു ഗുണങ്ങളായി കണ്ടത് 'മഹിമയുള്ള ഭാവവും മധുരശീല-'വുമാണ്. "ബാഹ്യമോടികളായ പിന്നിയ മുടിയോ, സ്വർണ്ണാഭരണമോ, വിശേഷവസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം, പിന്നയോ ദൈവസന്നിധിയിൽ വിശിഷ്ടമായ സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്. ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ

സ്ത്രീകൾ മുമ്പ് ഇപ്രകാരം തങ്ങളെത്തന്നെ അലങ്കരിക്കുകയും തങ്ങളുടെ ഭർത്താക്കന്മാർക്ക് വിധേയരായിരിക്കുകയും ചെയ്തിട്ടുണ്ട്" (1 പത്രോ. 3:3-5). ഈ തിരുവചനം ജീവിതനിയമമാക്കുന്ന മഹത്വമാർന്ന ഒരു സ്ത്രീലോകത്തെ വാഴ്ത്തപ്പെട്ട ചാവറയച്ചൻ സ്വപ്നംകണ്ടു. അത് ഹൃദയത്തിൽ താലോലിച്ച് അതിന് രൂപഭാവങ്ങളേകി സി.എം.സി. സന്യാസിനീ സമൂഹത്തിന് ജന്മമേകി. സ്വന്തകുടുംബത്തിലെ അനുഭവത്തിലൂടെ വീടിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീയിൽ മറഞ്ഞിരുന്ന ശക്തിയും, അധികാരവും, നന്മയും ശാലീനതയും വ്യക്തമായി മനസ്സിലാക്കിയ ചാവറയച്ചൻ സ്ത്രീയിൽ അന്തർലീനമായ നന്മയെ വളർത്തി, വിമോചനത്തിന്റെ അനുഭവം പകർന്ന് അവളുടെ സിദ്ധികളെ സമൂഹനന്മയ്ക്കായി ഫലപ്രദമാക്കാൻ ദൃഢപ്രതിജ്ഞനായി. നാളുകൾ പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന് കാത്തുസൂക്ഷിച്ച തന്റെ ആഗ്രഹം ചാവറയച്ചൻ തന്റെ പ്രഥമദിവ്യപൂജാർപ്പണത്തിൽ പിതൃപാദങ്ങളിൽ സമർപ്പിച്ചു. ആ ആഗ്രഹം പ്രാർത്ഥനയിൽ മാത്രം ഒതുങ്ങി നിന്നില്ല. തനിക്കുണ്ടായിരുന്ന സാദ്ധ്യതകളെല്ലാം ഉപയോഗിച്ച് അത് യാഥാർത്ഥ്യമാക്കാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തു.

കുടുംബത്തിന്റെ വിളക്കായ സ്ത്രീക്ക് അറിവു ലഭിച്ചാൽ അത് അധികാരത്തിലേയ്ക്കും വിമോചനത്തിലേയ്ക്കും നയിക്കുന്നു. അതുകൊണ്ട് താൻ സ്ഥാപിച്ച സന്യാസിനീസമൂഹത്തിലെ അംഗങ്ങൾ അറിവുള്ളവരായിരിക്കണമെന്നും അവർ അറിവ പകരുന്നവരായിരിക്കണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. 'വേദകാര്യങ്ങൾ പഠിക്കുന്ന പുണ്യസങ്കേത'മായാണ് സി.എം.സി. സന്യാസിനീ സമൂഹത്തെ അദ്ദേഹം നിർവ്വചിക്കുക. പഠിക്കുന്നതോടൊപ്പം എദുക്കംതാത്തിൽ (ബോർഡിംഗ്) ഉള്ള കുട്ടികളെയും പഠിപ്പിക്കണമെന്നും, വിവിധ കൈവേലകൾ അവരെ അഭ്യസിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ജോലിയും പഠനവും സമന്വയിപ്പിച്ചുകൊണ്ട് പോകുന്ന ഈ കാലഘട്ടത്തിന്റെ സവിശേഷത ഏറെ ദീർഘദൃഷ്ടിയോടെ മുന്നിൽകണ്ട ഈ ജ്ഞാന-കർമ്മ-ഭക്തി യോഗി ഒന്നര ശതാബ്ദം മുമ്പുതന്നെ പഠിക്കുന്നതോടൊപ്പം കൈവേലയും അഭ്യസിച്ച്, സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കാനുള്ള സംരംഭങ്ങൾക്കും തുടക്കം കുറിച്ചു.

സ്ത്രീത്വത്തിന്റെ മഹിമ ഏറ്റവും വിളങ്ങി പ്രശോഭിക്കുക പരിശുദ്ധ കന്യകാമറിയത്തിലാണല്ലോ. പരി. അമ്മയെപ്പോലെ അവിഭക്തഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ച്, ശുശ്രൂഷിച്ച്, യേശുവിന്റെ കന്യകമാരായി, ആഴമേറിയ ആന്തരിക സൗന്ദര്യമുള്ള വ്യക്തിത്വത്തിന്റെ ഉടമകളായി ജീവിക്കുവാനാഗ്രഹിക്കുന്ന കന്യകമാരെ അദ്ദേഹം കണ്ടെത്തി. അതും കേരളത്തിൽ സന്യാസത്തെക്കുറിച്ച് കേട്ടുകേൾവി പോലുമില്ലാതിരുന്ന കാലഘട്ടത്തിൽ. അവരുടെ ദൗത്യമായി അദ്ദേഹം എടുത്തുകാട്ടിയത് എല്ലാമനുഷ്യരുടെയും, വിശിഷ്യ, സ്ത്രീകളുടെയും കുട്ടികളുടെയും ക്രിസ്തീയ രൂപീകരണമായിരുന്നു. ദൈവത്തിന്റെ കണ്ണുകളിലൂടെ ജീവിതത്തെയും മനുഷ്യനെയും നോക്കിക്കണ്ട ചാവറയച്ചൻ യേശുവിന്റെ ഹൃദയഭാവം സ്വന്തമാക്കി. സ്ത്രീയുടെ ഔന്നത്യം ഗ്രഹിച്ച്, അതു വളർന്നു വികസിക്കാൻ സാഹചര്യങ്ങളൊരുക്കി. സ്ത്രീയുടെ മഹത്വത്തിന്റെ പ്രതീകമായി പരി. അമ്മയെയും, ഒപ്പംതന്നെ, പ്രാർത്ഥനയിലും വിശുദ്ധിയിലും വളർത്തിയ സ്വന്തം അമ്മയെയും തന്റെ 'ആത്മാനുതാപം' എന്ന കൃതിയിൽ മാതൃകകളായി ഉയർത്തിക്കാട്ടി.

സ്ത്രീവിമോചനം ഇന്ന് അതിപ്രധാനമായ ശ്രദ്ധ അർഹിക്കുന്ന ഒരു വേദിയായി മാറിയിരിക്കയാണ്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും സ്ത്രീ വിമോചനത്തെക്കുറിച്ചും നാം ഏറെ ശബ്ദിക്കുന്നുണ്ടെങ്കിലും അവൾ 'പരസ്യ'ത്തിനുള്ള ഒരു മാദ്ധ്യമമായി ഉപയോഗിക്കപ്പെടുന്നു. ഉപഭോക്താവിന്റെ ശ്രദ്ധ കവർന്ന്, താല്പര്യം തട്ടിയുണർത്തി, മോഹമുദിപ്പിച്ച്, ചലനമുണ്ടാക്കി നിർദ്ദിഷ്ട ഉല്പന്നം വാങ്ങാൻ നിർബന്ധിക്കുക എന്നതാണ് പരസ്യോദ്ദേശ്യം. എന്നാൽ ഉല്പന്നം വാങ്ങുന്നതോടെ പരസ്യധർമ്മം അവസാനിക്കുന്നില്ല. ഉപഭോക്താക്കളിൽ ഉത്പന്നത്തോട് അത്യാസക്തി ഉളവാക്കി അവരെ അതിന്റെ അടിമകളാക്കുക എന്നതാണ് പരസ്യത്തിന്റെ പിന്നിലെ രഹസ്യം. ഇപ്രകാരം സ്ത്രീയുടെ മഹത്വത്തെയും നന്മയെയും തരംതാഴ്ത്തി, അതിവിശിഷ്ടമായ അവളുടെ വ്യക്തിത്വത്തിന് കളങ്കംചാർത്തി അവളെ അടിമയാക്കുന്ന ഇന്നിന്റെ സംസ്കാരത്തിൽ വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് ഒരു വെല്ലുവിളിയായി നിലകൊള്ളുകയാണ്. തിന്മയുടെ കാർമേഘപടലങ്ങളാൽ ആക്രമിക്കപ്പെട്ട് അടിമകളാകാതെ പാവനമായ സ്ത്രീത്വത്തിന്റെ പരിശുദ്ധിയും നന്മയും ലോകസമക്ഷം തെളിച്ചുകാട്ടാൻ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഉത്തേജനം പകരട്ടെ.


## *C- Mission*, Ernakulam

**Address & Phones:**

**Fr. Mathew Kaniamparampil, CMI**
Managing Editor
CMI Generalate, P.B.No. 1056
Kochi- 682011. Kerala
Phone: 0484- 2376012, 2378137, 2378537
Mobile: 9846048595, Fax: 0484-2378363
E-mail: kaniamp@sify.com

**Fr. Jose Palatty, CMI**
Chief Editor
Christ the King Monastery
Karukutty, P.O. 683576, Ernakulam Dt. Kerala
Phone: 0484- 2612390, 2612484
E-mail: josepalattycmi@rediffmail.com

**Fr. James Mekkara, CMI**
Associate Editor
Phone: 08175-520442

# BLESSED CHAVARA AND MEDIA

*Fr. Jaison Puthur*
*Navchetana, Bhopal.*

Indian spirituality describes a sage as a person who is a Karma Yogi, or a Jnana Yogi, or a Bhakti Yogi. Bl. Kuriakose Elias Chavara was a person who could blend these three Yogas in his life. Such a person, according to Indian Spirituality is called a great soul or *Mahatma*. He was a great sage who imprinted an indelible mark in the history of Kerala Church.

Jesus Christ came to communicate the message that God is love and all are loved by God; He is our Father and we are his children. Those who realized and experienced Jesus message could not but share it with others. Bl. Chavara had experienced the encompassing Divine Love in his life. Then he deemed it as his prime duty to communicate his divine experience with others. Thus came his writings which vibrated the message of God's love. This article is an attempt to see how Bl. Chavara used media to spread the good News to all. Bl. Chavara was a visionary who had loftier dreams in life and he could convert dreams into reality.

"Dream, Dream, Dream
Dreams transform into thoughts
And thoughts result in action",

so says our present president of India, A. P. J. Abdul Kalam in his renowned book, *"Ignited minds"*. Bl. Chavara was a man with an ignited mind. He always trusted in God. His ardent Faith in God enabled him to be a man for others. He had enough courage to travel through an untreaded path; enough courage to visualize newer methods of communication. Goethe reminds us, "Whatever you can do or dream you can begin it. Boldness has genius, power and magic in it. Begin it now". Media apostolate was such a need of the hour, that Bl. Chavara made use of it to the maximum. So, writes, Z. M. Moozhoor in, *"Blessed Chavara: The Star of the East,"* 'Effective communication of the message of Christ was another important dream of Bl. Chavara". (P. viii)

**Launching a Press**

Bl. Chavara's painstaking efforts resulted in erecting a printing press and publishing house at Mannanam in 1846. It was mainly meant for the Catholics of Kerala for catholic publications. "We may be surprised to know that when *Nazrani Deepika* was started in 1887, it was in this wooden press that it was

printed during the first years." (P.11). Bl. Chavara wanted to revive the prayer life of Kerala Church. Preaching retreats and sermons during Mass every Sunday was part of it. He understood that along these sermons, if there were enough prayer books in the common language, people would benefit from it.

*"Thus, many good books and prayer books in Malayalam were printed and circulated, and as a result, a spiritual awakening spread throughout the Church, as the believers became more deeply religious. The first two books published from the printing press at Mannanam were Jnanapiyusham (The Spiritual Nectar) and Divya Mathruka (The Divine Model). The author of the Divine Model was Fr. Chavara himself. Afterwards he published his Jnanaprajagaram (The Vigil of Wisdom), Grahasta Dharmodyanam (A Garden of Family Moral Codes) and Jnana-nava-ratnam (Nine Jewels of Knowledge). Also the book, "Perpetual Adoration" was a great source of inspiration for thousands of people enabling them to grow in their spiritual life. It was not only a book of prayer, but a book of religious education. Its first edition was released in 1875.*

*In the life time of Fr. Chavara many devotional books were published from Mannanam. Countless copies of these books were printed and circulated among the people. Most of them are still used as popular books of devotion. Fr. Chavara's most popular book is "The Words of a Dying Father", a great work of moral guidance. It is considered by many to be the best book on family life ever published. Besides the nearly dozen works of Fr. Chavara, more than 3,000 additional titles were released from the press at Mannanam, established by Fr. Chavara. Establishing the press by Fr. Chavara led many to see him as a man gifted with vision. St. Joseph's Press at Mannanam stands today as a monument to Fr. Chavara's farsighted thirst to impart knowledge, interest in cultures and progressive thinking."* (*Bld. Chavara: The Star of the East,* Rev. Z. M. Moozhoor CMI P. No. 74, 75, 43)

## WRITINGS OF BL. CHAVARA

Bl. Chavara was truly a man of God. His deep communion with God enabled him to have proper communication with people of God. "In printing religious books and similar publications Blessed Chavara's avowed purpose was that improvement of life in the catholic families...His earnest desire was to give both the children and grown-ups sound training in pious Christian practices." (Herald of the East, Vol. I, Oct 3, 1991, No. 2, P. No. 61).

Bl. Chavara was a man of letters. He was a prolific writer. His spirituality is seen flowing in his writings. I would like to mention some of his famous writings which enabled many a person to experience a divine touch in their lives. Fr. Z.M. Moozhoor, in his latest book on the biography of Bl. Chavara or "*Aroopiyude*

*Meloppulla Manushyan*", says,that Bl. Chavara was a visionary who tried to improve the life style of people through his writings. In his poetic writings the most important one is *Atmanuthapam* (Compunction of the Soul). "The Bible and many foreign books including the Spanish 'city of God' by Maria Agreda have influenced the mind of the author of *Atmanuthapam.*" (Herald of the East Vol. II, Jan 3, 1991, No. 3, P. 79). This Epic poem is divided into 12 chapters dealing with the birth, teachings, death, and events following the death of Jesus Christ.

The other two important poetic creations are Dirge *(Marana Veettil Paaduvanulla Pana)* and Anasthasia's martyrdom *(Anasthasiayude Raktasakshyam)* Dirge is a collection of exhortations and anecdotes to prepare the people to face death with courage and confidence.

Anasthasias's Martyrdom depicts the story that happened in Rome in the 3rd century. A. D. under Valerian persecution, she became a martyr. She refused to worship Roman god 'Jove'. She sang the praises of Jesus, Her heavenly Spouse. She, along with one Cyrillos who offered her water to drink, was beheaded.

The other literary works of Bl. Chavara include: *Nalla Appante Chaavarul* ("Sayings of A Dying Father"), Letters *(chavarachante kathakal)*, Chronicle *(Nalagamam)*, etc.

**CONCLUSION**

He lived his life fully for God and for the people. He was the most vibrant person in the history of the Kerala Church. I would like to cite a passage from an article *"Ecclesial Dimension in Bl. Chavara's Endeavours"*, by Fr. Thomas Panthaplackal CMI: Here he says, "The dignity of man, who is endowed with both body and soul, was the basis for all his social activities and humanitarian services. In this he looked at the intellectual, corporal, social and religious values of the person beyond the limits of castes, colour, and creed. With the support and co-operation of his religious band, he initiated schools at Mannanam and Arpookara, for the socially weaker section Sanskrit school at Mannanam to cope with the upper class of the society, 'a school for a church' to have general education for all catholic press to upkeep faith and morals in the society and to build social and political consciousness, catechumenate for the faith formation and reunion movements to bring back the scattered. Fundraising: *Pidiyari, Kettuthengu* and 5% of the income of each parish was the means suggested by Fr. Chavara for the financial security of the Vicariate. He took leadership in all these activities for the spiritual renewal and building up of the Church and society."

The pioneering efforts of Bl. Chavara to educate the people through Print Media was extra-ordinary. He was a sage who converted dreams into reality

A noble soul who lived a life fully for God and his people. A man who used means of social communication to spread the kingdom values. A man who realized the importance of mass media and media apostolate. A visionary who still inspires others to work for the glory of God.

Today, media play an important role in the lives of society than at any other times – Now it is our duty to use the available means of social communication to spread the kingdom values. We should come forward and make a pledge to keep alive the little lamp that has been lit by Bl. Chavara. This is the right time for us to take drastic steps in the field of media apostolate. Our deep experience of God, our communion with triune God should enable us to communicate the message of God's love to others through our Media Apostolate. Imbibe the zeal of Bl. Chavara and become the messengers of God's love through the means of social communication. ❑

## ASK AND YOU SHALL RECEIVE....

I asked for strength…
  And God gave me difficulties to make me strong.

I asked for wisdom
  And God gave me problems to solve and become mature.

I asked for prosperity
  And God gave me the brain and brawn to work.

I asked for courage
  And God gave me obstacles to overcome.

I asked for love and appreciation
  And God showed me people who lost everything in life.

I asked for favours
  And God gave me opportunities.

I received nothing I wanted….
  But, I received everything I needed.

## മാന്നാനം - കൈനകരി തീർത്ഥാടന കേന്ദ്രങ്ങൾ

### മാന്നാനം :

- വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് 33 വർഷം ജീവിച്ചതും, അദ്ദേഹത്തിന്റെ പാദസ്പർശത്താലും, പ്രസംഗങ്ങളാലും, പ്രാർത്ഥനകളായും വിശുദ്ധീകരിക്കപ്പെട്ടതുമായ പുണ്യഭൂമി.
- ഈ പുണ്യപിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ വിലയം കൊള്ളുന്ന കബറിടം.
- ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസ സഭയായ സി.എം.ഐ.യുടെ ഉത്ഭവ സ്ഥാനവും മാതൃഭവനവും.
- അങ്ങകലെ വേമ്പനാട്ടുകായൽവരെ നോക്കെത്താവുന്ന പ്രകൃതി രമണീയമായ മാന്നാനം കുന്ന്.
- അനേകായിരങ്ങൾ അനുഗ്രഹം തേടിയെത്തുന്ന തീർത്ഥകേന്ദ്രം.
- ഈ വർഷത്തിന്റെ സവിശേഷത: ചാവറപ്പിതാവിന്റെ 200-ാം ജയന്തി വത്സരം.

**For contact :** Tel. 0481-2598150, 2597237

ഏറ്റുമാനൂർ നിന്നും 5. K.M.

കോട്ടയത്തുനിന്നും 8. K.M.

### കൈനകരി :

- പുണ്യചരിതനായ വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജന്മഗൃഹം
- ഭാരതത്തിന്റെ വെനീസും കേരളത്തിന്റെ നെല്ലറയും കടലിന്റെയും കായലിന്റെയും സംഗമസ്ഥാനവുമായ കുട്ടനാടിന്റെ കനകക്കുറി.

**For contact :** Tel. 0477-2724293, 2724240

ആലപ്പുഴയിൽ നിന്നും 45 മിനിട്ടു ബോട്ടുയാത്ര.

നെടുമുടിയിൽ നിന്നും 25 മിനിട്ടു ബോട്ടുയാത്ര.

# ചാവറയച്ചൻ ദിവ്യകാരുണ്യ ഭക്തിക്ക് കളമൊരുക്കിയ ക്രാന്തദർശി

*ഡോ. സെഡ് എം. മുഴൂർ*



ക്രൈസ്തവ ജീവിതത്തിൽ വിശുദ്ധ കുർബാനയുടെ നിസ്തുല പ്രാധാന്യം കണ്ടെത്തിയ വ്യക്തി ആയിരുന്നു, വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ചു വിജയം വരിച്ച മഹാന്മാരിൽ ഒരാൾ എന്ന നിലയ്ക്കല്ല ചാവറയച്ചനെ ഒരു ക്രൈസ്തവ സഭാംഗം കാണേണ്ടത്. സഭയോടൊപ്പം ചിന്തിക്കയും സഭയ്ക്കു ...തൃത്വം നൽകുകയും ചെയ്ത വ്യക്തി എന്നനിലയ്ക്കാണ്. സഭയെ ദിവ്യകാരു...ണ്യത്തിലൂടെയുള്ള അംഗങ്ങളുടെ കൂട്ടായ്മയായി അദ്ദേഹം കണ്ടു; അത് അനുവ...ദ്യമാക്കിത്തീർത്തു.

...വിഹ്വലതയുടെ വിഷപ്പുക ധൂസരമാക്കിയ സരണിയിലൂടെ പത്തൊൻപതാം നൂറ്റാ...ണ്ടിലെ സഭ നീങ്ങുകയായിരുന്നു. കൊടുങ്കാറ്റുകൾ ആഞ്ഞടിച്ച വേളയിൽ സഭാനൗ...കയെ എങ്ങനെ നയിക്കാമെന്നും എവിടേയ്ക്കു നയിക്കണമെന്നും ചാവറയച്ചന് ...ന്ന ബോധ്യമുണ്ടായിരുന്നു.

...തിരുസഭയുടെ ഏകതലവനായ മിശിഹായുടെ പ്രതിപുരുഷൻ പരിശുദ്ധ മാർപ്പാ...പ്പയാണ്. അവസാനവാക്ക് അദ്ദേഹത്തിൽനിന്നായിരിക്കണം. അതുകൊണ്ടാണ് ...റോക്കോസ് ശീശ്മയുടെ വേതാള ഘട്ടത്തിൽ മാർപ്പാപ്പായ്ക്കു നേരിട്ടെഴുതി ചാവറ...യച്ചൻ സത്യം കണ്ടെത്തിയത്. സഭാനേതൃത്വം എവിടെ എന്ന കാര്യത്തിൽ അദ്ദേഹ...ത്തിനു സന്ദേഹം ഇല്ലായിരുന്നു.

...കുർബാനയുടെ കൂട്ടായ്മയിൽ പടുത്തുയർത്തിയതാണ് സഭാസൗധം. ദിവ്യകാ...രുണ്യ ഭക്തിയിലൂടെ ജനങ്ങളെ ഒന്നിപ്പിക്കാൻ സമുചിതമാർഗമായി ആരാധനയെ ...ദ്ദേഹം സ്വീകരിച്ചു.

...കേരളത്തിൽ നല്പതുമണി ആരാധന എന്നത് ദിവ്യകാരുണ്യ ഭക്തിയുടെ മഹോ...ത്സവമായി മാറി. 1866-ൽ വിഭൂതിത്തിരുന്നാൾ കഴിഞ്ഞുള്ള വ്യാഴം വെള്ളി ശനി ...ന്നീ ദിവസങ്ങളിൽ കുനമ്മവിൽവച്ചാണ് ഇദംപ്രഥമമായി കേരളത്തിൽ ഈ ഭക്ത...കൃത്യം ആരംഭിച്ചത്. ആരാധനയുടെ ഒന്നാം ദിവസമായ വ്യാഴാഴ്ചത്തെ കർമ്മങ്ങ...ളിൽ പ്രീയോരച്ചൻതന്നെ ആയിരുന്നു പ്രധാന കാർമ്മികൻ.

1867-ൽ നോമ്പിനിടയ്ക്ക് വാഴക്കുളത്തും, അതേവർഷം നോമ്പുകഴിഞ്ഞുള്ള മൂന്നാ...മത്തെ ആഴ്ചയിൽ മാന്നാനത്തും, 1868-ൽ എൽത്തുരുത്തിലും ആഡംബരപൂർവ്വം ...നല്പതുമണി ആരാധന ഉദ്ഘാടനം ചെയ്തു. ഈ നാലു കൊവേന്തകൾക്കായി...രുന്നു, അന്ന് ഈ മഹോത്സവത്തിന് പശ്ചാത്തലമൊരുക്കുവാൻ കഴിയുമായിരുന്നത്. ...ഓരോ നാല്പതുമണി ആരാധനാ അവസരത്തിലും സമീപസ്ഥരായി പതിനായിരക്ക...ണക്കിന് ആളുകൾ പാപസങ്കീർത്തനം നടത്തി വിശുദ്ധകുർബാന സ്വീകരിച്ചിരുന്നു. ...അതുകൊണ്ട് ഈ ചടങ്ങിനെ 'ദോഷപൊറുതി' എന്നാണ് ജനങ്ങൾ വിളിച്ചിരുന്നത്.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അടുത്തകാലത്ത് പ്രസിദ്ധപ്പെടു "എക്ലേസിയാ ദെ എവുക്കരീസ്തിയാ" എന്ന ചാക്രിക ലേഖനം സഭയ്ക്ക് കി ട്ടുള്ള അമൂല്യമായ ഒരു പ്രബോധനമാണ്. 'കുർബാനയുടെ കൂട്ടായ്മ' എന്ന ക്കെട്ടിൽ പി.ഒ.സി. അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിശുദ്ധകുർബാനയെക്കുറിച്ച് പരിശുദ്ധ പിതാവ് നൽകുന്ന വ്യക്തിപരമായ മർശം നോക്കുക:

'പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ എന്റെ ശുശ്രൂഷ തുടങ്ങിയ കാലം മു കുർബാനയുടെയും പൗരോഹിത്യത്തിന്റെയും ദിവസമായ പെസഹാ വ്യാഴാഴ് ലോകത്തിലെ സകല കത്തോലിക്കാ വൈദികർക്കും ഒരു എഴുത്ത് അയച്ചുകെ എന്നും ഞാൻ ശ്രദ്ധേയമാക്കിയിട്ടുണ്ട്. ഈ വർഷം എന്റെ പ്രധാനാചാര്യത്വത്ത ജൂബിലിവർഷം സഭ മുഴുവനും കുർബാനയെ സംബന്ധിച്ചുള്ള ഈ പരിചിന്തനത കൂടുതൽ പൂർണ്ണമായി ഉൾപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവി ദിവ്യകാരുണ്യപരമായ മുഖത്തിനുമുമ്പിൽ നിൽക്കാതെയും കുർബാനയുടെ ശ്രേ യത സഭയ്ക്കു പുതിയ ഒരു ശക്തിയോടെ ചൂണ്ടിക്കാണിക്കാതെയും 2003 പെസഹാ വ്യാഴം കടന്നു പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'

വൈകാരിക തീക്ഷ്ണതയോടെ മാർപ്പാപ്പാ തുടർന്നു പറയുന്നു:

"വിശുദ്ധ കുർബാനയിൽനിന്നു സഭ തന്റെ ജീവൻ നുകരുന്നു. ഈ ജീവ അപ്പത്തിൽനിന്നു സഭ തന്റെ പോഷണം നേടുന്നു. നിത്യനൂതനമായ രീതിയ അത് അനുഭവിച്ചറിയുന്നതിന് എല്ലാവരേയും നിർബന്ധിക്കാൻ എനിക്കുതോന്ന രിക്കുന്നത് എങ്ങനെ?"

മാർപ്പാപ്പായുടെ ഇതേ മനോഭാവമാണ് ഒന്നര നൂറ്റാണ്ടുമുമ്പ് കേരള സഭയ സാരഥി ആയിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചന് ഉണ്ടായിരുന്നത്. നാല്പതുമണി ആ ധന, പതിമൂന്നുമണി ആരാധന, തിരുമണിക്കൂർ എന്നിവ കേരളീയ ക്രൈസ്തവ സ ഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിമാറി.

നാല്പതുമണി ആരാധനയ്ക്ക് സഭാത്മകമായ ഒരു ആധാരവും ചാവറച്ചൻ നൽ ന്നുണ്ട്. ഈശോയുടെ മരണാനന്തരം നീണ്ട നാല്പതുമണിക്കൂറുകളാണത്രേ നമ്മ അമ്മ പരിശുദ്ധ കന്യകമറിയം വ്യഥയിലും ധ്യാനത്തിലും മുഴുകി ചെലവഴിച്ചത്

ഇങ്ങനെ ത്രിലോകത്തിൻ
രാജ്ഞിയാം മഹാ നാഥാ,
മംഗലപ്പുത്ര ദുഃഖാൽ
നാല്പതു മണി കേണു (ആത്മാനുതാപം)

ഇവിടെ ദുഃഖമാണ് സ്ഥായീഭാവമെങ്കിലും തുടർന്നുള്ള വരികളിൽ പ്രത്യാശയ കനകപ്രഭ കാണാം:

ഉഷവാസരേ ഉഷ
സമയം തന്നിൽ നാഥൻ
സൂര്യനെ തോല്പിച്ചീടും
പ്രഭയാൽ ഉയർത്തീടും

നാല്പതുമണി ആരാധനയുടെ ലക്ഷ്യം പാപത്തിനുമരിച്ച് കർത്താവിനോ കൂടി ഉയിർക്കുക എന്നതാണെന്ന് കാവ്യഭംഗിയിൽ ചാവറയച്ചൻ വ്യക്തമാക്കുന്നു

...വാസരം എന്ന പ്രയോഗം (ഞായറാഴ്ച എന്നർത്ഥം) സഭാത്മക ചിന്തയുടെയും ...ശുദ്ധ കുർബാനയുടേയും പശ്ചാത്തലത്തിൽ ഏറെ വിശദീകരണം ഉൾക്കൊള്ളു ...താണ്.

...വർഷത്തിൽ ഒരിക്കൽമാത്രം നടത്തുന്ന നാല്പതുമണി ആരാധനാ മഹോത്സവ ...ൾക്കൊണ്ട് ചാവറയച്ചൻ തൃപ്തനായില്ല. ആ കാലഘട്ടത്തിൽ യൂറോപ്പിലെ സഭ ...ൽ പുതിയ ഭക്തിപ്രസ്ഥാനം രൂപം കൊള്ളുകയായിരുന്നു. മാർഗരറ്റ് മേരി അല ...ക്കിന് നമ്മുടെ കർത്താവ് ദർശനമരുളിയതും ദിവ്യകാരുണ്യഭക്തർക്ക് സ്വർഗീയ ...ദാനങ്ങൾ നൽകിയതും ഒരു നിമിത്തമായി. ധാരാളം ലഘുലേഖകൾ പുറത്തിറ... പാശ്ചാത്യ മിഷനറിമാരിൽനിന്ന് അവ ചാവറപ്പിതാവിനു ലഭിച്ചത് യൂറോപ്പിലേ ...ന്നു സമാന്തരമായ ഒരു ഭക്തി പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ കാരണമായിത്തീർന്നു. ...ദ്യവെള്ളിയാഴ്ച ഭക്തി കഴിഞ്ഞ ഒന്നര നൂറ്റാണ്ടിനിടയിൽ കേരളസഭയിൽ വരു ...യ പരിവർത്തനത്തിന് അതിരില്ല. ആദ്യവെള്ളിയാഴ്ച ഭക്തിയെ പാശ്ചാത്യമുറ ...ന്നു പറഞ്ഞ് തള്ളിക്കളയുന്നവർ അതിനുപകരം ഭക്തിസംവർദ്ധകമായ എന്ത് ...സ്ഥാനമാണു സഭയ്ക്ക് നൽകാൻ കഴിയുന്നത് എന്നുകൂടി കാണിച്ചു തരേണ്ടതാ... സഭ എപ്പോഴും വളർന്നിട്ടുള്ളത് സെമിനാറുകളും ചർച്ചാസമ്മേളനങ്ങളും വഴി ... ഭക്തി പ്രസ്ഥാനങ്ങളത്രെ സഭാജീവിതത്തിനും വളർച്ചയ്ക്കും ചലനാത്മക ...ക്കും എന്നും വഴിതെളിച്ചിട്ടുള്ളത്.

...പരിശുദ്ധ കുർബാനയുടെ ആചരണത്തിനും അർപ്പണത്തിനും ആരാധനയ്ക്കും ...മായ പ്രാധാന്യം നൽകിയ ചാവറയച്ചന്റെ പ്രവർത്തനങ്ങളെ സർവാത്മനാ സാധൂ ...ിക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ ചാക്രിക ലേഖനം.

ചാവറയച്ചന്റെ ക്രാന്ത ദർശിത്വത്തിനു നമോവാകം നേരാം. അദ്ദേഹം ഉദ്ദർശനം ...ഷിത ദിവ്യകാരുണ്യ ഭക്തി ജീവിതവ്രതമാക്കാം. ❑

## കേരളത്തിൽ പുരുഷന്മാർക്കായുള്ള ആദ്യ സന്ന്യാസാശ്രമങ്ങൾ

| | |
|---|---|
| മാന്നാനം | 1831 |
| കൂനമ്മാവ് | 1857 |
| എൽത്തുരുത്ത് | 1859 |
| വാഴക്കുളം | 1859 |
| പുളിങ്കുന്ന് | 1862 |
| അമ്പഴക്കാട് | 1868 |
| മുത്തോലി | 1870 |

# CMI CONGREGATION AT A GLANCE

Founded in 1831 at Mannanam.

| | |
|---|---|
| Present number of total members | 2754 |
| Bishops | 6 |

Bishop Gratian Mundadan, Bijnor
Bishop Gregory Karotemprel, Rajkot
Bishop Joseph Pastor Neelamkavil, Sagar
Bishop Vijay Aanand Nedumpuram, Chanda
Bishop Simon Stock Palathara, Jagdalpur
Bishop Joseph Kunnath, Adilabad

Chanda was the first Diocese given to the Syro-Malabar Church outsid[e] Kerala.

| | |
|---|---|
| Priests | 1415 |
| Permanent Deacons | 4 |
| Brothers | 41 |
| Priestly Students | 1186 |
| Novices | 180 |
| Provinces: | 13 |

| | |
|---|---|
| In Kerala: | 6 |
| Outside Kerala: | 7 |

Trivandrum
Kottayam
Kalamassery
Muvattupuzha
Thrissur
Kozhikode
Coimbatore
Mysore
Chanda
Jagdalpur
Sagar
Rajkot
Bijnor

Region : Bhavanagar

Houses and Residences: 288

| | | | |
|---|---|---|---|
| Houses abroad: | | | 3 |
| | Rome | | |
| | Bonn, Germany | | |
| | Brooklyn, U.S.A. | | |
| Major Seminaries | | | 3 |
| Novitiates : | | | 11 |
| | In Kerala : | 6 | |
| | Outside Kerala : | 4 | |
| | Outside India : Kenya : | 1 | |
| Aspirants' Houses | | | 27 |
| Parishes | | | 75 |
| Mission Centres | | | 135 |
| Medical College (Amala, Thrissur) | | | 1 |
| Engineering College (Rajagiri, Kakkanad, Ernakulam) | | | 1 |
| University Colleges | | | 17 |
| Parallel Colleges | | | 5 |
| B. Ed. Colleges | | | 4 |
| Polytechnic | | | 1 |
| Schools | | | 478 |
| Hospitals and Dispensaries | | | 48 |
| Social Service Centres | | | 99 |
| Rural Development Centres | | | 30 |
| Retreat Centres | | | 3 |
| Cultural and Dialogue Centres | | | 17 |
| Printing and Publishing Houses | | | 16 |
| Periodicals | | | 13 |
| Retreat Centre abroad: Carmel Centre, Tennessee, U.S.A. | | | 1 |

Today, 37% of the C.M.I. Priests work in the Missions outside Kerala, in India. 16% of the Priests work outside India in 20 Countries around the globe in:

- Africa
- South America
- U. S. A.
- Canada
- Europe
- Australia &
- Philippines.

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഉത്തമനായ മരിയപുത്രൻ

*ബ്ര. ബോസ് ഫിലിപ്പ്, മണ്ണാപറ*

മരിയൻ ശാസ്ത്രം എന്നത്തേക്കാളുമേറെ പച്ചപുതച്ച് ഫലം ചൂടി നിൽക്കുന്ന ക മാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരി. കന്യക നൽകിയ ദർശന മരിയൻ ശാസ്ത്രത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി. ജോൺ പോൾ രണ്ടാ മാർപ്പാപ്പ പ്രഖ്യാപിച്ച മരിയൻ വത്സരവും (1987-88) ജപമാല വർഷവും (2002 അദ്ദേഹം പുറപ്പെടുവിച്ച രക്ഷകന്റെ അമ്മ (Redemptoris Mater), കന്യകാമ ത്തിന്റെ ജപമാല (Rosarium Virginis Mariae) എന്നീ ചാക്രിക ലേഖനങ്ങളും യിലെ മാതൃവണക്കത്തിന് പുതിയ ഭാവം പകർന്നു.

ആദ്യനൂറ്റാണ്ടിൽത്തന്നെ മരിയ ഭക്തി സ്വന്തമാക്കിയതാണ് കേരള കത്തോലി സമൂഹം. ക്രിസ്തു ശിഷ്യനായ മാർ തോമാശ്ലീഹാ തെളിച്ചുതന്ന വിശ്വാസദീപ യിൽനിന്നും കേരളമാകെ കത്തിപ്പടർന്നതാണ് ദൈവമാതൃഭക്തി. പരിശുദ്ധ മ ത്തിന്റെ ബഹുമാനാർത്ഥം നടത്തപ്പെടുന്ന എട്ട് നോമ്പ്, പതിനഞ്ച് നോമ്പ്, ശനി ആചരണം, മെയ് മാസവണക്കം, ജപമാല മാസാചരണം, കുടുംബങ്ങ അനുദിന ജപമാല, ഉത്തരീയ ഭക്തി തുടങ്ങിയ ഭക്താഭ്യാസങ്ങൾ കേരളസഭ മാതൃഭക്തിയുടെ അനന്യതയെയാണ് ലോകത്തിനു മുൻപിൽ തുറന്നുവയ്ക്കുന ഇതിൽ അഭിമാനിക്കുമ്പോൾ ഇതിനു വഴി തെളിച്ച വ്യക്തിത്വത്തെ മറന്നുക 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിലങ്ങോളമിങ്ങോളം ഓടി നടന്ന് വചന വ്യാഖ്യാനത്തോടൊപ്പം മാതൃഭക്തിയും ദൈവജനത്തിന് പകർന്നു കൊട മഹാനായ കർമ്മയോഗി - വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ച ആണ് ഈ സവിശേഷമായ അവസ്ഥയ്ക്ക് കാരണക്കാരനായത്. ഇതിന് അദ്ദേഹ പ്രേരിപ്പിച്ചതോ ബാല്യം മുതൽ അറിഞ്ഞ് അനുഭവിച്ച ദൈവമാതൃസ്നേ യിരുന്നു. പരി. കന്യകയുടെ ആ വിനീത ദാസന്, അമ്മയെക്കുറിച്ച് പറയണമെ തന്റേതന്നെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുക മാത്രം മതിയായിരുന്നു. പരി. മ അദ്ദേഹത്തിന്റെ വൈദിക-സന്യാസ ജീവിതത്തെ അത്രയധികം സ്വാധീനിച്ചിരു

വാ. ചാവറയച്ചന്റെ ജീവിതം 'മരിയ പൂരിത'മായിരുന്നു എന്നു പറയുന്ന തെറ്റില്ല. അദ്ദേഹത്തിന്റെ ജീവിത വീഥിയിലെന്നും പുഷ്പദലങ്ങൾ വിതറിക്കെ പരിശുദ്ധ അമ്മ മുൻപേ നടന്നു. ബാല്യത്തിൽത്തന്നെ കുഞ്ഞു കുര്യാക്കോസ് ഭക്തിയിലും ദൈവമാതൃസ്നേഹത്തിലും പിച്ചവെച്ചു. സ്തന്യത്തോടൊപ്പം തനിക്ക് മാതൃഭക്തിയും പകർന്നു തന്നു എന്നാണദ്ദേഹം പറയുന്നത്. ആത്മാ പത്തിൽ, സ്വന്തം മാതാവിൽനിന്നും ലഭിച്ച ഈ ദൈവമാതൃസ്നേഹത്തേക്ക വികാര തീവ്രതയോടെ പ്രതിപാദിക്കുന്നുണ്ട്. രാത്രിയുടെ യാമങ്ങളിൽ ദ

ഭയം മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന തന്റെ അമ്മയിൽനിന്നും രാജരാജനായ ൗശോയോടും ദൈവമാതാവിനോടുമുള്ള പ്രാർത്ഥനകൾ അദ്ദേഹം പഠിച്ചു. കുഞ്ഞു വുകൊണ്ട് വാക്കുകൾ പെറുക്കിപ്പെറുക്കി പറഞ്ഞുതുടങ്ങിയപ്പോൾ മുതലേ ഈശോ ുടെയും പരിശുദ്ധ മറിയത്തിന്റെയും യൗസേപ്പിതാവിന്റെയും നാമങ്ങൾ ഹൃദിസ്ഥ ക്കി.

"..... എന്നവർ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്,
മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും
രാ ജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ
.....................................................
അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാ മീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും."

(ആത്മാനുതാപം, I/55-60; 67-70)

ശിശുവായ യേശുവിനെ പരിശുദ്ധ കന്യകാമറിയം ജറുസലേം ദേവാലയത്തിൽ ൾപവെച്ചതിനു സമാനമായൊരു സംഭവം കുഞ്ഞു കുര്യാക്കോസിന്റെ കാര്യത്തിലും ഭവിച്ചു. ശിശുവായ കുര്യാക്കോസിനെ തന്റെ അമ്മ വെച്ചൂർ പള്ളിയിൽ ദൈവമാ വിന് അടിമവെച്ചു. വളർന്നുവന്ന നാളുകളിൽ "നീ പരിശുദ്ധ ദൈവമാതാവിന്റെ ത്രനാണ്" എന്ന് അമ്മ ആവർത്തിച്ച് ഓർമ്മിപ്പിച്ചിരുന്നു.

"നിന്നുടെ നാഥ മാതാവവൾക്കു ദാസൻ നീയെ-
യെന്നിതു മനസ്സിലെപ്പൊഴും സ്മരിക്കണം"

(ആത്മാനുതാപം II/23-24)

അമ്മയുടെ ഈ ആഹ്വാനം അവസാനശ്വാസംവരെയും ചാവറയച്ചൻ ഹൃദയത്തിൽ ക്ഷിച്ചു. അതിന്റെ പ്രസരണമായിരുന്നു, തന്റെ ജീവിതത്തിലുടനീളം അദ്ദേഹം ത്വം നൽകിയ പ്രവർത്തനങ്ങളെല്ലാം. ദൈവമാതാവിന്റെ സഹായം തേടാതെ തൊരു വേലയും അദ്ദേഹം ആരംഭിച്ചിരുന്നില്ല; ആലോചിച്ചിരുന്നുമില്ല. വർഷം ാറും സെപ്റ്റംബർ 8-ാം തീയതി മാതാവിന്റെ പിറവിത്തിരുനാൾ ദിവസം അദ്ദേഹം ച്ചൂർ പള്ളിയിൽ പോയി തന്റെ പ്രതിഷ്ഠ നവീകരിക്കുകയും പരിശുദ്ധ മറിയത്തേ റിച്ച് പ്രസംഗിക്കുകയും ചെയ്തിരുന്നു. സെമിനാരി വിദ്യാഭ്യാസകാലത്തുതന്നെ, ന്റെ സഹപാഠികളോട് അദ്ദേഹം മാതാവിനേക്കുറിച്ച് ഹൃദയസ്പർശിയായി സംസാ ിരുന്നു.

രണ്ട് ഏതദ്ദേശീയ സന്യാസ സഭകളുടെ സ്ഥാപനത്തിൽ സുപ്രധാനസ്ഥാനം ഹിച്ച വാ. ചാവറയച്ചന്റെ ദൈവമാതൃഭക്തി, അവയ്ക്ക് പേര് നൽകിയപ്പോൾ വലിയ

സ്വാധീനം ചെലുത്തിയിരിക്കണം. 'അമലോത്ഭവദാസ സംഘവും' പരിശുദ്ധ കർമ്മ മാതാവിന്റെ നാമത്തിൽ സ്ഥാപിച്ച സ്ത്രീകൾക്കായുള്ള സന്യാസിനീ സഭയും അ ഹത്തിന്റെ ദൈവമാതൃഭക്തിയുടെ അടയാളങ്ങളാണ്. അദ്ദേഹം തന്റെ മരണപത്ര യിൽ ഇപ്രകാരം കുറിച്ചുവെച്ചു "പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവേശ്വരന്റെ സ ശേഷ കൃപയാൽ ദൈവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ ക്കാരായി വിളിക്കപ്പെട്ടു". അമലോദ്ഭവ ദാസസംഘത്തിന്റെ ദിനചര്യയിൽ മാ വണക്കത്തിനു സുപ്രധാന സ്ഥാനം നൽകിയിരുന്നു. മൂന്നു നേരത്തായി 153 മ ജപവും, വൈകിട്ട് ലുത്തിനിയയും ചൊല്ലിയിരുന്നു. ഉത്തരീയ ഭക്തിയും നിഷ്ക്കർ ച്ചിരുന്നു.

ചാവറയച്ചന്റെ മരിയ ഭക്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പിതാ ഉത്തമ സുഹൃത്തുമായിരുന്ന ലെയോപ്പോൾദ് മിഷനറി പറയുന്നത്, "പരിശുദ്ധ ദൈ മാതാവിന്റെ നേർക്ക് മകനടുത്ത പ്രിയവും സ്നേഹവുമായി കൂടെക്കൂടെ തന്റെ സ്തു കളെ പറയുകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷപ്പെട്ട ഭക്തിയെ പ പ്പാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നു" എന്നാണ്. ദൈവമാതാവിനോട് അ ക്ഷിച്ച് വലിയ പ്രതിസന്ധികളെ തരണം ചെയ്തതിന് ചാവറയച്ചന്റെ ആദ്ധ്യാത്മ കൃതികൾ സാക്ഷ്യം വഹിക്കുന്നുണ്ട്. "എനിക്കും എന്റെ ആത്മഗുരു പെ.ബ.ദെല ദായ മൂപ്പച്ചനും എത്രയും വലിയ ഒരു ദുഃഖം വന്നാറെ നമ്മുടെ കന്യാസ്ത്രിക ക്കൊണ്ട് 3 രാജകന്നി - 3 എത്രയും ദയയുള്ള മാതാവേ എന്ന ജപവും അപേക പിച്ചു - ഉടൻ ഈ ഉണ്ടായ മലപോലെ വന്ന കാര്യം, മാതാവ് പൂപോലാക്കുക ചെയ്തു" (ആദ്ധ്യാത്മിക കൃതികൾ, 47-ാം പുറം)

1854 ൽ പുണ്യശ്ലോകനായ ഒൻപതാം പീയൂസ് മാർപ്പാപ്പ മറിയത്തിന്റെ അമ ത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതറിഞ്ഞ് എല്ലാ കൊവേന്തകളിലും ആഘോ ഷമായ പാട്ടുകുർബാനയും സ്തോത്രഗീതവും (ലാക് ആലാഹാ) പാടുവാൻ ചാ യച്ചൻ നിർദ്ദേശിച്ചു. ആ വർഷത്തെ അമലോത്ഭവത്തിരുനാൾ ആഘോഷപൂർ നടത്തി. തിരുനാളിൽ അദ്ദേഹം തന്നെ മാതാവിന്റെ അമലോത്ഭവത്തേക്കുറിച്ച് പ്ര ഗിക്കുകയുണ്ടായെന്ന് പോരൂക്കര കുര്യാക്കോസ് ഏലിയാസച്ചൻ സാക്ഷ്യപ്പെടുത ന്നുണ്ട്. ഈ തിരുനാളിന്റെ ഒന്നാം വാർഷികത്തിലാണ് 1855 ഡിസംബർ 8 ന് ചാ യച്ചനും ആദ്യപിതാക്കന്മാരും ആദ്യമായി വ്രതമനുഷ്ഠിച്ചത്.

അമലോത്ഭവ ദാസസംഘത്തിന്റെ സഹോദരീ സഭയായി വാഴ്ത്തപ്പെട്ട ചാ സ്ഥാപിച്ച സഭയുമായും അദ്ദേഹത്തിന്റെ മരിയ ഭക്തി അഭേദ്യമായി ബന്ധപ്പെട്ടി ക്കുന്നു. "അമലോത്ഭവ വി. കർമ്മല മാതാവിൻ കന്യാസ്ത്രീ മഠം' എന്ന പേരി സ്ത്രീകൾക്കായി മഠം സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മാ വിന്റെയും യൗസേപ്പിതാവിന്റെയും വിവാഹത്തിരുനാൾ സമാപിച്ച ദിവസമാണ് പന മഠത്തിന്റെ പണി ആരംഭിച്ചത്. ശിലാസ്ഥാപവേളയിൽ മാതാവിന്റെ കാശുരൂപ നിക്ഷേപിച്ചിരുന്നു. കൊന്ത നിർമ്മാണമായിരുന്നു കന്യാസ്ത്രീകളുടെ ആദ്യ ജോലി. മഠത്തിന് ഏറ്റവും നിസ്സാരമായ വസ്തു കൈമാറുമ്പോഴും 'ദൈവമാ വിന്റെ സ്തുതിപ്പിനായിട്ട്' എന്നദ്ദേഹം പറഞ്ഞിരുന്നു. മഠത്തിലെ ആദ്യാംഗങ്ങ

ആദ്യവ്രതാർപ്പണം നടത്തിയത് 1868 ജൂലൈ 16 ന്, പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ദിവസമായിരുന്നു. അവർക്കു പുതിയ നിയമാവലി നൽകിയതും, അത് അനുസരിച്ചു തുടങ്ങിയതും ജൂലൈ 16 ന് ആയിരുന്നു.

ക്രൈസ്തവ കുടുംബങ്ങൾ മാതൃഭക്തിയിൽ വളർന്നുവരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. കേരളത്തിലെ സുപ്രസിദ്ധ ധ്യാനഗുരുവായിരുന്ന ചാവറയച്ചൻ ദൈവവചനം പങ്കുവയ്ക്കാൻ ലഭിച്ച വേദികളിലെല്ലാം ദൈവമാതൃഭക്തിയേപ്പറ്റി തീർച്ചയായും പ്രസംഗിച്ചിരിക്കണം. തന്റെ ചാവരുളിൽ, കുരിശുമണിയടിക്കുമ്പോൾ ത്രിസന്ധ്യാജപം കുടുംബങ്ങളിൽ ചൊല്ലണമെന്നും, ശനിയാഴ്ചകളിൽ ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായിട്ട് വി. കുർബാനയിൽ സംബന്ധിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. കുഞ്ഞുങ്ങൾ സംസാരിക്കാൻ പഠിച്ചുതുടങ്ങുമ്പോൾതന്നെ അവരെ 'ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ' ചൊല്ലുവാൻ പഠിപ്പിക്കണമെന്നും, അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കുകയും മുത്തിക്കുകയും ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

ഈശോമിശിഹായെ 'അപ്പാ' എന്ന് അതിദാഹത്തോടെ വിളിച്ചു പ്രാർത്ഥിച്ച ചാവറയച്ചൻ ദൈവമാതാവിനെ തന്റെ സ്വന്തം അമ്മയായി കണ്ടു സ്നേഹിച്ചു. പരി. കന്യകാമറിയത്തെ അമ്മയായി സ്വീകരിച്ചപ്പോൾതന്നെ ആ അമ്മയോട് പുത്രനടുത്ത സ്നേഹവും, അമ്മയോടുള്ള കടപ്പാടിനേക്കുറിച്ചുള്ള ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. വെറുതേ 'അമ്മേ' എന്നു വിളിക്കുക മാത്രമല്ല താൻ ആ അമ്മയുടെ പുത്രനാണ് എന്ന് ജീവിതത്തിലൂടെ തെളിയിക്കുകയും ചെയ്തു, വാ. ചാവറയച്ചൻ. ഇതിന്റെ സ്ഫുലിംഗങ്ങളാണ് ആത്മാനുതാപത്തിലെയും ഇതര കൃതികളിലെയും ദൈവമാതൃവിശേഷണങ്ങൾ. സ്രഷ്ടാവിൽ മാതാവ്, മണവാട്ടി, പിതാവിന്റെ ദാസി, ദേവമാതാവ്, സൂര്യദേവ ജനനി, അരുണോദയ സാഗര താരം, ഭൂമിനാഥ, ത്രിലോക രാജ്ഞി തുടങ്ങിയവ ഉദാഹരണങ്ങളാണ്. മരണസമയത്ത് അമ്മയുടെ തിരുമുഖം ദർശിക്കണമെന്ന അതിയായ ആഗ്രഹമാണ്

"മരണമെന്ന തിരയിറക്കിൽ ദയ നിറഞ്ഞ തിരുമുഖം
നയനമെന്നതിന്നു ദൃശ്യമാക്കുവാനപേക്ഷയും"

(ആത്മാനുതാപം, പുറം 270)

എന്ന പ്രാർത്ഥനയിൽ മിന്നി നിൽക്കുന്നത്. ശൈശവം മുതൽ മരണം വരെ പരിശുദ്ധ മറിയത്തോടൊത്തു യാത്ര ചെയ്ത വാ. ചാവറയച്ചൻ തന്റെ ജീവിതമാതൃകയിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നതിതാണ്: "മരിയ ഭക്തരാകുവിൻ; മരിയ മക്കളാകുവിൻ'. ❑

## THE CMC CONGREGATION:
## A STATISTICAL SUMMARY

Established in 1966.

| | | |
|---|---|---|
| Provinces | | 20 |
| In Kerala: | 13 | |
| Outside Kerala: | 7 | |
| Regions | | 7 |
| Professed Sisters | | 6170 |
| Novices | | 252 |
| Houses in India | | 377 |
| Houses abroad | | 29 |
| Mission Centres | | 176 |
| Colleges | | 5 |
| Parallel Colleges | | 14 |
| Training Schools | | 5 |
| Schools | | 435 |
| Hospitals & Health Centres | | 44 |
| Printing Houses | | 11 |
| Orphanages | | 40 |
| Home for the Aged | | 14 |
| Schools for the Mentally challenged | | 17 |

# धन्य चावरा का जीवन दर्शन

*अजी सेबास्टिन, भोपाल*



दो हजार साल पहले एक महान व्यक्ति ने दुनिया के इतिहास को दो ...हिस्सों में बांट दिया। पुराने के पकड में जरा, - जीर्ण हो गये मानव जाति को - प्यार की नयी रास्ता खोलकर उसने इतिहास रचाए। वैसे ही दो सौ साल पहले उनका ऐक चेला केरल की कलिसियों में नया मार्ग की शुरुआत की। धन्य कुरियाकोस एलियास चावरा की द्वितीय शताब्दी जयन्ती मानते वक्त पुण्य पिता के सामने मैं सम्मान पूर्वक हाथ जोडता हूँ। क्योंकि धन्य चावरा आज की दुनिया के एक श्रेष्ठ नमूना है।

हर एक इन्सान को एक बडा उत्तरदायित्व सौंप दिये हैं। यह दुनिया से गुजरते वक्त इतिहास में एक नया पन्ना जोडना। वरन बहुत कम लोग यह बुलावे को साक्षात्कार करते हैं। वे लोग सदियों तक जिन्दा रहते हैं और बाकी लोग धूल की कब्र में विलीन हो जाते हैं। आज धन्य चावरा इसलिए इतिहास में जीवित हें कि उसने इतिहास में एक नया पन्ना जोडकर दुनिया से अल्विदा ले लिया। जीवन की हर क्षेत्र में उसने परिवर्तन लाई। धन्य चावरा एक भक्त था। धन्य चावरा ने ज्ञान, कर्म, भक्ति मार्गोको अपना जीवन में तालमोल कर रखा था। मानवों की आध्यात्मिक ओर सामाजिक जीवन में सुधार लाने के लिए उन्होनें कठिन परिश्रम किया। धन्य चावरा के क्रियाकलापों के बारे में चर्चा करने में नहीं चाहता हूँ मगर ऐसी कुछ बातें बताऊं, जो उनके कामयाबी का राज थी।

## सपना की शक्ति

धन्य चावरा ऐसा व्यक्ति था जिसने सपना की शक्ति समझी। वह एक स्वप्नदर्शी था उसने परिवर्तनों के सपने देखा और जीवन में सपनों की साक्षात्कार देखा। जीवन की सभी बोतों का बीज की शुरुआत मन से या मनन से होती है। "मानव" या "मनुष्य" वाक्य का मूल संस्कृत शब्द "मन" से होता है। इसलिए मैं उनको मानव कहता हूँ जो मनन करता है। आधुनिक तर्क शास्त्र के पिता डेकार्ट कहता है कि मैं इसलिए अस्तित्व को महसूस करता हूँ कि मैं विचार करता हूँ। ये सव धन्य चावरा के जीवन में सत्य स्थापित हो गये थे। इसलिए धन्य चावरा का अस्तित्व इतिहास में हमेशा के लिए जीवित है। आज दुनिया में सपने देखने वाने बहुत कम हैं। सपना और स्वैर कल्पना में अन्तर है। स्वैर कल्पना अनजाने में होता है बहुत लोग यही रास्ते में गुजरते हैं। सपना का मतलब और कुछ है, ये जानबूझकर होते है।ख्याल सिर्फ एक ही बात में हैं। लोग सपने देखने को इसलिए डरते हैं कि वे पुराने के पकट में सुरक्षित सोचते हैं। क्योंकि नई रास्ते के बारे में कोई जानकारी नहीं, पथरीली है, कांटों से भरा है। यहां अवश्य जोखिम उठाना पडता है। सपनों का मनुष्य किसी से डरते नहीं वह आगे की ओर कदम उढाते हैं, जैसे धन्य चावरा ने किया।

## शून्य से सृष्ठी

दूसरा राज यह था कि धन्य चावरा ईश्वर के अलावा किसी के ऊपर भरोसा नहीं रखा। बहुत कूछ कार्य खाली हाथ से उसने प्रारंभ किया। उनको मालूम नहीं था कि ये सब कैसे संभव होगा। आजकल हम सेवा करने से पहले पैसा बटोरने को सौचते हैं। कुछ है, तो करेंगे। हम सम्पत्ति से बहुत सेवा करते हैं फिर भी विजय महसूस नहीं करते है। सृष्ठी हमेशा शून्यता से होते है। धन्य कुरियाकोस ने खाली हाथ से विजय पा लिया। जहां भी खाली हाथ से प्रस्थान हुई वहां लाजवाब जीत होती है। संत फ़ांसिस, धन्य मदर टेरेसा, ये सब इसका नमूना है।

## प्रार्थना से शक्ति

तीसरा राज है प्रार्थना। प्रार्थना का मेरा अर्थ यह है कि अपने पास बैठना, खुद को जानना। जो खुद को जान लिया उसको खुदा का जान भी हो गया है। धन्य चावरा घन्टे वर अपने पास समय व्यतीत किया। वह मौन को प्यार किया और मौन में शब्द बीज का गर्भधारण हुआ। धन्य चावरा ने बहुत कूछ कार्यों को जन्म दिया। वे सब मौन की गर्भ से हुये। निश्चलता में चलन। लोग सोचते हैं "सेवा ही प्रार्थना", सही तो है। करते रहो, करते रहो पर आखरी में ऊब जाते हैं और असफलता महसूस करते हैं इन लोग बहुत काम करते हैं, दूसरों से सलाह या सुझाव लेते हैं वरन अपना दिल का आवाज सुनते नहीं। आप लोग गौर से महात्माओं का जीवन खोज करो, जरूर मिल जायोंगे, दिल की आवाज की शक्ति।

## मसिहा बनो, मसीहा

आखिरी बात यह है कि धन्य कुरियाकोस मसीहा बनकर अपना एक असली रास्ता खोल दिया। हम सिर्फ येसु का नकली बनने से कुछ अर्थ नहीं है। नकली चीजें बाजार में बहुत सस्ते में बिकते हैं पर असली को करोडों रुपया देना पडता है। धन्य चावरा ने बहुत कार्य शुरु कर दिये, अपने समय के अनुसार। दो सौ साल बाद उनके अनुयायिओं बही कामों में व्यस्त हैं पर वो सब व्यर्थ है। क्योंकि जीवन एक परिणाम है। हर एक इन्सान यह सिलसिला का एक कडी मात्र है। परंपरा में जो कुछ हुए वे सब परिणाम यात्रा में आगे बढने की सीडियां है। धन्य चावरा एक नमुना मात्र है। उनके जीवन में छुपा हुआ राज पाकर मसीहा बनना है हम, नया रास्ता खोलना है हम। नकली बनना आसान है मगर असली बनना कठिन है।

# കുടുംബ ഭദ്രതയ്ക്കുവേണ്ടി 25 ചാവറ സൂക്തങ്ങൾ

വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ തന്റെ മരണപത്രത്തിൽ (ചാവരുൾ) കുടുംബങ്ങൾക്കായി നൽകിയ അനർഘ ഉപദേശങ്ങളിൽ നിന്നും:

*Compiled by Fr. Mathew Kaniamparamp*

1. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം അടിയുറച്ചതായിരിക്കണം. എങ്കിൽ കുടുംബത്തിൽ അനുഭവവേദ്യമാകുന്ന സ്നേഹവും, ശാന്തിയും, സൗഹൃദവുംവഴി, ഇ ലോകജീവിതത്തിൽ നേരിടേണ്ടതായി വരുന്ന ദുഃഖങ്ങളെയും സമസ്യകളെയ അതിജീവിക്കുവാൻ അവർക്കു കഴിയും.
2. കുടുംബാന്തരീക്ഷത്തിൽ നല്ലക്രമവും സമാധാനവും നിത്യരക്ഷയെക്കുറിച്ചു ചിന്തയും നിലനില്ക്കണം. ഈ ചിന്തയുടെ അഭാവംമൂലം, നല്ല സാമ്പത്തി സ്ഥിതിയിലായിരുന്നിട്ടുപോലും പല കുടുംബങ്ങളും ക്ഷയിച്ചുപോയിട്ടുണ്ട്.
3. ഓരോ കുടുംബത്തിലും അംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ അ സ്ഥാനം സ്നേഹമായിരിക്കണം. രക്തബന്ധത്തിൽനിന്ന് ഉരുത്തിരിയുന്ന ഇ സ്നേഹമാണ് അന്യോന്യം അംഗീകരിക്കുവാനും പരസ്പരം തെറ്റുകൾ ക്ഷ ക്കുവാനും അവർക്കു പ്രചോദനമരുളേണ്ടത്. തറവാടുകൾ തമ്മിൽ ഒരിക്കല തർക്കങ്ങൾക്കും വഴക്കുകൾക്കും പോകരുത്.
4. വൈരാഗ്യത്തോടെ മറ്റുള്ളവരോടു പ്രതികരിക്കുന്നത് മൃഗീയ സ്വഭാവമാണ എന്നാൽ, മനുഷ്യമനസ്സിന്റെ ശക്തിയും വൈശിഷ്ഠ്യവും അടങ്ങിയിരിക്കുന്നത വിവേകവും ക്ഷമയും പ്രകടിപ്പിക്കുന്നതിലത്രെ.
5. സഹോദരങ്ങൾക്കും മറ്റു കുടുംബാംഗങ്ങൾക്കും എതിരായി കേസുകൾ കോടത കളിലേയ്ക്ക് വലിച്ചിഴയ്ക്കരുത്. ഹൃദയങ്ങൾ തമ്മിൽ കൂടുതൽ അകലുവാ അതു കാരണമാകും.
6. മറ്റുള്ളവരോടു കടം വാങ്ങിച്ച് ചെലവു ചെയ്യാതിരിക്കുവാൻ പരിശ്രമിക്കുക. അ ങ്കിൽ, അതിന്റെ കടബാധ്യത പിൻ തലമുറകൾക്കു ഭാരമാകും.
7. നീ സമ്പന്നനാണെങ്കിൽ, അതു കൊട്ടിഘോഷിക്കരുത്. വിനീത ഭാവത്തോ ജീവിതം നയിക്കുവാൻ പരിശ്രമിക്കുക. വിവാഹം തുടങ്ങിയ ആഘോഷങ്ങളി കഴിയുന്നതും ആഢംബരം ഉപേക്ഷിക്കുക. ഒരു വൈക്കോൽ തുറുവിൽ ആളിക ത്തുന്ന അഗ്നി നൈമിഷികമാണ്. എന്നാൽ ഒരു വിളക്കിൽ സദാ കത്തിനിൽക്കുന ചെറിയ അഗ്നി നാളം കൂടുതൽ ശ്രേഷ്ഠമത്രെ.
8. ദൈവവിശ്വാസവും നിഷ്ഠയുമുള്ള കുടുംബങ്ങളുമായി വേണം നിങ്ങൾ ബന്ധു സ്ഥാപിക്കേണ്ടത്. ഭൗതിക സമ്പത്തായിരിക്കരുത് പ്രധാന മാനദണ്ഡം.
9. നിങ്ങളുടെ കുടുംബങ്ങളിൽ അധ്വാനശീലം നിലനില്ക്കണം. അലസമായി സമയ കളയരുത്. അലസത പല ദുർഗുണങ്ങൾക്കും ആരംഭം കുറിക്കുന്നു.
10. മദ്യപാനം എന്ന ദുശ്ശീലം നിങ്ങളുടെ കുടുംബങ്ങളിൽ പ്രവേശിക്കരുത്. അ കുടുംബ ബന്ധങ്ങളെ ശിഥിലീകരിക്കും.

11. നിങ്ങൾ ബിസിനസ്സു നടത്തുമ്പോൾ നീതി കൈവെടിയരുത്. കളവും സൂത്രവും കൊണ്ടു കെട്ടിപ്പടുത്ത സമ്പത്തു മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

12. മറ്റുള്ളവർക്കുവേണ്ടി എന്തെങ്കിലും സഹായമോ സേവനമോ ചെയ്യാത്ത ദിവസം നിങ്ങളുടെ ജീവിതത്തിലുണ്ടാകരുത്. നിങ്ങളുടെ ആയുസ്സിന്റെ കണക്കെടുപ്പിൽ ദൈവം ആ ദിവസം ചേർക്കുകയില്ല. ഭിക്ഷക്കാർ നിങ്ങളുടെ വീട്ടിൽ വരുമ്പോൾ അവരെ ആട്ടിപ്പായിക്കരുത്.

13. ആഡംബരംപോലെതന്നെ ലുബ്ധും ഒരു തിന്മയാണ്. നിങ്ങളുടെ ധനം മനുഷ്യ നന്മയ്ക്കുവേണ്ടി ചെലവഴിക്കണം. അല്ലെങ്കിൽ അതു ധാർമ്മികതയല്ല.

14. നിങ്ങളുടെ സ്നേഹബന്ധങ്ങൾ വിവേക പൂർണ്ണമായിരിക്കണം. ധാർമ്മികതയുള്ളവരുമായി മാത്രമായിരിക്കണം നിങ്ങളുടെ സമ്പർക്കവും കൂട്ടുകെട്ടുകളും.

15. നിങ്ങളുടെ ജോലിക്കാർക്കു നീതിനിഷ്ഠമായ വേതനം നല്കണം. പാവപ്പെട്ടവരെയും ബലഹീനരേയും നിന്ദിക്കരുത്. അവരുടെ കണ്ണീർക്കണങ്ങൾ നിങ്ങൾക്കെതിരായി ദൈവത്തിന്റെ മുമ്പിൽ നിലകൊള്ളും.

16. നിങ്ങളുടെ കുഞ്ഞുമക്കളെ വിനയത്തിലും ആത്മനിയന്ത്രണത്തിലും വളർത്തണം. ശരീരസൗന്ദര്യത്തിന്റെ അമിതമായ പ്രകടനവും, അടക്ക ഒതുക്കമില്ലാത്ത വസ്ത്രധാരണവും ആപത്തിലേയ്ക്കു നയിക്കും.

17. മൂല്യങ്ങളും പ്രചോദനങ്ങളുമടങ്ങിയ നല്ല പുസ്തകങ്ങൾ കുട്ടികൾക്കു വായിക്കുവാൻ നല്കണം. അവർ ചീത്തപ്പുസ്തകങ്ങൾ വായിക്കുന്നുണ്ടോ എന്ന് അന്വേഷിക്കണം. ചീത്തപ്പുസ്തകങ്ങൾ കൈവശം വയ്ക്കുന്നത് വൈക്കോലിൽ തീ സൂക്ഷിക്കുന്നതിനു തുല്യമത്രെ.

18. നിങ്ങളുടെ ദിനചര്യയിൽ നല്ല നിഷ്ഠയും ക്രമവും ഉണ്ടായിരിക്കണം. അതു കുത്തഴിഞ്ഞ ഒരു പുസ്തകംപോലെ ആകരുത്.

19. മക്കളുടെ നല്ല വളർത്തലിൽ നിങ്ങൾക്കു ശ്രദ്ധയുണ്ടായിരിക്കണം. അവരെ ദൈവസന്നിധിയിൽ അനുദിനം ഓർത്തു പ്രാർത്ഥിക്കണം.

20. മക്കളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ നല്ല ശ്രദ്ധ വയ്ക്കണം. അവരുടെ കൂട്ടുകെട്ടുകൾ തെറ്റായ വഴിക്കുതിരിയുന്നുണ്ടോ എന്നും കൂടെക്കൂടെ അന്വേഷിക്കണം.

21. മക്കളെ കുറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ മാതാപിതാക്കൾ വളരെ വിവേകവും മിതത്വവും കാണിക്കണം.

22. ചെറുപ്പത്തിൽത്തന്നെ മക്കളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. അടിയുറച്ച ദൈവവിശ്വാസത്തോടെ അവർ വളർന്നു വരട്ടെ.

23. മക്കൾ പ്രായമാകുമ്പോൾ തങ്ങളുടെ ജീവിതാന്തസ് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ മാതാപിതാക്കൾ അവർക്കു സ്വാതന്ത്ര്യം നല്കണം.

24. മാതാപിതാക്കൾ പ്രായാധിക്യത്തിലെത്തുന്നതിനു മുമ്പുതന്നെ, അതായത് അവരുടെ ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പുതന്നെ, മരണപത്രം എഴുതി വയ്ക്കുകയും ഭാഗഉടമ്പടി ചെയ്യുകയും വേണം.

25. മക്കൾ തങ്ങളുടെ മാതാപിതാക്കളെ എപ്പോഴും ആദരിക്കണം. അവരുടെ വാർദ്ധക്യത്തിലും രോഗാവസ്ഥയിലും അവരെ പൊന്നുപോലെ സംരക്ഷിക്കണം. എങ്കിൽ, അവർക്കു ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കും. ❑



തോമ്മാച്ച

# ജീവൻധാര - 10

## ആശ്രമ ശൈലി - I

*മുൻ ലക്കങ്ങളിൽ പ്രസിദ്ധീകൃതമായ 'ജീവൻധാര' പരമ്പരയുടെ തുടർച്ച. സമർപ്പിത ജീവിത ശൈലിയിലെ പുതിയ ഊന്നലുകൾ.*

### സാർവ്വജനീനം

ആശ്രമ പ്രസ്ഥാനത്തിന്റെ ചരിത്രമായിരുന്നു മുൻ ലേഖനത്തിലെ പ്രതിപ ദ്യവിഷയം. ഇനി ആശ്രമജീവിതത്തിന്റെ പ്രത്യേകതകളെക്കുറിച്ചു പറയാം. എല്ല വർക്കും ഒരുപോലെ സ്വീകരിക്കാവുന്നൊരു ജീവിതമാണിത് എന്നതാണ് ആദ്യത്തെ പ്രത്യേകത. അതായത്, സന്ന്യാസികൾക്കെന്നോ, വൈദികർക്കെന്നോ, ക്രൈസ്ത വർക്കെന്നോ ഒന്നും നിബന്ധനയില്ലാത്തൊരു ജീവിതശൈലി. ജാതിമതഭേദമെന്നേ ജീവിതത്തിന്റെ ഏത് അന്തസ്സിലും മണ്ഡലത്തിലുമുള്ള സ്ത്രീകൾക്കും പുരുഷ ന്മാർക്കും ഒരുപോലെ സ്വീകരിക്കാവുന്നൊരു ജീവിതശൈലി. അതിന്റെ തുടക്കക്ക രിൽ പ്രമുഖനാണ് ഗാന്ധിജി എന്ന് മുൻലേഖനത്തിൽ പറഞ്ഞല്ലൊ. ഒരു കുടുംബ ജീവിതക്കാരനും രാഷ്ട്രമീമാംസകനും സാമൂഹ്യപ്രവർത്തകനും ജനനേതാവുമായി രുന്നു അദ്ദേഹം. ഭാര്യ കസ്തൂർബയും അദ്ദേഹത്തോടൊരുമിച്ച് ആശ്രമത്തിൽതന്നെ വസിച്ചു. സാർവ്വജനീനമായൊരു ജീവിതശൈലിയാണ് "ആശ്രമ"മെന്നതുകൊണ്ട് മനസ്സിലാക്കേണ്ടത് എന്നതിന് ഇതിലധികം തെളിവുവേണ്ടല്ലൊ. (മുന്നൊരു ലേഖന ത്തിൽ പരാമർശിച്ച "ചതുരാശ്രമ"വുമായി പൊരുത്തപ്പെടുന്നതെങ്കിലും, അല്പം വേറിട്ടു നില്ക്കുന്നൊരു ചിന്തയാണിവിടെ).

### ഊടും പാവും

ആശ്രമജീവിതശൈലിക്ക് ഊടും പാവുമായി വർത്തിക്കുന്ന രണ്ടു കാര്യങ്ങളുണ്ട് ഒന്നാമതായി, ഇതു മുഖ്യമായും വ്യക്തി ജീവിത (personel life) മാണ്, സ്ഥാപന (institution)മല്ല. വ്യക്തി അഥവാ വ്യക്തികൾ (persons) ക്കാണ് പ്രാധാന്യം, സ്ഥാപ നത്തിനല്ല. വ്യക്തിയുടെ ജീവിത (life)ത്തിന്മേലാണ് ഊന്നൽ, അയാൾ നടത്തുന്ന സ്ഥാപനത്തിന്മേലല്ല. രണ്ടാമതായി, ഗ്രാമസംസ്കാര(village culture)മാണ് ആശ്രമ ശൈലിക്ക് ആധാരവും പ്രചോദനവുമായി നിലകൊള്ളുന്നത്. വേറെ വാക്കുകളിൽ ഗ്രാമസംസ്കാരത്തിന്റെ മൂല്യങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ളൊരു ജീവിതമാണി ത്. ഈ രണ്ടു കാര്യങ്ങൾ സാവകാശം വ്യക്തമാക്കാം, വ്യക്തമാക്കാം.

### തുറവി

ആശ്രമജീവിതത്തിന്റെ മൗലികാദർശങ്ങളാണ് തുറവി (openness) യും ലാളിത്യ (simplicity)യും. ഇവയിൽ തുറവിയെക്കുറിച്ച് ആദ്യം പറയാം. മറ്റാരും അറിയരുത് മനസ്സിലാക്കരുത് എന്ന രീതിയിൽ ഒന്നും ഉണ്ടാകരുത് എന്ന നിലപാടാണ് തുറവി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സുതാര്യത (transparency) എന്നു പറയാം ആരിൽനിന്നും മറച്ചുവയ്ക്കേണ്ടതായി ഒന്നുമില്ല, ഒന്നുമുണ്ടാകരുത് എന്ന നിലപാട്

വ്യക്തികൾക്കു മാത്രമല്ല, താമസിക്കുന്ന വീടിനും സ്വകാര്യമുറിക്കുമെല്ലാം ഉണ്ടാകണം ഈ സുതാര്യത. വ്യക്തിയെ സംബന്ധിച്ചിടത്തോളം, വിചാരത്തിലും വാക്കിലും പ്രവർത്തിയിലുമെല്ലാം സുതാര്യത വേണം. ആരോടുവേണമെങ്കിലും പറയാവുന്ന, പങ്കുവയ്ക്കാവുന്ന ചിന്തകളും പദ്ധതികളുമേ തനിക്കുണ്ടാകു എന്ന നിർബന്ധമാണ് വിചാരത്തിലെ തുറവി. ആരോടും പറയാവുന്നതും, ആർക്കും കേൾക്കാവുന്നതുമായ കാര്യങ്ങൾ മാത്രമേ തന്റെ സംസാരവിഷയമാകു എന്നതാണ് വാക്കിലെ തുറവി. ആരുമറിയരുത് എന്ന രീതിയിൽ രഹസ്യാത്മകമായ കാര്യങ്ങളൊന്നും താൻ ചെയ്യുകയില്ല എന്നതാണ് പ്രവൃത്തിയിലെ തുറവി. താൻ എവിടെപ്പോകുന്നു, എന്തു ചെയ്യുന്നു, ആരെല്ലാമായി ബന്ധപ്പെടുന്നു, വരവുചെലവുകൾ എന്ത്, ഇത്യാദിയെല്ലാം ആരോടുവേണമെങ്കിലും വെളിപ്പെടുത്താം, ആരുവേണമെങ്കിലും അറിഞ്ഞുകൊള്ളട്ടെ എന്നു സധൈര്യം പറയുവാൻ സാധിക്കണം. എല്ലാവരുടെയും മുമ്പിൽ മലർക്കെ തുറന്നു വച്ചിരിക്കുന്നൊരു പുസ്തകമാകുക. താൻ ദൈവത്തിന്റെ മുമ്പിൽ എങ്ങനെ ആയിരിക്കുന്നുവോ, അതുപോലെതന്നെ മനുഷ്യരുടെ മുമ്പിലും ആയിരിക്കാൻ തന്റേടമുണ്ടാകുക. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. വീരോചിതമായൊരു നിലപാടാണിത്. നിർമ്മല മനസ്സാക്ഷിയുടെ ഉടമയ്ക്കു മാത്രമേ ഇതു കഴിയൂ. ആഴപ്പെട്ടതും കാതലായതുമായ ആദ്ധ്യാത്മികതയുള്ളവർക്കുമാത്രമേ ഇതു സാധിക്കൂ.

ഭൂതകാലചിന്തകളും വാക്കുകളും ചെയ്തികളുമെല്ലാം ചികഞ്ഞു കണ്ടുപിടിച്ച് എല്ലാവരോടും വെളിപ്പെടുത്തണമെന്നു വിവക്ഷയില്ല. കഴിഞ്ഞുപോയ കാര്യങ്ങൾ പോകട്ടെ. ഇനി മുതൽ മുന്നോട്ടുള്ള ജീവിതത്തിൽ തികഞ്ഞ തുറവി പുലർത്തും എന്നൊരു നിർബന്ധബുദ്ധിയുണ്ടായാൽ മതി. തന്നെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ചുറ്റി നടന്നു എല്ലാവരോടും വിളിച്ചറിയിക്കണമെന്നും ചിന്തിക്കരുത്. ആവശ്യമെങ്കിൽ തന്നെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങളും ആരോടുവേണമെങ്കിലും പറയാനുള്ള സന്നദ്ധതയുണ്ടായിരിക്കുക, അതിനുള്ള ധൈര്യമുണ്ടായിരിക്കുക. അത്രമാത്രം. പക്ഷേ, അവശ്യം രഹസ്യം പാലിക്കേണ്ട വിഷയങ്ങളുണ്ടാകും. ഉദാഹരണത്തിന് രഹസ്യം പാലിക്കണമെന്ന നിബന്ധനയോടുകൂടി, ആ ധാരണയിൽ, ആരെങ്കിലും എന്നോടു പറഞ്ഞിട്ടുള്ള കാര്യങ്ങൾ, പ്രത്യേകിച്ച് അവരുടെ മനഃസാക്ഷിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ. അതുപോലെ തന്നെ, ജോലി സംബന്ധമായ രഹസ്യങ്ങൾ (professional secrets). ഇക്കാര്യങ്ങളിലെല്ലാം കണിശമായി രഹസ്യം പാലിക്കുകതന്നെ വേണം. തനിക്കുവേണ്ടിയല്ല, ബന്ധപ്പെട്ട മറ്റുള്ളവർക്കുവേണ്ടി, തന്നെ സംബന്ധിക്കുന്ന കാര്യങ്ങളിലല്ല, മറ്റുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ.

വ്യക്തി മാത്രമല്ല, താമസിക്കുന്ന വീടും മുറിയുമെല്ലാം തുറന്നതാകണം. അതായത്, മറ്റാരും വന്നു കാണരുത്, അറിയരുത് എന്ന രീതിയിൽ യാതൊന്നും ഭവനത്തിലോ മുറിയിലോ ഉണ്ടാകരുത്. മറ്റുള്ളവർ അംഗീകരിക്കാത്ത കാര്യങ്ങൾ, പ്രതീക്ഷിക്കാത്ത കാര്യങ്ങൾ, അവർക്ക് ഇടർച്ച തോന്നാവുന്ന കാര്യങ്ങൾ ഒന്നും ഉണ്ടാകരുത് എന്നു വയ്ക്കുക. അടഞ്ഞ ഇടങ്ങൾ ഇല്ലാതിരിക്കുക; ഒളിച്ചു വച്ചിരിക്കുന്ന കാര്യങ്ങൾ ഇല്ലാതിരിക്കുക. ഉപയോഗസാധനങ്ങൾ, സജ്ജീകരണങ്ങൾ, ജീവിത സൗകര്യങ്ങൾ, അലങ്കാരപ്പണികൾ, ഭക്ഷണം തുടങ്ങി എല്ലാറ്റിനെയും സംബന്ധിച്ച് സ്വീകരിക്കേണ്ട നിലപാടാണിത്. എല്ലാവർക്കും തുറന്ന ഭവനം, തുറന്ന മുറി. വാതിലും പൂട്ടുമെല്ലാം തുറന്നു കൊടുക്കാനും, പ്രവേശിപ്പിക്കാനും, കാണിക്കാനുമുള്ള സന്നദ്ധത വേണം, സാധ്യതവേണം.

## ലാളിത്യം

ഇനി ലാളിത്യത്തിന്റെ കാര്യം. തുറവിയുടെ മറുവശമാണത്. ഒരേ ഒരു നാണ ത്തിന്റെ രണ്ടു വശങ്ങൾപോലെ അവിഭാജ്യമാണ് തുറവിയും ലാളിത്യവും. ഒന്നുള്ള ടത്ത് മറ്റേതും അവശ്യം ഉണ്ടാകും. അതായത് മുൻവിവരിച്ച രീതിയിലുള്ള തുറ ഉള്ളവരിലും ഉള്ളിടങ്ങളിലും ലാളിത്യവും ഉണ്ടാകുമെന്നത് തീർച്ച. ലാളിത (simplicity) എന്നാൽ ആയിരിക്കേണ്ടതുമാത്രം ആയിരിക്കുക; ഉണ്ടായിരിക്കേണ്ടത മാത്രം ഉണ്ടായിരിക്കുക എന്നതാണ്. ഒട്ടും കൂടുതലുമരുത്, കുറവുമരുത്. ഇംഗ്ല ഷിൽ simplicity എന്നാൽ singleness ആണെന്നു പറയാം. തനിച്ചായിരിക്കുന തനിമ നിലനിർത്തുന്ന അവസ്ഥ. അതിനു വിപരീതമാണ് duplicity, complexit എന്നിവ. ഇരട്ടത്താപ്പ്, സങ്കീർണ്ണത എന്നതൊക്കെ ലാളിത്യത്തിനു വിരുദ്ധമാണ അങ്ങനെ നോക്കുമ്പോൾ, കലർപ്പില്ലാത്ത അവസ്ഥയാണ് ലാളിത്യം. അതുതന്നെ (വി)ശുദ്ധി (purity), തനിമ. വെള്ളമൊന്നും ചേർത്തിട്ടില്ലെങ്കിൽ പാലു ശുദ്ധമാണെന്ന പറയും. മായം ചേർക്കാത്ത, മിശ്രിതമല്ലാത്ത അവസ്ഥ. മറ്റു ലോഹമൊന്നും ചേർന്ന ട്ടില്ലെങ്കിൽ സ്വർണ്ണം ശുദ്ധമാണ്. തനി സ്വർണ്ണം. അതുപോലെ മനുഷ്യൻ താ ആയിരിക്കേണ്ടതുമാത്രമായിരിക്കുക. ആണെന്ന് അവകാശപ്പെടുന്നതു മാത്രമായ രിക്കുക. ഒട്ടും കൂടുകയുമരുത്, കുറയുകയുമരുത്. സന്ന്യാസിയാണെങ്കിൽ തന സന്ന്യാസിയായിരിക്കുക. സന്ന്യാസിയെന്ന് അവകാശപ്പെടുന്നെങ്കിൽ നൂറുശതമ നവും സന്ന്യാസിയായിരിക്കുക. പുറമേ ഒന്ന്, അകമേ മറ്റൊന്ന് എന്ന നിലപാ അരുത്. അതു കലർപ്പാണ്. മായമാണ്. ഇരട്ടത്താപ്പാണ്. സങ്കീർണ്ണതയാണ അകത്തുള്ളതുതന്നെ പുറമെ കാണിക്കാനുള്ള ധൈര്യമുണ്ടാകണം. കുറയ്ക്കാതെയു കൂട്ടാതെയും. അതു തുറവിയാണ്; ലാളിത്യവും അതുതന്നെ. മനസ്സിൽ ഒന്നു വച്ച കൊണ്ട് മറ്റൊന്നു പറയുന്നത് ലാളിത്യമല്ല. മനസ്സിലും വാക്കിലും പ്രവൃത്തിയില മെല്ലാം ഒന്നുതന്നെയാവണം.

അതുപോലെതന്നെ, ചിന്തയിലും വാക്കിലും ചെയ്തിയിലുമെല്ലാം ലാളിത്യമുണ്ട കണം. വക്രബുദ്ധിയാകാതിരിക്കുക. മനസ്സിന്റെ ആർജ്ജവത്വം അഥവാ സരളത നിലനിറുത്തുക. ഉന്നത ചിന്തകളും ഗഹനമായ ആശയങ്ങളും വേണ്ട എന്നല്ല പ യുന്നത്. ഉന്നതമായ ചിന്ത പുലർത്തുകതന്നെ വേണം. ആഴമുള്ള ആശയങ്ങളു വേണം. കഴിയുന്നത്ര ശാസ്ത്രീയമായിത്തന്നെ ചിന്തിക്കണം, ബുദ്ധിശക്തി പരമാ വധി ഉപയോഗിക്കണം. ബുദ്ധിപൂർവ്വം ജീവിക്കയും വേണം. അതേ സമയം സരള മായി ചിന്തിക്കാൻ, അടുക്കോടും ചിട്ടയോടുംകൂടി ചിന്തിക്കാൻ, പൂർവ്വാപരവൈരുദ്ധ്യ കൂടാതെ ചിന്തിക്കാൻ സാധിക്കണം. സംസാരഗഹനമാണെങ്കിലും, ലളിതമായ ഭാഷ യിൽ, സരളമായ ശൈലിയിൽ പറയാൻ ശ്രമിക്കുക. കേൾവിക്കാർക്ക് - സാധാരണ ക്കാർക്കുപോലും - അനായാസം മനസ്സിലാക്കാൻ കഴിയുന്ന ശൈലിയും പദപ്രയോ ഗവും സ്വീകരിക്കുക. അതൊരു വലിയ കലതന്നെയാണ്. ചിലർക്കത് ജന്മസിദ്ധ മാണ്. മറ്റുള്ളവർ അതാർജ്ജിക്കാൻ ശ്രമിക്കണം. പ്രയത്നംകൊണ്ട് കുറച്ചെങ്കിലു സാധിക്കവുന്നൊരു സിദ്ധിയാണത്.

മനസ്സിലുള്ളതുമാത്രം, അതുതന്നെ, പറയുന്നതും സംസാരത്തിലെ ലാളിത്യമാണ് ഒന്നു മനസ്സിൽ വച്ചുകൊണ്ട് മറ്റൊന്നു പറയുന്നത് വക്രതയാണ്. അങ്ങനെ ചെയ്യു ന്നവരെ വിശ്വസിക്കാനാകില്ല. അവരുടെ വാക്കുകൾക്കും വാഗ്ദാനങ്ങൾക്കും വിശ്വാ സ്യതയില്ല. അവർക്കു ആത്മാർത്ഥതയില്ല. അങ്ങനെ നോക്കുമ്പോൾ, ലാളിത്യമെ ന്നത് ആത്മാർത്ഥതയാണ്. നേരേവന്ന്, നേരേ പോകുന്ന സ്വഭാവം. മറിച്ചായാൽ

...പട്യമാണ്. യേശു നിശിതമായി വിമർശിക്കുകയും ശപിക്കുകയും ചെയ്ത തിന്മ. അതു വർജ്ജിക്കുക. അതാണ് ലാളിത്യം.

ചിന്തിക്കുന്നതു പറയുന്നപോലെ തന്നെ, പറയുന്നതു പ്രവർത്തിക്കുകയും വേണം. അതാണ് പ്രവൃത്തിയിലെ ലാളിത്യം. ഒന്ന് പറഞ്ഞു, മറ്റൊന്നു പ്രവർത്തിക്കുന്ന രീതിയായാൽ അതു വക്രതയാണ്. ആത്മാർത്ഥതയില്ലായ്മയാണ്. 'പ്രസംഗിക്കുന്നത് പ്രവർത്തിക്കുക, പ്രവർത്തിക്കുന്നതുമാത്രം പ്രസംഗിക്കുകയും ചെയ്യുക. അകവും പുറവും ഒന്നുതന്നെയായിരിക്കുക. അതുതന്നെ തുറവിയും ലാളിത്യവും. അതുപോലെ തന്നെ, പെരുമാറ്റരീതിയിലും ലാളിത്യമുണ്ടാകണം. നാട്യങ്ങൾ എല്ലാം വെടിഞ്ഞ്, അഹംഭാവമില്ലാത്ത, വിനീതവും ശാലീനവുമായ പെരുമാറ്റ രീതി സ്വീകരിക്കുക. എല്ലാവരോടും സമഭാവന പുലർത്തുന്ന, എല്ലാവരെയും സ്വാഗതം ചെയ്യുന്ന, സഹിഷ്ണുതാപൂർവ്വമായ പെരുമാറ്റം. മറ്റുള്ളവരുമായുള്ള ബന്ധത്തിൽ മാത്രമല്ല, ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഈ ലാളിത്യം ദൃശ്യമാകണം. ലളിതമായ പ്രവർത്തനശൈലി. അതു ഒരു കലയാണ്. സ്വതഃസിദ്ധമായില്ലാത്തവർ, പരിശ്രമിച്ച് ആർജ്ജിക്കേണ്ടൊരു കല.

ലാളിത്യം ഭവനത്തിന്റെ കാര്യത്തിലും സ്വന്തമുറിയുടെ കാര്യത്തിലുമെല്ലാം ഉണ്ടാകണം. പാവപ്പെട്ടവരടക്കം ആരു കയറി വന്നാലും അസ്ഥാളിപ്പു കൂടാതെ സ്വന്ത വീട്ടിലെന്നതുപോലെ (at home) വ്യാപരിക്കാൻ സാധിക്കണം. സാധാരണക്കാരന്റെ ജീവിതത്തോതും ശൈലിയുമാകണം മാനദണ്ഡം. അതും ചുറ്റുപാടുമുള്ള സാധാരണക്കാരുടെ. ഭവനനിർമ്മാണം, സജ്ജീകരണങ്ങൾ, സൗകര്യങ്ങൾ, അലങ്കാരപ്പണികൾ, വീട്ടുസാമാനങ്ങൾ, ഭക്ഷണം തുടങ്ങിയവയിലെല്ലാം ലാളിത്യം പാലിക്കണം. അതുപോലെതന്നെ ഉപയോഗസാധനങ്ങൾ, വ്യക്തിപരമായവ ഉൾപ്പെടെ. വസ്ത്രം, എഴുത്തു സാമഗ്രികൾ തുടങ്ങിയവ എണ്ണത്തിലും ഗുണത്തിലും ആവശ്യത്തിനുമാത്രം മതി എന്നു വയ്ക്കുക. ഉദാഹരണത്തിനു, രണ്ടു സെറ്റു വസ്ത്രംകൊണ്ടു കഴിയാമെങ്കിൽ, മൂന്നാമതൊന്നു വെറുതെ കിട്ടിയാൽതന്നെയും വേണ്ട എന്നു വയ്ക്കണം. തരുന്ന ആളിന്റെ വികാരങ്ങളെ മാനിക്കാനായി സമ്മാനങ്ങൾ വാങ്ങേണ്ടിവരും. പക്ഷേ, ഏറ്റവും ആദ്യത്തെ അവസരം ഉപയോഗിച്ച്, അവയെ നേരായ മാർഗ്ഗത്തിലൂടെ അന്യർക്ക് വിട്ടുകൊടുക്കാം. അങ്ങനെ "അപരിഗ്രഹ"മെന്ന യോഗതത്ത്വം കണിശമായി പാലിക്കുക. അതുപോലെതന്നെ വിലകുറഞ്ഞ സാധനങ്ങൾകൊണ്ടു കഴിയാവുന്നിടത്ത്, മേൽത്തരം സാധനങ്ങൾ കിട്ടിയാൽതന്നെയും വേണ്ടെന്നു വയ്ക്കണം. ഇതോടുകൂടിത്തന്നെ പോകുന്നൊരു തത്ത്വമാണ്, കഴിയുന്നതും പ്രകൃതിയിൽ നിന്നു ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിക്കുക എന്നത്. ഭക്ഷണസാധനങ്ങൾ ഉൾപ്പെടെ. കൃത്രിമ സാധനങ്ങളും, രാസപദാർത്ഥങ്ങളും, യന്ത്രനിർമ്മിതവസ്തുക്കളും വർജ്ജിക്കുക, സാധിക്കുന്നിടത്തോളം. ഭവനപരിസരങ്ങളും ശുചിയായും ക്രമീകൃതമായും ലളിതമായും സൂക്ഷിക്കണം. കയറിവരുന്നവർക്കെല്ലാം ശുചിത്വവും സ്വച്ഛതയും ലാളിത്യവുമെല്ലാം അനുഭവപ്പെടണം.

സംലഭ്യത

തുറവിയും ലാളിത്യവുമുള്ളിടത്തും ആളുകളിലും സംലഭ്യതയുണ്ടാകും. Availability, approachability എന്നൊക്കെ ആംഗ്ലേയ ഭാഷയിൽപ്പറയും. ആർക്കും എപ്പോൾ വേണമെങ്കിലും എന്തിനും സമീപിക്കാവുന്നിടം, സമീപിക്കാവുന്ന ആളുകൾ. സങ്കോചമോ സംഭ്രമോ കൂടാതെ ആർക്കും – കൊച്ചുകുട്ടികൾക്കു പോലും – അവിടെ, അല്ലെങ്കിൽ അവരെ, സമീപിക്കാം. എല്ലാവർക്കും അഭയം (fearlessness).

*(ശേഷം 50-ാം പേജിൽ)*

# തോക്കുകൾക്കും അമ്പുകൾക്കും മദ്ധ്യേ ഒരു മിഷൻ

*സി. ഗ്ലോറി എസ്.എം.എസ്*

അന്നുരാവിലെ ഹബീൽ ടിർക്കി മരിയഭവൻ ബോർഡിംഗിലേയ്ക്ക് കയറിവന്ന വിഷാദഗ്രസ്തനായിട്ടാണ്. "ഫാദറിനെ കാണണം".

ബോർഡിംഗ് മുറ്റത്തു പഠിച്ചിരുന്ന ഒരു കുട്ടിയോട് ഹബീൽ പറഞ്ഞു. കുട്ടി ഉട മുറിയിലായിരുന്ന ഫാ. ജോർജ്ജ് ഉതിമറ്റത്തിനോട് വിവരം പറഞ്ഞു. അച്ചൻ ഉട മുറ്റത്തേയ്ക്കുവന്നു. ഹബീലിന്റെ മുഖത്ത് ദുഃഖവും ഭയവും നിറഞ്ഞ ഒരു കറ വട്ടമിട്ടിരുന്നു.

"കുട്ടികളെ കൊണ്ടുപോകണം ഫാദർജീ"........

ഭാര്യയെ അടുത്തുള്ള ഹെൽത്ത് സെന്ററിൽ കൊണ്ടുവന്നിട്ടുണ്ട്. അവൾക്ക് തീ സുഖമില്ല." ജോർജ്ജച്ചൻ ഉടനെ മൂത്തവളായ നീലത്തിനെയും ഇളയ നസീമയെയ

---

*(തുടർച്ച 49 -ാം പേജിൽ നിന്ന്)*

അഭയദാനം ചെയ്യുന്ന ഭവനവും ആളുകളും. പേടികൂടാതെ സ്വതന്ത്രമായി കയ ച്ചെല്ലാം, സമീപിക്കാം. ചെന്നാൽ സാധിക്കുന്ന സഹായം ചെയ്തുകിട്ടുമെന്ന് പ്പുണ്ട്. യഥാർത്ഥത്തിൽ വലുപ്പത്തിന്റെ, മഹത്തുക്കളുടെ, മുഖമുദ്രയാണ് സംല തയും നമ്രതയും. കാളിദാസൻ അവരെ ഫലസമൃദ്ധമായ തേന്മാവിനോട് ഉപമിച്ചി ക്കുന്നത് ഓർമ്മിക്കുക. മാമ്പഴംകൊണ്ടു നിറഞ്ഞ മാവിന്റെ ശാഖകൾ താനേ താഴേ ചായുന്നു. ആർക്കുവേണമെങ്കിലും മാമ്പഴം അനുഭവിക്കാൻ സാധിക്കത്തക്കവിധ ജലനിർഭരമായ ആകാശമേഘം മഴയായി ഭൂമിയിൽ വർഷിച്ച് സകല ജീവജാ ങ്ങൾക്കും കുളുർമ്മയേകുന്നു. മഹാന്മാരുടെ വർത്തനത്തിന് കാളിദാസൻ കല് ക്കുന്ന മനോഹരമായ മറ്റൊരു ഉപമയാണത്. ശാകുന്തളം നാടകത്തിൽ സന്ന്യാസ മാരെക്കുറിച്ച് അദ്ദേഹം പറയുക, അവർ ഒരേ സമയം അധൃഷ്യരും അഭിഗമ്യരു ണെന്നാണ്. "അധൃഷ്യർ" എന്നാൽ സമീപിക്കാൻ പാടില്ലാത്തവർ (unapproachabl എന്നർത്ഥം. "അഭിഗമ്യർ" എന്നാൽ വളരെ എളുപ്പത്തിൽ സമീപിക്കാവുന്നവരെന്നു കവിസങ്കല്പമായ സൂര്യകാന്തക്കല്ലുപോലെയാണത്രെ സന്ന്യാസിമാർ. സാധാരണ പരിതോവസ്ഥയിൽ വളരെ സുഖസ്പർശിയായൊരു കല്ലാണത്. പക്ഷേ, വിപരീ ശക്തി, അതായത് സൂര്യരശ്മി, അതിലേറ്റാലുടൻ അതു കത്തിക്കാളുന്ന അഗ്നിക ണ്ഠമായി മാറുകയായി! സന്ന്യാസികൾ എന്നല്ല ആശ്രമവാസികളെല്ലാം അങ്ങ യാകണം. സാധാരണഗതിയിൽ കൊച്ചു കുഞ്ഞുങ്ങൾക്കുപോലും എന്തുകാര്യത്തിന സമീപിക്കാവുന്നവർ - അഭിഗമ്യർ. പക്ഷേ, വിപരീത ശക്തികൾ, അതായ അസത്യം, അനീതി, അധർമ്മം തുടങ്ങിയ ദുഷ്ടശക്തികളുമായി ഏറ്റുമുട്ടുമ്പോ അവർ ഉഗ്രമൂർത്തികളായി മാറുകയായി - അധൃഷ്യർ. ഈ ദുഷ്ടശക്തികളോട് ഒ വിധത്തിലും ഒത്തുതീർപ്പിനു മുതിരാതെ സന്ധിയില്ലാസമരം ചെയ്യുമവർ. ആവയ്ക കൂട്ടുനില്കാൻ ആശ്രമവാസികളെ കിട്ടുകയില്ല. ആ വിഷയങ്ങളിൽ അവ അധൃഷ്യരാണ്.

*(തുടരും)*

Kl·560
8814.

ളിച്ച് ഹബീലിന്റെ കൂടെ വിട്ടു. പിന്നാലെ ജോർജ്ജച്ചൻ നേഴ്സ് സിസ്റ്റർ സൗമ്യയും റ്റൊരു സിസ്റ്ററുമൊത്ത് കുറെ മാറിയുള്ള ഹെൽത്ത് സെന്ററിലേയ്ക്ക് പോയി.

അവിടെ ഹബീൽ ടിർക്കിയുടെ ഭാര്യ സ്വാതിയെ ഹെൽത്ത് സെന്ററിൽ കിടത്തി രുന്നു. 27 വയസ്സ് പ്രായമുള്ള സ്വാതി മൂന്നുമക്കളുടെ അമ്മയാണ്. സംസാര ശേഷി ക്ഷയിച്ച് പൊള്ളുന്ന പനിയിൽ ആയിരുന്നു ആ യുവതി.

CARMEL JYOTHI ALWAYE

ഹെൽത്ത് സെന്ററിലെ ആൾക്കാർ "രോഗിയെ ഏതെങ്കിലും ആശുപത്രിയിലേയ്ക്ക് എടുത്തോളാൻ" സി. സൗമ്യയോട് പറഞ്ഞു. ജോർജ്ജ് അച്ചൻ ഉടനെ മരിയറാണി പള്ളിയിലെ ജീപ്പ് എടുത്ത് ഹെൽത്ത് സെന്ററിലെത്തി. എല്ലാവരും ചേർന്ന് രോഗിയെ ജീപ്പിലേയ്ക്ക് എടുത്തുവച്ചു. ഫാ. ജോർജ്ജും സിസ്റ്റേഴ്സും ഹബീലും കയറി 50 കി. മീറ്റർ ദൂരത്തുള്ള എട്ടാപ്പള്ളിയിലെ ഗ്രീൻ ഗാർഡൻ സിസ്റ്റേഴ്സിന്റെ ഡിസ്പെൻസറി യിലേയ്ക്ക് കുതിച്ചു. 8 കി.മീ. ദൂരം കഴിഞ്ഞ് ഹെട്ടർ ബരബല് എത്തിയപ്പോൾ റോഡ് കുറുകെ ഒന്നര മീറ്ററോളം ആഴത്തിൽ കിടങ്ങുപോലെ ദീർഘമായി കുഴിച്ചിട്ടിരിക്കു ന്നു. ജോർജ്ജ് അച്ചന് ഉടനെ കാര്യം മനസ്സിലായി. ഏതോ പോലീസ് ഉദ്യോഗസ്ഥ രെയോ പോലീസ് വ്യൂഹത്തിനെയോ തടയാനായി നക്സലുകൾ തലേരാത്രിയിൽ ഉണ്ടാക്കിയ തോടാണിത്.

അച്ചൻ ചുറ്റുപാടും കണ്ണോടിച്ചു. വലിയ മരങ്ങൾ നെറിവില്ലാതെ നിരന്നും കല്ലു കളും കുറ്റിക്കാടുകളുമായി കൂട്ടി ഉരുമ്മിയും നിന്നിരുന്നതുകൊണ്ട് ഒരു വിധത്തിലും തിരിപ്പെടുക്കാൻ നിവൃത്തിയില്ലാതായി. അല്പം ആലോചിച്ചു നിന്ന ശേഷം ചേതനയ റ്റവനെപ്പോലെ അച്ചൻ ഇരുന്നു. രോഗിയെ ഒരു വിധത്തിലും ആശുപത്രിയിലെത്തി ക്കാൻ സാധിക്കില്ലെന്നറിഞ്ഞു കുഴഞ്ഞു.

'വണ്ടി തിരിക്കാം' ജോർജ്ജ് ആശയറ്റവനെപ്പോലെ പറഞ്ഞു.

വീണ്ടും ഹെൽത്ത് സെന്ററിലെ കൊച്ചു മുറിയിലേയ്ക്ക് സ്വാതിയെ ഇറക്കി. ഒരു രാത്രികൂടി സ്വാതി അവിടെ കിടന്നു. ഹബീൽ ടിർക്കി സഹിക്കവയ്യാതെ വിതുമ്പി സ്വാതിക്കരികെ നിന്നു. ആ അമ്മ എന്തോ സംസാരിക്കാൻ ഒരുങ്ങി ഒന്നും പുറത്തു വന്നില്ല. കൈകൊണ്ട് ആംഗ്യ ഭാവത്തിൽ മൂന്ന് എന്നു കാണിച്ചു. നീണ്ട ശ്വാസംവ ലിയുടേയും വിതുമ്പലിന്റെയും ഇടയിൽ സ്വാതി എന്ന ആദിവാസി യുവതിയുടെ പ്രാണൻ നിത്യതയുടെ മറവിലേയ്ക്ക് മാഞ്ഞു.

ഖട്ട മരിയറാണി പള്ളിയിൽ നിന്നും 9 കി. മീ. ദൂരത്താണ് ഹബീൽ ടിർക്കിയുടെ ഗ്രാമം. കാട്ടിലെ ഒറ്റയടി പാതയാണ് ഗ്രാമത്തെ പ്രധാന റോഡുമായി ബന്ധിക്കു ന്നത് ജോർജ്ജ് അച്ചനും സിസ്റ്റേഴ്സും ബാലഭവനിലെ കുട്ടികളുമെല്ലാം ചേർന്ന് സ്വാതി യുടെ ശവസംസ്കാരം നടത്തി. കാടിന്റെ നിബിഡതയിൽ മൂത്ത് മുതിർന്ന മരങ്ങ ളുടെ കാവലിൽ കത്തോലിക്കയുവതിയുടെ മൺകൂന ഉയർന്നു; കർത്താവിന്റെ ആഗ മനവും കാത്ത്.

ഹബീൽ ടിർക്കിയുടെ ഇടവക ഖട്ടയിലെ മരിയറാണി പള്ളിയാണ്. ചാന്ദാ രൂപത യുടെ കിഴക്കൻ അതിർത്തിയിലെ വനമേഖല. ബലാർഷാ ബിഷപ്പ് ഹൗസിൽ നിന്നും 175 കി.മീ. ദൂരമുണ്ട്. ചാന്ദാ രൂപതയിലെ ആദിവാസികളുടെ പിതാവെന്ന് അറിയപ്പെ ടുന്ന ഫാ. ക്രിസ്റ്റ്യൻ സി.എം.ഐ. സ്ഥാപിച്ച എട്ടാപ്പള്ളി പള്ളിയുടെ കുരിശുപള്ളി യായി ആരംഭിച്ചതാണ് ഖട്ട. ഇന്ന് അവിടെ മരിയ ബാലഭവൻ എസ്.എം.എസ്. സഹോ ദരിമാരുടെ മഠം. ഇടവകപ്പള്ളി കൊച്ചു ഡിസ്പൻസറി എന്നിവയുണ്ട്. ബാലഭവനിൽ നൂറിലധിം ആദിവാസികളായ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ട്. 4 ക്ലാസ്സ് വരെ

ഛട്ടയിൽ സർക്കാരിന്റെ സ്കൂൾ മാത്രമേ ഉള്ളു. മഠത്തിൽ സി. ബസ്സി, ഷെഹ എന്നിവർ ഗ്രാമസന്ദർശനത്തിലും പെൺകുട്ടികളുടെ ബോർഡിംഗിലും സഹാ ക്കുന്നു.

ഈ ഇടവക പൂർണ്ണമായും ആദിവാസികളായ ഉറാവുകാരാണ്. ഇവർ വനത്തി ടയിൽ കൂട്ടമായിക്കഴിയുന്നു. ചെറിയ കൃഷിയും. വനത്തിൽ വേട്ടയാടിയും, ബീ യില പറിച്ചും മത്സ്യം പിടിച്ചും കഴിയുന്നു. ഇതിനു ചുറ്റിലുമുള്ള ഗ്രാമസന്ദർശ ത്തിന് സിസ്റ്റേഴ്സ് വനമദ്ധ്യത്തിലെ കുറുക്കു വഴികളിലൂടെ പത്തും പന്ത്രണ്ടും കി നടന്നിട്ടാണ് പ്രാർത്ഥനാ കൂട്ടായ്മയ്ക്കും മറ്റ് സാമൂഹ്യ സേവനങ്ങൾക്കുമായി പോ ന്നത്.

ഛട്ട ഗ്രാമത്തിലെ വലിയ കെട്ടിടം പോലീസ് സ്റ്റേഷനാണ്. സ്റ്റേഷന്റെ 4 ഭാഗത്ത ചാക്കുകളിൽ മണ്ണ് നിറച്ച് അടുക്കി ഉയർത്തിയ മുറിക്ക് നടുവിൽ തോക്കും ചു നിൽക്കുന്ന പോലീസുകാരെ കാണാം. ഈ പ്രദേശങ്ങളിൽ പച്ച വിരിച്ച് നിൽക്കു മരങ്ങളും അവയ്ക്കിടയിൽ ആദിവാസികളും നക്സലുകളും കഴിയുന്നു. പോലീ കാർ നക്സലുകളെയും, നക്സലുകൾ പോലീസുകാരെയും ഭയപ്പെട്ട സ്ഥലം.

മരിയാ റാണീ ഡിസ്പൻസറിയിലെ സിസ്റ്റർ സൗമ്യ പറയുന്നു: പ്രമേഹവും, കൊ സ്ട്രോളും, പ്രഷറും ഹൃദയ സംബന്ധിരോഗങ്ങളും പട്ടണങ്ങളിൽ കുമിയുമ്പോ പട്ടിണി, സെറബ്രൽ മലമ്പനി, ഡയറിയ, ക്ഷയം ടൈഫോയ്ഡ്, അമീബിക്ക് എന്നി ഈ നാട്ടുകാരെ അനുഗ്രഹിക്കുന്നു. സി. സൗമ്യ ജനറൽ നേഴ്സ് ആണെങ്കില ഇവിടുത്തുകാർക്ക് ഡോക്ടർ ആണ്. കാളവണ്ടിയിലും മൈലുകൾ കാൽ നടയാ എത്തുന്ന ഈ വനവാസികളുടെ രോഗനിവാരണത്തിനായി മൺ ചുമരുകളുടെ മ യിൽ വല്ലപ്പോഴുമെത്തുന്ന ഇലക്ട്രിക്ക് ബൾബിന്റെ അരണ്ട വെളിച്ചത്തിലും അ ക്കലാംബിന്റെ മഞ്ഞവെട്ടത്തിലും രാവുകൾ പകലാക്കുന്നു.

ഈ അടുത്ത കാലത്ത് നക്സലുകളുടെ കല്പന: "ഇനി ആരും ഈസായി പ കളിലും പൊതുപ്രാർത്ഥനകളിലും പങ്കെടുക്കരുത്." ജോർജ്ജ് അച്ചൻ പറഞ്ഞ "നിങ്ങൾ ഗ്രാമങ്ങളിൽത്തന്നെ ഇരുന്ന് കൂട്ടമായി പ്രാർത്ഥിച്ചാൽ മതി". സിസ്റ്റേഴ്സു അച്ചനും നടന്ന് ഗ്രാമങ്ങളിൽ ചെന്ന് അവരോടൊപ്പം പ്രാർത്ഥനയിൽ പങ്കു ള്ളുന്നു.

നക്സലിന്റെ ഭീഷണിയിലും ദാരിദ്ര്യത്തിന്റെ സമൃദ്ധിയിലും ഇവർ മരിയറാ പള്ളിയിലെ ക്രിസ്മസ്സിനും മാതാവിന്റെ തിരുനാളിലും നൂറുകണക്കിനായി ഒന്നി കൂടി പാപസങ്കീർത്തനത്തിനും ദിവ്യ ഭോജ്യത്തിനുമായി എത്തുന്നു.

ഈ വനവാസികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമായി മരിയറാ ചർച്ച് ഒരു വടവൃക്ഷം പോലെ നിൽക്കുന്നു. നക്സലുകളുടെ ഭീഷണിയിലും ജീവി സൌകര്യങ്ങളുടെ പോരായ്മയിലും ഛട്ടയിലെ അച്ചനും സിസ്റ്റേഴ്സും പറയുന്ന "ഇല്ലായ്മയിലാണ് ഞങ്ങൾ ദൈവത്തിന്റെ ശക്തി അനുഭവിക്കുന്നത്."

ഇല്ലായ്മകളുടെ ഈ ആദിവാസി സമൂഹം തിരുന്നാളുകളുടെ സമാപനത്തി പള്ളിമുറ്റത്ത് കൈകൾ കോർത്ത് വൃത്തമായി കുട്ടികളും സ്ത്രീകളും പുരുഷന്മാരു ഒത്തൊരുമിച്ച് വലിയ ചെണ്ടയുടെ താളത്തിൽ മണിക്കൂറുകളോളം എല്ലാം മറ നൃത്തമാടുന്നത് കാണുമ്പോൾ തപ്പുകളും മേളങ്ങളുമായി ദൈവത്തെ സ്തുതി സങ്കീർത്തകന്റെ മനസ്സാണ് ഉണരുക. ❑

# A VIBRANT PASTORAL EXPERIENCE FROM CANADA

*Fr. Jose Kuriedath, CMI, Canada*



On the completion of 75 years, Holy Cross Parish, Toronto, recalls with great satisfaction the years of its growth and looks forward to tomorrow with increasing enthusiasm. Having been deeply rooted in the heart of Canada's most multicultural metropolis, the parish has not only grown to become a microcosm of the colourful ethnic diversity of this great Country but also exhibits the vibrancy of the cultural richness that the Christian faith has acquired globally.

**YESTERDAY**

A word about the past would be appropriate to get a better grasp of what Holy Cross is today and to envision its future. Sown as a seed by the late Rev. Robert S. Miller, the parish was nurtured by the founding pastor himself until it overcame the teething troubles of infancy aggravated by the great depression; in those days of acute economic difficulties, it took almost twenty years for the parish to have the present church building. Fr. Miller remained the Pastor of Holy Cross for over forty years and laid the foundation not only of the parish, the church the school, but even most of the activities associated with the parish. Those who came after him, Rev. John Bolger, Bishop Aloysius Ambrozic, Rev. John Pilkauskas, Rev. John Coppinger SA, Rev. John Kiesling SA and the present Pastor Rev. Jose Kuriedath CMI, needed only to continue to water and fertilize what Fr. Miller planted. And that unceasing care given by the pastors, their associates and the volunteers from the parish community has borne sufficient fruit today. Holy Cross is a lively parish that can take legitimate pride in being the 'seed fully grown into a big tree' providing nests of Catholic life to several hundreds.

Apart from being the beacon of almost 3000 Catholics in the East York area, several sons and daughters of this devout mother have been called to be bearers of Christ's light in other parts of the world, especially as priests, nuns and missionaries.

## TODAY

Anyone who steps into Holy Cross Church on a Sunday will be struck by t two special characteristics of this parish: the relaxed community atmosphere and around the church even though it is on the fringes of downtown, and t ethnic diversity of the congregation. The proximity of several streets of hou on all the four sides of the church, the presence of an elementary school wit sight, and the absence of any industrial or large commercial undertakings in t vicinity - all contribute to the community atmosphere. From the beginni Holy Cross has been a part of the small town tradition of East York, which maintains even now though it has been absorbed into the torrent of metropoli Toronto. The ethnic blend and vitality that we witness in today's parish li must be attributed to the population mobility Toronto experienced since t seventies. This still ongoing change of the parish community reached a turni point by the reorganization of the Pastoral Team itself, which occurred in 19 with the appointment of the members of the CMI Congregation of India. Re Jose Kuriedath CMI, the present pastor, and his colleagues bring to the pari the heritage of a religious Order devoted to prayer and evangelization, and of Catholic community that is proud of its apostolic tradition of two thousa years, from a Country with a distinct cultural history of more than five thousa years. Today's parish may be compared to God's vineyard with vines of all colou and flavours, but all sweet in taste.

## TOMORROW

While we are proud of our past and happy about the present, we look forwa to the future with great enthusiasm and hope. The solid foundation for that hop is the extraordinary cooperation that we experience in our parish today. Th contribution of the parishioners not only for the financial needs of the parish bu even for the routine running of administration has been very generous, if no unique. A parish - the church as well as the office - run almost entirely b volunteers seems to be truly exceptional. Such cooperation in money and servic will certainly unleash the potential of the parish community in the days to come. An indication of this is the interest the youth have begun to show in paris life. While people lament the conspicuous absence of the youth in parish life, Holy Cross is a proud mother who sees the continuity of the above noted cooperation in the next generation too, as her young men and women eagerl come together to commit themselves to serve the parish.

It is true that the secular culture is steadily growing in the city life and the community involvement in urban parishes is not as high as in suburban or rural areas. Some neighboring parishes have already begun to feel the impact of the ever enlarging downtown; the families move out, the schools shut down and the congregation dwindles, making the parish incapable of self-supporting. However, the family spirit that one experiences here, the openness the parish shows in embracing ethnic diversity, the interest in parish involvement we see among the youth and the quiet surroundings of a peaceful residential area so close to the centre of the city - all these will remain the nourishment for the growth of Holy Cross in the days to come.

Yes, yesterday was immensely glorious, today is abundantly satisfying and tomorrow is truly bright and blossoming. Let us thank God and rejoice over His blessings! ❑


# "ആത്മാനുതാപം"

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിരചിച്ച "ആത്മാനുതാപം" എന്ന കാവ്യത്തിന്റെ മനോഹരമായ സംഗീതാവിഷ്ക്കരണം: Cassette and CD released by Prof. M.K. Sanu at Ernakulam on 1st March 2004.


അനുതാപശുശ്രൂഷകൾക്കും നോമ്പുകാലത്തേയ്ക്കും അത്യുത്തമം.

Programme Director : Fr. Mathew Arekalam
Directed by : Mr. Sunny Stephen Chavara
Singers : Rajesh
Madhu Balakrishnan
Biju Narayanan
Markose
Aleena
Alan

Contacts : ☆ Fr. Mathew Arekalam, CMI Residence, Mannanam, Kottayam - 686561
☆ The CMI Generalate, Ernakulam
☆ The CMC Generalate, Alwaye

# ക്ഷേത്രങ്ങളുടെ മദ്ധ്യേ ഒരു ക്രൈസ്തവസാന്നിധ്യം

*ജയ്സൺ കല്ലൂക്കാരൻ*
*ചന്ദ്രപ്പൂർ, മഹാരാഷ്*



"എന്റെ പഠനം താണതരം ഒരു സർക്കാർ സ്ക്കൂളിൽ ആയ
രുന്നു. ജയ്പൂർ പട്ടണത്തിൽ നിന്നും 70 കി.മീ. ദൂരെ മാറി ഒര
കുഗ്രാമത്തിൽ. പക്ഷേ എന്നും ഞാൻ പഠനത്തിൽ ഒന്നാമന
യിരുന്നു. കോളെജ് പഠനത്തിനായിട്ടാണ് ഞാൻ ജയ്പ്പൂർ പ
ണത്തിലെത്തുന്നത്. ഭക്ഷണം പാകം ചെയ്യലും അലക്കും സ്വയ
നടത്തുകയും കൂട്ടുകാരുടെ മുറി പങ്കിട്ട് താമസിക്കയും ചെയ്ത
ട്ടാണ് ബിരുദം നേടിയത്. ബിരുദവും ഒന്നാം റാങ്കോടുകൂടിത്തന്നെ എടുത്തു. ചെറിയ
ജോലിക്കിടയിലാണ് ഐ.എ.എസ്. തെരഞ്ഞെടുപ്പുപരീക്ഷയ്ക്ക് പഠിച്ചത്. ഐ.എ
എസ്. കാരനായി തീരുമ്പോഴും ബാച്ചിലെ റാങ്കുകാരനായിട്ടാണ് വിജയം നേടിയത്"
ചന്ദ്രപ്പൂർ കലക്ടർ ശ്രീ. ജെ. പി. ഗുപ്ത ഐ.എ.എസ്. കാർമ്മൽ അക്കാഡമിയിലെ
വിദ്യാർത്ഥികളോട് തന്റെ വിദ്യാഭ്യാസ കാലം പങ്കുവയ്ക്കുകയായിരുന്നു. ക്രിസ്മസ്
ആഘോഷവും പ്രിൻസിപ്പൽ ദിനവും ഒന്നിച്ച് ഘോഷിച്ച യോഗത്തിലെ അദ്ധ്യക്ഷപ്ര
സംഗം നടത്തുകയായിരുന്നു ഗുപ്ത. "ഇന്ന് ഈ ചെറിയ പട്ടണത്തിലെ ഏറ്റവു
ഉന്നത നിലവാരം പുലർത്തുന്ന കാർമ്മൽ അക്കാഡമി സ്ക്കൂളിലാണ് നിങ്ങൾ വിദ്യ
നേടുന്നത്. സമർത്ഥരും സമർപ്പണബുദ്ധിയുമുള്ള അദ്ധ്യാപകർ സ്ഥാപനത്തിന്റെ
മുതൽക്കൂട്ടാണ്. ആധുനിക സൗകര്യങ്ങളും നല്ല ചിട്ടയും ഒരുക്കിയിരിക്കുന്ന ഈ
സരസ്വതീ ക്ഷേത്രത്തിൽനിന്നും മികച്ച പൗരന്മാരായിത്തീരേണ്ടത് നിങ്ങളുടെ കട
യാണ്" കലക്ടർ കൂട്ടിച്ചേർത്തു. പ്രിൻസിപ്പൽ ഫാദറിനേയും മാനേജ്മെന്റിനെയു
അദ്ദേഹം അഭിനന്ദിച്ചു.

സ്റ്റേജിന്റെ ഒരുഭാഗത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് മനോഹരമാ
പുൽക്കൂട്ടിൽ യേശുവിന്റെ ജനനം സജ്ജീകരിച്ചിരുന്നു. മാസ്റ്റർ ശ്രേയസ് അസീങ്ക
സദസ്സിനെ സ്വാഗതം ചെയ്തു. ക്രിസ്മസ് സന്ദേശം നൽകിയത് കാർമ്മൽ ഭവന
ത്തിന്റെ സുപ്പീരിയർ ഫാ. മത്തായി തോണിക്കുഴി, സി.എം.ഐ. ആയിരുന്നു. യേശ
വിന്റെ ജീവിതത്തിലെ ഏതാനും ഏടുകൾ വിദ്യാർത്ഥികൾ ബാലെ രൂപത്തിൽ വള
തന്മയത്വത്തോടെ അരങ്ങേറി. മാസ്റ്റർ പ്രതീക്പഡോളി നന്ദി രേഖപ്പെടുത്തി
വിദ്യാർത്ഥികളുടെ കവിത, ലേഖനം, ചിത്രം തുടങ്ങിയവ ചേർത്ത് 'ക്ഷിതിജ്' എന്ന
മാസിക ഈ അവസരത്തിൽ പ്രകാശനം ചെയ്തു.

ഏഴ് വർഷം മാത്രം പ്രായമുള്ള കാർമ്മൽ അക്കാഡമി ചാന്ദാരൂപതയിലെ ചന്ദ്രപ്പൂർ പട്ടണത്തിലെ ഏറ്റം ശ്രേഷ്ഠമായ വിദ്യാലയങ്ങളിൽ ഒന്നാണ്. സീറോ മലബാർ സഭയുടെ ഉത്തരേന്ത്യൻ ചരിത്രത്തിന് തിലകക്കുറി ചാർത്തിയ ബിഷപ്പ് ജനുവാരിയൂസ് സി.എം.ഐ.യുടെ ഓർമ്മ നിലനിറുത്തുന്ന ഏക സ്ഥാപനമായ ഈ സ്ക്കൂൾ ചാന്ദാ സി.എം.ഐ. പ്രോവിൻസിന്റെ കീഴിലുള്ളതാണ്. ബിഷപ്പ് ജനുവാരിയൂസ് വിഭാവനം ചെയ്ത "ദൈവദത്തമായി നമുക്കുള്ളതെല്ലാം പങ്കുവയ്ക്കാം" എന്ന കുലമുദ്രതന്നെയാണ് സ്ക്കൂളിന്റെ എംബ്ലവും. മതമൈത്രിയുടെ ഘടകങ്ങളും പരിസ്ഥിതി ചിഹ്നങ്ങളും കൂട്ടിയിണക്കിയുള്ളതാണ് മുദ്ര. പുത്തൻ ദേശിയതയെ അത് വിഭാവനം ചെയ്യുന്നുണ്ട്.

ഫാ. മാത്യു കണിയാംപറമ്പിൽ സി.എം.ഐ. ചാന്ദാ പ്രോവിൻഷ്യൽ ആയിരുന്നപ്പോളാണ് ബിഷപ്പ് ജനുവാരിയൂസ് മെമ്മോറിയൽ കാർമ്മൽ അക്കാഡമി ജന്മം കൊള്ളുന്നത്. ഫാ. ജോയി പറപ്പിള്ളി, ഫാ. ബെന്നി, ടോമി ചിറപ്പുറം എന്നിവരുടെ കഠിന പ്രയത്നംകൊണ്ട് സ്കൂളിന് ആരംഭത്തിൽത്തന്നെ പൊതുജനസഹകരണവും നല്ല അടിസ്ഥാനവും നൽകാൻ കഴിഞ്ഞു. ഇന്ന് ഒരു വട വൃക്ഷംപോലെ അക്കാഡമിയെ വികസിപ്പിക്കാൻ ഫാ. പീറ്റർ വലിയപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഫാ. ജയ്സൺ, ഫാ. ജോർജ്ജ് എന്നിവരുടെ കൂട്ടായ ശ്രമം കാരണമായി. കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി, പുസ്തകവാരം, നെയ്ച്ചർ ക്ലബ്ബ്, ലീഡർഷിപ്പ് ക്യാമ്പുകൾ സ്പോർട്സ് ക്ലബ്ബ് തുടങ്ങി ധാരാളം പദ്ധതികൾ ഇവിടെ സംവിധാനം ചെയ്തിട്ടുണ്ട്.

ആയിരത്തി എണ്ണൂറോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഇവിടെ വളരെ കുറച്ചു ക്രൈസ്തവ വിദ്യാർത്ഥികളെ ഉള്ളു. ക്രിബ്ബ് കെട്ടിയതും ക്രിസ്മസ് നാടകം അവതരിപ്പിച്ചതുമെല്ലാം അക്രൈസ്തവരായ കുട്ടികളാണ്. കന്യക മേരിയുടെ വേഷമിട്ടത് തന്നെ ഒരു ബി.ജെ.പി. നേതാവിന്റെ മകളാണ്. ഇവിടുത്തെ എല്ലാ പരിപാടികളുടെയും കമന്റേറ്റേഴ്സും, നിർദ്ദേശകരുമെല്ലാം വിദ്യാർത്ഥികൾ തന്നെയാണ്. അവരെ അണിയറയിൽനിന്നും സഹായിക്കുക മാത്രമെ അദ്ധ്യാപകർ ചെയ്യുന്നുള്ളു. സർഗ്ഗാത്മകതയും ക്രിയേറ്റിവിറ്റിയും വിദ്യാർത്ഥികളിൽ വളർത്തുക എന്നതാണ് ഇവിടെ ലക്ഷ്യമിടുന്നത്.

ഭാരതീയ സംസ്കാരത്തിന്റെ ഒരു മൈക്രോ മാതൃകയാണ് അക്കാഡമി ഇരിക്കുന്ന സ്ഥലംതന്നെ. സ്ക്കൂൾ ദർശനം തിരിഞ്ഞിരിക്കുന്ന പാതയോരത്ത് നിരനിരയായി ഹനുമാൻ, ശീതളമാതാ തുടങ്ങിയ ഹൈന്ദവക്ഷേത്രം മുതൽ, ജയിൻ, ബൗദ്ധ സ്തൂപങ്ങൾ കഴിഞ്ഞ് തെന്നിന്ത്യൻ അയ്യപ്പക്ഷേത്രം വരെ ആശീർവ്വാദ ഭാവത്തിൽ നിൽക്കുന്നു. മഹാരാഷ്ട്രാ, ആന്ധ്രാ, ജയിൻ, സൗത്ത് ഇന്ത്യൻ കോളനികളും ഇടകലർന്ന് സ്ക്കൂൾ പരിസരത്ത് അകമ്പടിയായി കഴിയുന്നത് സുന്ദരമായ കാഴ്ചയാണ്. ബിഷപ്പ് ജനുവാരിയൂസിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ തുടക്കമായ കാർമ്മൽ അക്കാഡമി സരസ്വതീക്ഷേത്രം.

# രാജ്ക്കോട്ടിന്റെ രണ്ടു രാജകുമാരന്മാർ

*ബ്ര. ജോബി എം., ഗുജറാത്ത്*

"ഇവരോ, വല്ല്യച്ചൻമാരെന്നോ? ഇവർ ഇവിടുത്തെ രാജകുമാരൻമാരാ!!!" ഞങ്ങളുടെ മുൻ പ്രൊവിൻഷ്യൽ ഫാ. ജോൺ മാരിയൂസ് ഇങ്ങനെ പറഞ്ഞിരുന്നത് ഗുജറാത്തിന്റെ രാജ്ക്കോട്ട് സെന്റ് സേവ്യേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമ ജീവിതം കഴിക്കുന്ന ബഹുമാന്യരായ റൊമുവാൾഡ് ചക്കുങ്കലച്ചനെയും ജോസഫ് സാവിയോ പട്ടാറ അച്ചനെയും കുറിച്ചാണ്.

മാരിയൂസ് അച്ചന്റെ വാക്കുകൾ തികച്ചും യാഥാർത്ഥ്യം തന്നെ. ഈ അച്ചൻമാരെ പരിചരിക്കുവാനും മറ്റും ബ്രദേഴ്സ് മത്സരിക്കുകയാണ്. ഇത്രയേറെ എല്ലാവരെയും ആകർഷിക്കുവാൻ തക്കതായി ഇവരിൽ എന്താണ് ഉള്ളത്? ധന്യമായൊരു മിഷൻ ഭൂതകാലം! അതിലേയ്ക്കൊരു തിരിഞ്ഞുനോട്ടമാണ് ഈ എളിയ ലേഖനം.

**റവ. ഫാ. ജോസഫ് സാവിയോ പട്ടാറ സി.എം.ഐ.**

ആലപ്പുഴയിലെ മുഹമ്മയിലാണ് സാവിയോ അച്ചൻ ജനിച്ചത്. ഗുജറാത്തിലെ ആദ്യകാല മിഷണറിമാരിൽ ഒരാളാണ് അച്ചൻ. കാനഡായിൽ പോയി എം.എസ്. ഡബ്ല്യു. നേടിയ ഇദ്ദേഹം പ്രൊവിൻഷ്യലായും പ്രിൻസിപ്പലായും ഇടവക വികാരിയായും ഈ പ്രവിശ്യയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചെറുതും വലുതുമായ അനേകം ഗ്രാമങ്ങളിലെ അദ്ദേഹത്തിന്റെ അവിസ്മരണീയമായ മിഷൻ പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹത്തിന് ഒരുപാട് പ്രതിസന്ധികൾ തരണം ചെയ്യേണ്ടതായിട്ടും വന്നിട്ടുണ്ട്.

അച്ചൻ പർണാല എന്ന ഗ്രാമത്തിലായിരിക്കെ ഒരു ദിവസം കുറെ അക്രമികൾ അദ്ദേഹത്തിന്റെ താമസ സ്ഥലത്തേയ്ക്ക് അതിക്രമിച്ചു കയറി. ഇതുകണ്ട് അച്ചൻ സഹായിയായ 'ഭർമാഡ്' യുവാവ് (ആടുമാടുകളെ മേയിച്ച് ഉപജീവനം നടത്തുന്നവരാണ് ഭർമാഡുകൾ) അവരെ തടഞ്ഞു. അയാളായിരിക്കും അച്ചൻ എന്നു കരുതി അക്രമികൾ അയാളുടെ കഴുത്തിൽ കഠാര കുത്തിയിറക്കി. കഴുത്തിലെ ഞരമ്പുപൊട്ടി, ചോര ഒലിച്ചിറങ്ങി. പ്രശ്നം ഗുരുതരമാകുമെന്ന് ഭയന്ന് അക്രമികൾ രക്ഷപെടാൻ ശ്രമിച്ചപ്പോഴേയ്ക്കും വ്രണിതനായ യുവാവ് അക്രമികളെ കുരുക്കിലാക്കാൻ അവൻ വന്ന വണ്ടിയുടെ നട്ടും ബോൾട്ടുമൊക്കെ അഴിച്ചു തുടങ്ങിയിരുന്നു. എങ്കിലും അവർ രക്ഷപ്പെട്ടു.

ജോലിക്കാർക്ക് നൽകാനായി കുറച്ചധികം പണം അച്ചൻ അന്ന് കയ്യിൽ കരുതിയിരുന്നു. ആ പണം ലക്ഷ്യം കണ്ടുകൊണ്ടാവണം അക്രമികൾ സ്ഥലത്തെത്തിയത്. ഫോൺ കണക്ഷനും അക്രമികൾ നശിപ്പിച്ചിരുന്നതിനാൽ അടുത്തുള്ള ആരാധനാമഠത്തിൽ വിവരമറിയിക്കാനോ പ്രാഥമിക ശുശ്രൂഷകൾ നേടുവാനോ കഴിഞ്ഞില്ല. ഒടുവിൽ സ്വന്തം വാഹനത്തിൽ ഇയാളെയുമെടുത്ത് അച്ചൻ അഹമ്മദാബാദിന് പോകുന്ന വഴിയിലും അക്രമികൾ വണ്ടി തടഞ്ഞു.

"എന്നെ രക്ഷപെടുത്തുവാൻ സ്വയം മുറിവേറ്റ ഈ സഹോദരനെ ആശുപത്രിയിലെത്തിക്കാൻവേണ്ടി സ്വന്തം ജീവൻ ബലികഴിക്കുവാനും ഞാൻ തയ്യാറാണ്." എന്നാ

യിരുന്നു അവരോടുള്ള അച്ചന്റെ പ്രതികരണം. പിന്നീടൊരിക്കൽ ആ യുവാവിന്റെ അമ്മ അച്ചനോട് ചോദിച്ച ഒരു ചോദ്യമുണ്ട് - "അച്ചനെ സഹായിക്കാൻ ഞാൻ അയച്ച എന്റെ മോനെ സൂക്ഷിക്കുവാൻ അച്ചന് കഴിഞ്ഞില്ലല്ലോ?" പക്ഷെ അതിസാഹസികമായി യുവാവിനെ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിച്ച സാവിയോ അച്ചൻ ദൈവത്തിനുമുമ്പിൽ മാത്രം സ്വയം ന്യായീകരിച്ചു. ഇതു പറഞ്ഞപ്പോൾ സാവിയോ അച്ചൻ പൊട്ടിക്കരഞ്ഞുപോയി.

ഈ സംഭവത്തെ തുടർന്ന് പോലീസ് സ്റ്റേഷനിൽ പരാതികൊടുത്തപ്പോൾ വാദിയെ അവർ പ്രതിയാക്കി മാറ്റുകയാണുണ്ടായത്. "നാട്ടിൽ വേറെ ആണുങ്ങളുണ്ടായിട്ടും നിന്നെ മാത്രം എന്തിനാണവർ കുത്തി പരിക്കേല്പിച്ചത്" എന്ന് ചോദിച്ചുകൊണ്ട് അവർ യുവാവിനെ വിസ്തരിച്ചു. "അവരൊക്കെ (പോലീസും കുറ്റവാളികളും) ഒരൊറ്റ കെട്ടായിരുന്നിരിക്കണം. അവർ എന്റെ പയ്യനെ....." അച്ചന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞു.

കേസ് ഗണ്യമായ ഫലം ഉളവാക്കാതായപ്പോൾ അഭിവന്ദ്യ ഗ്രിഗറി പിതാവ് ഇടപെട്ടു. നാലു പോലീസുകാരെ അച്ചന്റെ അംഗരക്ഷയ്ക്കായി നിയമിച്ചുകൊണ്ട് മുകളിൽനിന്നും ഉത്തരവു വന്നു. "അന്നാളുകളിൽ എനിക്ക് യാതൊരു സ്വാതന്ത്ര്യവുമില്ലായിരുന്നു. നാട്ടിൽ പോയപ്പോൾ സ്റ്റേഷൻവരെയും പോലീസ് അകമ്പടിയുണ്ടായിരുന്നു. പിന്നെ തിരിച്ചുവന്നപ്പോഴും എന്നെയും കാത്ത് അവർ പ്ലാറ്റ്ഫോമിൽ നില്പുണ്ടായിരുന്നു. ഞാൻ അവധിക്ക് പോകുന്നതുകണ്ടു 'കെട്ടുകെട്ടി ഭയന്ന് ഓടിപ്പോകുന്നതാണെന്നാണ് എന്നെ അക്രമിച്ചവരൊക്കെ കരുതിയത്. പക്ഷെ എന്നെയങ്ങനെ പേടിപ്പിച്ചോടിക്കാൻ പറ്റുമോ? ഞാൻ നിർഭയനായി അവിടെതന്നെ തുടർന്നു", അച്ചൻ അഭിമാനപൂർവ്വം പറയുന്നു.

സാവിയോ അച്ചന്റെ മറ്റൊരനുഭവം യാദൃച്ഛികമായി ഉണ്ടായതാണ്. ജുനഗഢിലെ സിസ്റ്റേഴ്സിനെ ധ്യാനിപ്പിക്കാനായി പത്തു ദിവസത്തേയ്ക്ക് അച്ചൻ അവിടെ ചെന്നു. ആയിടയ്ക്ക് രൂപത മുഖാന്തിരം ഗ്രാമവാസികൾക്ക് ആടുകളെ നൽകിയിരുന്നു. ഇടയ്ക്കിടക്ക് ഭവനസന്ദർശനം നടത്തി അവറ്റയുടെ ക്ഷേമം അന്വേഷിക്കുന്നത് മിഷണറിമാരുടെ കടമയാണല്ലോ? അതിനായി സിസ്റ്റേഴ്സും ഡ്രൈവറും ഒന്നിച്ച് അച്ചൻ ഗ്രാമം സന്ദർശിച്ചു. പോരുന്ന വഴി കുറച്ച് ഹൈന്ദവ സഹോദരങ്ങൾ മിഷണറിമാരെ സമീപിച്ചു. അവരുടെ സമുദായനേതാവായ ഒരു സ്വാമിജിക്ക് മിഷണറിമാരുടെ 'ദർശനം' വേണമത്രെ.

സൗമ്യഹൃദയനായ സാവിയോ അച്ചൻ മതസൗഹാർദ്ദം മുന്നിൽകണ്ട് ഇതിനെ ഒരു സുവർണാവസരമായിതന്നെ സ്വീകരിച്ചു. പക്ഷെ ദൈവാത്മാവിന്റെ വെളിപ്പാടെന്നോണം അച്ചന് സിസ്റ്റേഴ്സിനെ വണ്ടിയിൽതന്നെ ഇരുത്തി ഒറ്റയ്ക്ക് 'ദർശ'നത്തിനുപോയി.

'അതിഥി ദേവോഭവഃ' എന്ന ഭാരതീയ ചിന്താഗതി മറന്ന് സ്വാമിജി അച്ചനെ വിളിച്ചുവരുത്തി അപമാനിക്കുകയാണുണ്ടായത്. ഹിന്ദുക്കളുടെ ഇടയിൽ പള്ളി പണിയാൻ വന്നവനാണെന്നു പറഞ്ഞ് അച്ചനെ കയ്യേറ്റം ചെയ്യാനും അയ്യാൾ തുനിഞ്ഞു.

ഒടുവിൽ കൂർത്ത കല്ലുകൾ അച്ചന്റെ നേർക്കടുത്തപ്പോൾ തിരിഞ്ഞോടി വണ്ടിയിൽ കയറുകയല്ലാതെ മറ്റൊരു മാർഗ്ഗവും അച്ചൻ കണ്ടില്ല. പിന്നീട് ഇതിനെക്കുറിച്ച്

സുഹൃത്തായ അന്നത്തെ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയപ്പോൾ അദ്ദേഹം പറ ഞ്ഞത് ഇങ്ങനെയാണ് - "കിറുക്കൻമാരെ സുഖമാക്കുവാൻ നിയമത്തിനാവുകയില്ല അച്ചൻ ഇതിനെക്കുറിച്ച് മൗനം അവലംബിച്ച് ഒരു മതവൈരാഗ്യം ഒഴിവാക്കുന്നതാണ് നല്ലത്."

കാലത്തിനൊത്ത പ്രതികരണങ്ങളെക്കാൾ കാൽവരിയിലെ ശത്രുസ്നേഹമേ വിജ യിക്കൂ. അഭിഷിക്തരെ അപമാനിക്കുന്നവരെ ദൈവംതന്നെ നേരിട്ടുകൊള്ളും. അതിന് ഗുജറാത്തിൽതന്നെ ഒരുപാട് ഉദാഹരണങ്ങളുണ്ട്.

സാവിയോ അച്ചൻ തന്റെ വിറയാർന്ന ശബ്ദത്തിൽ നമുക്കു തരുന്ന സന്ദേശമി താണ് - "നന്മ ചെയ്താൽ നാട്ടുകാർ നമ്മെ തിരസ്ക്കരിച്ചേക്കാം. പീഢിപ്പിച്ചേക്കാം. അതുകൊണ്ട് ഭയന്നു നുണയനെ പ്രീതിപ്പെടുത്താൻ നാം നുണ പറയരുത്. പകരം എന്തും സഹിക്കുവാൻ പഠിക്കണം. ഇന്നത്തെ സന്യസ്തർക്ക് ഇല്ലാത്ത ഒരു ഗുണ മാണ് സഹനശീലത. എവിടെ സുഖവും സൗകര്യവും ലഭ്യമാണോ അവിടെ സേവനം ചെയ്യുവാനാണ് യുവതലമുറയുടെ താത്പര്യം."

വാർദ്ധക്യസഹജമായ രോഗങ്ങളാൽ തളർന്നുകൊണ്ടിരിക്കുന്ന ഈ വന്ദ്യവയോ ധികൻ തന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി അവസരത്തിൽ പറഞ്ഞത് ഇത്രമാത്രമായിരുന്നു - "എന്നെ ഇതുവരെ ശക്തിപ്പെടുത്തിയത് പ്രാർത്ഥന ഒന്നുമാ ത്രമാണ്. ഞാൻ ഒരു മിഷണറിയാകയാൽ എനിക്ക് ഇനിയും ഒരുപാട് ചെയ്യുവാനുണ്ട്. എനിക്കുവേണ്ടി പ്രാർത്ഥിക്കുക. പ്രാർത്ഥിച്ചെന്നെ ശക്തിപ്പെടുത്തുക."

അതെ, പ്രൊവിൻഷ്യൽ ഹൗസിൽ എത്തുന്ന ഏവർക്കും പ്രേരണാത്മകമായി ജീവി ച്ചുകൊണ്ടും മറ്റുള്ളവരെ പ്രാർത്ഥിച്ച് ശക്തിപ്പെടുത്തിക്കൊണ്ടും തന്റെ മിഷൻ ഈ 72-ാം വയസ്സിലും സാവിയോ അച്ചൻ മുൻപോട്ട് കൊണ്ടുപോകുന്നു.

**റവ. ഫാ. റൊമുവാൾഡ് ചക്കുങ്കൽ, സി.എം.ഐ.**

"എടാ, ഞാനിന്ന് കുർബാന ചൊല്ലിയാരുന്നോ?" രാജ്ക്കോട്ട് പ്രൊവിൻഷ്യൽ ഹൗസിൽ മുഴങ്ങുന്ന ഈ ശബ്ദം തൊണ്ണൂറു കഴിഞ്ഞ റൊമുവാൾഡ് ചക്കുങ്കലച്ച ന്റേതാണ്. താൻ വൈക്കം-വടയാറുള്ള ചക്കുങ്കൽ കുടുംബത്തിൽ ജനിച്ചു എന്ന ല്ലാതെ തന്റെ ഭൂതകാലത്തെക്കുറിച്ച് ഇപ്പോൾ കാര്യമായി ഒന്നും വല്ല്യച്ചന് ഓർമ്മയില്ല. വല്ല്യച്ചൻ വർത്തമാനകാലത്തിൽ ജീവിക്കുന്നു. ബൃഹത്കായനും രസികനുമായ വല്ല്യച്ചൻ ഉറങ്ങിയാൽ പ്രൊവിൻഷ്യൽ ഹൗസ് ഉറങ്ങി എന്നുവേണം കരുതുവാൻ. വല്യച്ചന്റെ തമാശ കേൾക്കാൻ മാത്രമായി പ്രൊവിൻഷ്യൽ ഹൗസിൽ എത്തുന്നവരു ണ്ട്. സുറിയാനിപ്പാട്ടുകളും, ദോ....രേ...മീ..... സംഗീത ശ്രുതികളും, ചെറിയ ആത്മീ യോപദേശങ്ങളുമായി വല്ല്യച്ചൻ ശ്രോതാക്കളെ നേടുന്നു. വരുന്നവരോട് അച്ചനാണോ ശെമ്മാശ്ശനാണോ എന്നു ചോദിച്ചതിനുശേഷമുള്ള പതിവുചോദ്യം "അച്ചന് എത്ര മക്കളുണ്ട്" എന്നതായിരിക്കും.

അംബികപ്പൂരിലെ 15 വർഷത്തെ ഫലവത്തായ ഒരു മിഷണറിജീവിതം കഴിഞ്ഞാണ് 1976-ൽ അച്ചൻ ഗുജറാത്തിലെത്തുന്നത്. മിഷൻ പ്രവർത്തനങ്ങൾക്കായി അഹമ്മദാ ബാദ് മുതൽ കച്ച് വരെ ഒറ്റയ്ക്ക് തന്റെ 'രാജദൂതി'ൽ ക്രിസ്തുരാജന്റെ സ്നേഹദൂതു മായി വല്ല്യച്ചൻ പറന്നു നടന്ന വഴികളിലൂടെയാണ് ഇന്നത്തെ മിഷണറിമാർ ചുവടു വയ്ക്കുന്നത്.

കനത്ത പേമാരിമൂലം ഡാമുകൾ തകർന്ന് ഗാന്ധിജിയുടെ മണ്ണായ പോർബന്തർ വെള്ളത്തിൽ മുങ്ങുമ്പോൾ വല്ല്യച്ചൻ അവിടുത്തെ തിരുഹൃദയ ദേവാലയത്തിലെ ഇടവക വികാരിയായിരുന്നു. പള്ളിയോട് ചേർന്നുള്ള ഷെഡ്ഡിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന അച്ചന്റെ ഭക്ഷണരീതിയും ജീവിതംപോലെ തന്നെ ലളിതമായിരുന്നു.

വെള്ളപ്പൊക്കത്തിൽ ദേവാലയ വസ്തുക്കൾ ഒഴുകി പോകാതിരിക്കാൻ വാതിലുകളും ജനലുകളും ഭദ്രമായി അടച്ചശേഷം മേൽക്കൂര പൊളിച്ച് രാത്രിയും പകലും അച്ചൻ അവിടെതന്നെ ഇരുന്നു. ഗവൺമെന്റ് മോട്ടറുകൊണ്ട് വെള്ളം പുറത്തടിച്ചുകളഞ്ഞിരുന്നതിനാൽ ജലനിരപ്പ് കുറച്ച് താഴ്ന്നു.

മുകളിൽ നിന്നുമിറങ്ങിയ വല്ല്യച്ചൻ ആകെ പരിക്ഷീണിതനായിരുന്നു. ആഹാരം പോയിട്ട് കുടിക്കാൻ ശുദ്ധജലംപോലുമുണ്ടായിരുന്നില്ല. ഉറക്കക്ഷീണം മാറ്റുവാൻ അച്ചന് വല്ലയിടത്തും കിടക്കണമെന്നുണ്ടായിരുന്നു. ആകെക്കൂടെ അൾത്താരയിലെ ബലിപീഠം മാത്രം ഉയർന്ന് നില്പ്പുണ്ട്. അച്ചൻ തന്റെ കുളിമുണ്ടും ബനിയനും ഇട്ടുകൊണ്ടുതന്നെ ബലിപീഠത്തിൽ കയറിക്കിടന്നുറങ്ങി.

ജലനിരപ്പു നന്നായി താഴ്ന്ന് റോഡുകൾ ദൃശ്യമായതോടെ രാജ്കോട്ടിന്റെ അഭിവന്ദ്യ ഗ്രിഗറി പിതാവും പിതാവിന്റെ സെക്രട്ടറിയായിരുന്ന ബഹു. ഡേവിസ് മാനാടനച്ചനും വല്ല്യച്ചനെ കൂട്ടികൊണ്ടുപോകാനായി പോർബന്തറിലെത്തി. വെള്ളം കാരണം കാർ ദൂരെയൊരിടത്ത് മാറ്റി നിർത്തിയിട്ട് പിതാവ് തന്റെ ഡ്രൈവറെ പള്ളിയിലേയ്ക്ക് പറഞ്ഞയച്ചു.

അരപ്പൊക്കം വെള്ളത്തിൽ നീന്തിത്തുടിച്ച് പള്ളിയിലെത്തിയ ഡ്രൈവർ വല്ല്യച്ചനെ പിതാവിന്റെആഗ്രഹമറിയിച്ചു. പക്ഷെ, വല്ല്യച്ചന്റെ മറുപടി ഇങ്ങനെയായിരുന്നു - "ഇടയൻ ആടുകൾക്കുവേണ്ടിയാണ്. ഞാനെന്റെ ജനത്തെ വിട്ട് എങ്ങും വരില്ല. ദുരിതമനുഭവിക്കുന്ന എല്ലാവർക്കും അരമനയിൽ അഭയം നൽകാമെന്ന് പിതാവ് എനിക്ക് വാക്കുതന്നാൽ ഞാൻ കൂടെ വരാം."

വല്ല്യച്ചനെ കൂട്ടികൊണ്ടുപോകാൻ ഉദ്ദേശിച്ചുവന്ന പിതാവിന്റെ കയ്യിൽ അച്ചനു നൽകുവാൻ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അവർ രാജ്ക്കോട്ട് തിരിച്ചെത്തിയശേഷം ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ആദ്യപടിയായി അന്നത്തെ സോഷ്യൽ വർക്കിന്റെ ഇൻചാർജായ മുൻപറഞ്ഞ സാവിയോ പട്ടാറയച്ചനും ഇപ്പോഴത്തെ രൂപതാവികാരി ജനറാളായ ജോർജ് നെറ്റിക്കാടനച്ചനും പോർബന്തറിലെത്തി, സി.ആർ.എസ്സിന്റെ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തു. അതോടെ വല്ല്യച്ചനും കൂടുതൽ കർമ്മനിരതനായി.

വല്ല്യച്ചന്റെ ഈ തീക്ഷ്ണത അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനങ്ങളിലെല്ലാം തെളിഞ്ഞുനിന്നിരുന്നു. റോമാ സന്ദർശനവേളയിൽ പ. പിതാവിന്റെ കരങ്ങൾ ചുംബിച്ചുകൊണ്ട് "എനിക്ക് പതിനായിരം പേർക്കെങ്കിലും ക്രൈസ്തവ സന്ദേശം നൽകണം" എന്ന് വല്ല്യച്ചനെ പറയാൻ പ്രേരിപ്പിച്ചതും ഇതേ തീക്ഷ്ണതയാണ്.

രാജ്ക്കോട്ട് പ്രൊവിൻഷ്യൽ ഹൗസിലെത്തുന്ന ഞാനോ നിങ്ങളോ ആയിരിക്കാം അച്ചന്റെ വചസ്സുകൾ ശ്രവിച്ച് 'നല്ലക്രിസ്ത്യാനികൾ' ആയി മാറുന്ന ആ പതിനായിരങ്ങളിലൊരാൾ! ❑

# Student's Corner

## പഠനാചാര്യനായ ചാവറയച്ചനെ പരിചയമുണ്ടോ?

*ഫാ. തോമസ് പന്തപ്ലാക*



കൂട്ടുകാരെ, ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ നിങ്ങൾ പരിചയമുണ്ടോ? ചില പള്ളികളിൽ തിരുനാൾ ആഘോ ങ്ങൾക്ക് 'വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുന്നാൾ ജനു മൂന്നിന്' എന്നെഴുതിയ തിരുന്നാൾ നോട്ടീസ് കണ്ടിട്ടുണ്ട്. അ മാത്രമല്ല 'ചാവറ ദ്വൈശതാബ്ദി വത്സരാരംഭം' എന്ന പേര് കോട്ടയത്തിനടുത്തു മാന്നാനത്തു നടന്ന ആഘോഷങ്ങളെ റിച്ച് ജനുവരിയിലെ പല പത്രങ്ങളിലും വാർത്തകൾ കണ്ടു.

മരിച്ചിട്ട് 133 വർഷം പിന്നിട്ട ഒരാളുടെ ജന്മത്തിന്റെ 200-ാം ജന്മദിനം കൊണ്ടാട ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ എന്നുകണ്ടിട്ടും, മരിച്ചവന്റെ ജന്മദി വീണ്ടും ഓർക്കാൻ ഇവനാര് എന്നൊന്നും നിങ്ങൾ ചിന്തിച്ചില്ലെ? അയ്യോ! ബന്ധ യാതെ പത്രവാർത്തകളെല്ലാം വായിച്ചുതീർക്കാൻ പറ്റുമോ. അതുശരി, നിങ്ങളുമാ അടുത്തു ബന്ധമുള്ളവനാണെങ്കിലോ? തീർച്ചയായും വായിക്കുക മാത്രമല്ല നിങ്ങ കൂടിചേർന്ന് അദ്ദേഹത്തിന്റെ ആഘോഷങ്ങൾ അടിപൊളിയാക്കും. എന്നാൽ കൂ കാരെ, കേട്ടോളു, നിങ്ങളുമായുള്ള ചാവറയച്ചന്റെ ബന്ധത്തെക്കുറിച്ച്.

ഇന്ന് നമ്മുടെ നാട് ധാരാളം സ്കൂളുകളും മറ്റിതര വിദ്യാഭ്യാസസ്ഥാപനങ്ങ കൊണ്ടു നിറഞ്ഞിരിക്കുന്നു. ഇൻഡ്യയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ കേരളത്തി സ്ഥാനം എന്തെന്ന് നിങ്ങൾക്കറിയാമോ? അറിയാം. 'എന്റെ കേരളം സാക്ഷര കേര മാത്രമല്ല എന്റെ കേരളം ഇൻഡ്യയിൽ ഒന്നാം സ്ഥാനമുള്ള സാക്ഷര സംസ്ഥാ എന്നാൽ ഒരുകാര്യംകൂടി കേൾക്കണോ - ജനസംഖ്യാനുപാതത്തിൽ സാക്ഷര ലോ രാഷ്ട്രങ്ങളിലെ ഒന്നാമത്തെ സംസ്ഥാനവും നമ്മുടെ കേരളം തന്നെ.

ഇതിന്റെ കാരണവും നിങ്ങൾക്കറിയണം അല്ലെ? കേട്ടോളൂ. ഇന്ന് കേരളത്തി ലുള്ള സകല ക്രിസ്ത്യൻ പള്ളികളോടും ചേർന്ന് ഒരു നേഴ്സറി സ്കൂളെങ്കില ഇല്ലാത്ത പള്ളികൾ ഇല്ല തന്നെ. എല്ലാ മതസ്തരും നടത്തുന്ന വിദ്യാഭ്യാസ സ്ഥാ നങ്ങൾ ധാരാളം. കൂടാതെ ഗവർണ്മെണ്ടു സ്ഥാപനങ്ങളും. നാലഞ്ചുകിലോമീറ്റ നുള്ളിൽ കേരളത്തിൽ എല്ലായിടത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. കാരണ

ൾ മക്കളെ നിർബന്ധപൂർവ്വം പഠിക്കാനും വിടുന്നു. നമ്മുടെ കേരളം എത്ര നല്ല കാലം അല്ലെ?

കൂട്ടുകാരെ, 150 വർഷം മുമ്പത്തെ നമ്മുടെ നാടിന്റെ സ്ഥിതിയും നിങ്ങൾക്കറി യണ്ടെ? തീർച്ചയായും. പറയാം. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ല്ലായിരുന്നു. സ്വകാര്യമേഖലയിലും. പ്രോട്ടസ്റ്റന്റു മിഷനറിമാർ നടത്തുന്ന ഏതാനും സ്കൂളുകൾ മാത്രം. പിന്നെ ഏതാനും ഗവർണ്മെന്റു സ്കൂളുകളും. ഈ സ്കൂളുക ൾ തന്നെ ജാതിവ്യത്യാസത്തിന്റെ പേരിൽ പലരെയും പഠിക്കാനനുവദിക്കയുമില്ല. സംസ്കൃത വിദ്യാഭ്യാസമാകട്ടെ ഹിന്ദുക്കളിലെ ഉന്നത കുലജാതർക്കുമാത്രം.

അപ്പോൾ ഇത്ര ചുരുങ്ങിയകാലംകൊണ്ട് ഇത്രവലിയമാറ്റത്തിന് ആരു സഹായിച്ചു. മഹാനുഭാവൻ ആരാണ്? അദ്ദേഹംതന്നെ ആയിരിക്കില്ലെ നിങ്ങളുടെ ഏറ്റം വലിയ ബന്ധുവും. ഒരേ ബഞ്ചിൽ ഹിന്ദുവും മുസൽമാനും, ക്രിസ്ത്യാനിയും ഒരു മിച്ചിരുന്നു പഠിക്കാൻ, കേരളത്തെ വിദ്യാഭ്യാസസ്ഥാപങ്ങൾകൊണ്ടു നിറയ്ക്കാൻ വഴി യൊരുക്കിയ ആ മഹാൻ ആരാണെന്നു നിങ്ങൾ അറിയണം.

കൂട്ടുകാരെ, സത്യം അറിവാകുമ്പോൾ എന്തുകൊണ്ടു ഞങ്ങൾക്കു നേരത്തെ മന സ്സിലാക്കിത്തന്നില്ല എന്ന് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തുമോ..? കഴിഞ്ഞുപോയ തെറ്റ് ആരും ക്ഷമിക്കും അല്ലെ. എന്നാൽ ഞാനാ കഥ പറയാം.

കുട്ടനാടൻ പ്രദേശത്തേക്കുറിച്ച് നിങ്ങൾക്കറിവുണ്ടല്ലൊ. അവിടെ കൈനകരയിൽ ചാവറ കുടുംബത്തിൽ ഒരു കുഞ്ഞു ജനിച്ചു. കുര്യാക്കോസ്. 11-ാം വയസ്സിൽ അവൻ പുരോഹിതനാകാൻ സെമിനാരിയിൽ ചേർന്നു. 24-ാം വയസ്സിൽ പുരോഹിതനായി. സെമിനാരിയിലെ തന്റെ ഗുരുവായിരുന്ന പാലയ്ക്കൽ തോമാച്ചനും അദ്ദേഹത്തിന്റെ കൂട്ടുകാരനുമായിരുന്ന പോരുക്കര തോമാച്ചനും ചേർന്ന് മാന്നാനമെന്ന സ്ഥലത്ത് അവർ സന്ന്യാസ ജീവിതം ആരംഭിച്ചു. അതും ഇൻഡ്യാക്കാരുടെ ആദ്യത്തെ സന്ന്യാ ഭവനം. അവിടെയായിരുന്നപ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ ദുരവ സ്ഥയെ കണ്ടറിഞ്ഞ ചാവറയച്ചൻ ഉച്ചനീചത്വങ്ങളെല്ലാം മാറ്റിവെച്ച് എല്ലാവർക്കും ഒരുമിച്ചിരുന്നു പഠിക്കാൻ പറ്റുന്ന സംസ്കൃത സ്ക്കൂൾ 1846-ൽ ആരംഭിച്ചു. ഇതൊരു പുതിയ തുടക്കമായിരുന്നു. ഭാരതസംസ്കാരത്തോടുള്ള ആദരവും അറിവിന്റെ ശ്രേണി യിലേയ്ക്കുള്ള ചുവടുവെയ്പുമായിരുന്നു. തുടർന്ന് മാന്നാനത്തും ആർപ്പൂക്കരയു മൊക്കെ പഠനകേന്ദ്രങ്ങൾ തുറന്ന് പാവപ്പെട്ടവർക്കും ദളിത സമൂഹത്തിനും അന്നവ സ്ത്രാദികൾ നൽകി പഠനത്തിന് അവസരം നൽകി.

ഉത്തമ വിജ്ഞാനംപോലെ ആത്മീയ വളർച്ചയ്ക്കും പക്വതയാർന്ന ജീവിതത്തിനും സഹായിയായി മറ്റൊന്നുമില്ലല്ലൊ. ഈ രംഗത്ത് അറിവുപങ്കിടാൻ മാധ്യമങ്ങൾ വേണം. ഇവിടെ 150 വർഷംമുമ്പ് കേരളം പരിമിതയായിരുന്നു. പ്രസാധനംചെയ്യുവാൻ രണ്ടു പ്രസ്സുകൾമാത്രം. ഗവർണ്മെണ്ടു പ്രസ്സ് തിരുവനന്തപുരത്തും സി.എം.എസ്. പ്രോട്ട സ്റ്റന്റു പ്രസ് കോട്ടയത്തും. രണ്ടിടത്തും എത്തിപ്പെടുവാൻ നൂലാമാലകൾ ധാരാളം. ചാവറയച്ചൻ തന്റെ നിസ്തന്ദ്രമായ പരിശ്രമങ്ങളിലൂടെ 1844-ൽ മാന്നാനത്ത് ചെറി

യൊരു പ്രസ്സുണ്ടാക്കി. തുടർന്ന് കൂനമ്മാവിലും. ഇന്ന് കേരളം നിറയെ എണ്ണി
തീരാത്ത പ്രസ്സുകളും പ്രസിദ്ധീകരണങ്ങളും. ദിനപത്രങ്ങളും, മാസികാ, വാരിക
ഇന്ന് മാതൃഭാഷയിൽ ഏറ്റം കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഉള്ള സംസ്ഥാന
ഇൻഡ്യയിൽ കേരളംതന്നെ. ഈ അറിവും നിങ്ങൾക്ക് പുതുതായിരിക്കുമോ?

സ്കൂളിന് പള്ളിക്കൂടം എന്നുപേരുണ്ടായത് എങ്ങിനെ എന്നും നിങ്ങൾക്ക
തമായിരിക്കും അല്ലെ? ചാവറയച്ചൻ 1861-ൽ കേരളത്തിലെ സുറിയാനി കത്തോലി
സഭയുടെ വികാരി ജനറൽ ആയിരിക്കുമ്പോഴാണ് ഒരു സർക്കുലർവഴി എല്ലാ ഇ
കകളിലും പള്ളികളോടുചേർന്ന് സ്കൂളുകൾ സ്ഥാപിക്കാനും ഇല്ലെങ്കിൽ പള്ളി
അടച്ചിടേണ്ടിവരും എന്നും അറിയിച്ചത്. അങ്ങിനെ അദ്ദേഹത്തിന്റെ നിർദ്ദേശപ്രക
പള്ളിയോടു ചേർത്ത് നടത്തിയ സ്കൂളുകൾ ആണ് പള്ളിക്കൂടം എന്ന പേരിൽ അ
യപ്പെടാനിടവന്നത്. അദ്ദേഹം തുടങ്ങിവെച്ച എല്ലാ സന്യാസ സ്ഥാപനങ്ങളോ
ചേർത്ത് സ്കൂളുകൾ ആരംഭിച്ചുകൊണ്ട് അതിൽ ജാതിമതവ്യത്യാസങ്ങൾ കൂടാ
എല്ലാകുട്ടികളെയും സ്വീകരിച്ച് പഠിപ്പിച്ച് മാതൃക കാണിക്കയും ചെയ്തു. ഉണർ
നേയും മാതൃകയേയും തുടർന്ന് കേരളത്തിലുടനീളം ധാരാളം വിദ്യാഭ്യാസസ്ഥാ
ങ്ങൾ ഉണ്ടായി. 1885-ൽ മാന്നാനത്ത് ഒന്നാമത്തെ ഇംഗ്ലീഷ് സ്കൂളും തുടങ്ങി.

നമ്മുടെ പൂർവ്വികരെ മുതൽ അറിവിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻ വ
തുറന്ന ചാവറയച്ചനും നിങ്ങളും തമ്മിലുള്ള ബന്ധം ഇപ്പോൾ വ്യക്തമായോ
അദ്ദേഹം നിങ്ങളുടെ സ്വന്തമായോ....?

മലയാളം കൂടാതെ സംസ്കൃതം, തമിഴ്, വിദേശ ഭാഷകളായ സുറിയാനി, ലത്തീ
ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകളിലും പ്രാവീണ്യമുണ്ടായിരുന്ന ചാവറ
ച്ചൻ പഠിതാക്കൾക്ക് ഒരാചാര്യനാണ്. ദൈവമക്കളായ സകലർക്കും തന്റെ അറി
പകർന്നുകൊടുത്ത ചാവറയച്ചൻ ദൈവത്തിനു വലിയ പ്രീതികരനും ദൈവസന്നി
യിൽ നമ്മുടെ ഇടനിലക്കാരനും ആണ്. അങ്ങിനെ ദൈവത്താൽ വാഴ്ത്തപ്പെട്ടവ
മായി. അപ്പോൾ അദ്ദേഹംവഴി ചോദിക്കുന്നതൊന്നും ദൈവത്തിന് നിഷേധിക്കാ
വില്ല, പ്രത്യേകിച്ചും അറിവിനാവശ്യമുള്ളത് ചോദിക്കുമ്പോൾ. നമുക്കദ്ദേഹത്തോ
ങ്ങനെ പ്രാർത്ഥിക്കാം: വിദ്യാഭ്യാസരംഗത്ത് ഞങ്ങൾക്കുവേണ്ടി സജീവമായി പ്രവർത്ത
ക്കയും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുവാൻ ഞങ്ങളെ പഠി
ക്കയും ചെയ്ത ഞങ്ങളുടെ പഠനാചാര്യനായ ചാവറയച്ചാ, പഠനമേഖലകളി
ഞങ്ങൾക്കാവശ്യമായതെല്ലാം - ബുദ്ധിശക്തിയും, ഓർമ്മശക്തിയും, പഠിക്കാനു
കഴിവുകളുംതന്ന് എന്റെയും മറ്റു സകലരുടെയും ഭാവിജീവിതത്തെ സുരക്ഷിത
ക്കാനാവശ്യമായതെല്ലാം സ്നേഹപിതാവായ ദൈവത്തിൽനിന്ന് വാങ്ങിത്തരേണമേ

# ശ്രീ കൈതപ്രവുമായി മുഖാമുഖം

*ഫാ. മാത്യു കണിയാംപറമ്പിൽ*



വളരെ യാദൃച്ഛികമായി വന്ന കൂടിക്കാഴ്ച. മധ്യപ്രദേശ്, ഛത്തിസ്ഗഢ്, ആന്ധ്രാ പ്രദേശ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ ശേഷം ബല്ലംപള്ളിയിൽ നിന്നും എറണാകുളത്തേയ്ക്കുള്ള മടക്കയാത്ര ആയിരുന്നു. റാപ്തി സാഗർ ട്രെയിനിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 26-ാം തീയതി. 27 നു വെളുപ്പിന് ട്രെയിനിൽ ഉറക്കമെണീറ്റപ്പോൾ എന്റെ ബർത്തിനു തൊട്ടുമുമ്പിലിരിക്കുന്നു ഒരു മാന്യവ്യക്തി. കുങ്കുമ കുർത്തയും, തങ്കകസവുള്ള ക്രീം കളർ മുണ്ടും. ഞാൻ വേഗം പോയി വാഷിംഗ് കഴിഞ്ഞു വന്നു. ഈ മുഖം ഫോട്ടോയിൽ കണ്ടിട്ടുണ്ടല്ലോ, പല പ്രാവശ്യം. എന്റെ ആത്മഗതം. ഞാൻ അദ്ദേഹത്തിനു നമസ്കാരം പറഞ്ഞ് സ്വയം പരിചയപ്പെടുത്തി. അദ്ദേഹവും അതു പോലെ: ഞാൻ കൈതപ്രം. ചെന്നൈയിൽനിന്നും മധ്യരാത്രിയിൽ ഈ വണ്ടിയിൽ കയറി; പാലക്കാട്ട് ഇറങ്ങണം; ഒരു മ്യൂസിക് തെറപ്പി പ്രോഗ്രാമുണ്ട്." ഞാൻ പറഞ്ഞു, പത്രമാസികകളിൽ പലപ്രാവശ്യം കണ്ടിട്ടുണ്ട്; എങ്കിലും നേരിട്ടുകാണുന്നത് ഇതാദ്യം. വളരെ സന്തോഷമുണ്ട്.

മലയാള സിനിമാ തിരകളിലെ ഉജ്ജ്വല സാന്നിധ്യവും, സുപ്രസിദ്ധ സംഗീത സംവിധായകനുമായ ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി. ആ ക്യാബിനിൽ ഞങ്ങൾ രണ്ടുപേർ മാത്രം. ശാന്തസുന്ദരമായ അന്തരീക്ഷം. ഞങ്ങൾ ദീർഘനേരം സംസാരിച്ചു. അദ്ദേഹത്തിനു പരിചയമുള്ള മൂന്നു വൈദികരെപ്പറ്റി എന്നോടു പറഞ്ഞു: കലാഭവന്റെ സ്വന്തം ആബേലച്ചൻ, ഇപ്പോൾ ചെന്നൈയിൽ സംഗീതത്തിൽ ഡോക്ടറേറ്റിനു പഠിക്കുന്ന ഫാ. പോൾ പൂവത്തിങ്കൽ, ജീവൻ ടി.വിയിലെ ഫാ. ഡേവീസ് ചിറമ്മൽ. ഫാ. പൂവത്തിങ്കൽ എന്റെയും അഭിമാനപാത്രമായ ഒരു ശിഷ്യനാണ് എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിനു കൂടുതൽ സന്തോഷമായി.

ട്രെയിൻ സേലം, കോയമ്പത്തൂർ സ്റ്റേഷനുകളെയൊക്കെ പിന്നിലാക്കി കുതിച്ചുകൊണ്ടിരുന്നു, സസ്യശ്യാമളമായ കേരളാതിർത്തിയിലേയ്ക്ക്. കേരള നാടിന്റെ വർണ്ണപ്പൊലിമയും കലാ-സാംസ്കാരിക തിളക്കങ്ങളുമൊക്കെ സംസാരവിഷയങ്ങളായി. ഞാൻ പറഞ്ഞു: എനിക്ക് സി-മിഷനുവേണ്ടി ഒരു ഇന്റർവ്യൂവേണം. അദ്ദേഹം പറഞ്ഞു: വളരെ സന്തോഷം. ഞങ്ങൾ സീരിയസ് വിഷയങ്ങളിലേക്കു കടന്നു.

സി-മിഷൻ : സാർ, ചാവറയച്ചനെക്കുറിച്ചു കേട്ടിട്ടുണ്ടോ?

കൈതപ്രം : തീർച്ചയായും. ഒന്നര നൂറ്റാണ്ടിനുമുമ്പ് വിദ്യാഭ്യാസരംഗത്ത് ഉണർവ്വും സാംസ്കാരിക-സാമൂഹിക തലങ്ങളിൽ നവോന്മേഷവും പകർന്നത് അദ്ദേഹമല്ലെ.

സി-മിഷൻ : ആബേലച്ചൻ അദ്ദേഹത്തിന്റെ സഭയിൽപ്പെട്ടയാളാണ്.

കൈതപ്രം : ആബേലച്ചനെ എനിക്കു മറക്കുവാൻ കഴിയില്ല. അദ്ദേഹത്തി ദർശനം തികച്ചും ഭാരതീയവും അനുഭവപൂർണ്ണവുമാണ്.

സി-മിഷൻ : ഇന്നത്തെ കാലയളവിൽ, കേരളത്തിലെ വിദ്യാഭ്യാസ-സംസ്കാ തലങ്ങളിൽ ഏറ്റം അടിയന്തിരമായ ആവശ്യം എന്താണ്?

കൈതപ്രം : ധാർമ്മികതയുടെ പനരുദ്ധാരണം. ധാർമ്മികത ഇന്നൊരു കുത്തെ ക്കിലാണ്. വിദ്യാഭ്യാസവും കലയും മനുഷ്യമനസ്സിനെ ഉദാത്തമാ ന്നില്ലെങ്കിൽ അവകൊണ്ട് എന്തു പ്രയോജനം?!

സി-മിഷൻ : ഇക്കാര്യത്തിൽ സിനിമാക്കാർക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കു എത്രശക്തമായ മാധ്യമമാണു സിനിമ?

കൈതപ്രം : സിനിമ അതിശക്തമായ മാധ്യമംതന്നെ. നമ്മുടെ വെള്ളിത്തിര മാനുഷിക മുല്യങ്ങളുടെ ഉറവിടങ്ങളാകണം. ധാർമ്മികതയുടെ സദാചാരത്തിന്റെ ചൂണ്ടുപലകകളാകണം. എന്റർടെയിൻമെന്റു മാ മാകരുത്.

സി-മിഷൻ : കേരളത്തിന്റെ ഇന്നത്തെ സംസ്കാരവും ചിന്താരീതികളും തജ്ജ മായ അസ്വസ്ഥതകളും എന്തിനെയാണു സൂചിപ്പിക്കുന്നത്?

കൈതപ്രം : സ്നേഹവും, സഹവർത്തിത്വവും പരസ്പരവിശ്വാസവുമെല്ലാം പോ റയുന്നു. പാശ്ചാത്യസംസ്കാരത്തിലെ ഇൻഡിവിജ്വലിസം ഇവിടെ കയറിപ്പറ്റിയിരിക്കുന്നു. ഈ പോക്കുപോയാൽ പുരോഗതിയെല്ലാം വ മുട്ടും. മനുഷ്യൻ ആദ്യം സ്വയം കണ്ടെത്തണം. അത് മറ്റുള്ളവ അറിയിക്കുകയും വേണം, സംഗീതത്തിലൂടെ, മതത്തിലൂടെ, സർവ്വോ പരി മനുഷ്യത്വത്തിലൂടെ. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയണം. ന തെരഞ്ഞെടുക്കുന്ന വഴി ശുദ്ധമായിരിക്കണം. നമുക്കുനേടിയെടു വാൻ മുത്തുകളുണ്ടാവണം മറ്റുള്ളവരുടെ ജീവിതങ്ങളിൽ നിന്നു നമ്മുടെ ശക്തി നമ്മിലെ ആന്തരികചൈതന്യമാണ്. അതിനെ ശക്ത പ്പെടുത്തുന്നതാകണം വിദ്യാഭ്യാസം. ശാശ്വതമായി നിലനില്ക്കുന്ന മനുഷ്യമനസ്സിലെ നന്മമാത്രം.

സി-മിഷൻ : ചാവറയച്ചനേപ്പോലുള്ളവർ ജീവിതത്തിലെ മുത്തുകൾ കണ്ടെത്തി വരല്ലെ? അദ്ദേഹം പറഞ്ഞിട്ടുണ്ട്: മറ്റുള്ളവർക്കു നന്മചെയ്യാൻ സാ ക്കാത്ത ഒരുദിവസവും നമ്മുടെ ജീവിതത്തിലുണ്ടാകരുത്.

കൈതപ്രം : അദ്ദേഹത്തെപ്പോലുള്ള മഹാന്മാരെയാണ് ഇന്നു കേരളത്തിനാവശ്യ

ട്രെയിൻ പാലക്കാട്ടെത്തി. അദ്ദേഹം വന്ദനം പറഞ്ഞ് വിടവാങ്ങി. അദ്ദേഹത്തിന്റെ 'മ്യൂസിക്ക് തെറപ്പി' (സംഗീതം വഴി മനുഷ്യമനസ്സിനു പ്രശാന്തതയും സൗഖ്യവു പ്രദാനം ചെയ്യൽ) എന്ന പുതിയ പ്രസ്ഥാനത്തിന് ഞാൻ എല്ലാവിജയങ്ങളും ആശം സിച്ചു. □

# പരീക്ഷയുടെ സമരമുഖത്തെ വജ്രായുധങ്ങൾ

പരീക്ഷകൾക്കുള്ള ഒരുക്കം ദിവസങ്ങൾക്കുമുമ്പേ കഴിഞ്ഞിരിക്കണം. തലേ ദിവസം മിനുക്കുപണികൾ മാത്രം.

കണ്ണാടിയിൽ നോക്കി നിന്നോടുതന്നെ പറയുക: "എല്ലാം തയ്യാർ. നീ വിജയിക്കും, പ്രശസ്തമായി."

ഏതു വിഷമ ചോദ്യത്തേയും തരണം ചെയ്യാൻ തയ്യാറായോ എന്ന് മാതാപിതാക്കൾ കുട്ടികളോടു ചോദിക്കണം. തങ്ങളുടെ ജീവിതത്തിൽ അത്തരമൊരു സന്ദർഭം തരണം ചെയ്തത് ഭക്ഷണമേശയിൽ പങ്കുവയ്ക്കണം. "തോറ്റിട്ടു നീയിങ്ങുവന്നേരെ. ഈ വീട്ടിൽ കയറ്റുകയില്ല." എന്നിങ്ങനെ ഭീഷണി വേണ്ട. പകരം, ധൈര്യവും, ഉന്മേഷവും, ആത്മവിശ്വാസവും പകരുക. വിജയാശംസളോടെ, അനുഗ്രഹങ്ങളോടെ, ഹൃദയം നിറയെ പ്രാർത്ഥനകളോടെ കുട്ടിയെ യാത്രയാക്കുക.

എഴുത്തുകോൽ (പേന) ഒന്നിലധികം ഉണ്ടാകണം. ഓരോ പരീക്ഷയ്ക്കും, അനുവദനീയമായ മറ്റുസാമഗ്രികളും കരുതിയിരിക്കണം.

പ്രത്യേകം ശ്രദ്ധിക്കുക: പകൽ സമയം കഠിനാധ്വാനം ചെയ്യുക. തലേ രാത്രിയിൽ ഉറക്കമിളയ്ക്കരുത്. നന്നായി ഉറങ്ങണം. അല്ലെങ്കിൽ പരീക്ഷാ സമയത്ത് ഉന്മേഷമുണ്ടാകയില്ല; കലശലായ ഓർമ്മക്കുറവും, നിരാശതയും, പല്ലുകടിയും, ദിവാസ്വപ്നവും ബാക്കി.

പരീക്ഷയ്ക്കു പോകുന്നതിനുമുമ്പ് ആവശ്യത്തിനു ഭക്ഷണം കഴിക്കാം. പക്ഷെ, പെട്ടിപോലെ വയറു നിറയ്ക്കരുത്. ആലസ്യവും മന്ദോഷ്ണതയും പിടികൂടും.

പരീക്ഷാ ഹോളിലേയ്ക്കു പ്രവേശിക്കുന്നതിനു 3 മിനിട്ട് മുമ്പെങ്കിലും വായന നിർത്തി, പുസ്തകങ്ങൾ അവയുടെ സ്ഥാനങ്ങളിൽ നിക്ഷേപിച്ച്, റെഡിയാകുക. അതിനുശേഷം ആരോടും സംസാരിക്കേണ്ട. മനസ്സിൽ പ്രാർത്ഥന നിറഞ്ഞുനിൽക്കട്ടെ;; നല്ല ആത്മവിശ്വാസവും.

ചോദ്യപേപ്പർ കിട്ടിയാലുടൻ ആർത്തിയോടെ അതിലേയ്ക്കു നോക്കുന്നതിനു മുമ്പുതന്നെ, രണ്ടു സെക്കന്റ് കണ്ണുകളടച്ച്, ദൈവവിചാരത്തോടെ, തള്ളവിരൽകൊണ്ട് (പേനാകൊണ്ടല്ല) ചോദ്യപേപ്പറിലും ഉത്തരകടലാസിലും കുരിശുവരച്ച്, സധൈര്യം ചോദ്യങ്ങളിലുടനീളം വേഗമൊന്നു കണ്ണോടിക്കുക.

എത്ര ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനുണ്ടെന്നും, ഓരോന്നിനും എത്ര സമയം കൊടുക്കാമെന്നും പെട്ടെന്നു തീരുമാനിക്കുക. നല്ല സമയനിഷ്ഠവേണം.

കൈയെഴുത്തു നന്നായിരിക്കണം. വൃത്തിയും ക്രമവും വേണം. വിശിഷ്യാ ആദ്യപേജ് മുഖപ്രസാദം ജനിപ്പിക്കണം.

പേജ് നമ്പർ ഉടനുടൻ ഇടണം. അവസാനത്തേക്കു മാറ്റിവയ്ക്കരുത്.

12. ഏറ്റവും എളുപ്പമുള്ള ചോദ്യം മുതൽ ആക്രമണം ആരംഭിക്കുക, സമരമുഖത്തെ യോദ്ധാവിനെപ്പോലെ.

13. വിഷമതയേറിയ ചോദ്യങ്ങളെ വെറുതെ വിടരുത്. അരക്കൈ നോക്കണം.

14. പരീക്ഷ തീരുംവരെ സഹയോദ്ധാക്കുളുടെ മുഖത്തേയ്ക്കോ, ചിന്തയെ വ്യതിചലിപ്പിച്ചേക്കാവുന്ന ഒരു സ്ഥലത്തേയ്ക്കോ നോക്കേണ്ട. നേരേമറിച്ച്, തീവ്രമായ ഓർമ്മയേയും, ഉജ്ജ്വലമായ ഭാവനയേയും, ക്രിയാത്മകമായ ചിന്തയേയും സർഗ്ഗാത്മകമാക്കുക.

15. നിവൃത്തിയുണ്ടെങ്കിൽ, വെള്ളം കുടിക്കാൻ പോലും സമയം കളയാതെ, രണ്ടോ മൂന്നോ മണിക്കൂറുകൾ, ശരീരത്തെ നിയന്ത്രിച്ച്, പരീക്ഷാ സമയം മുഴുവനും സുവർണ്ണ നിമിഷങ്ങളാക്കുക. മനശ്ശക്തികൊണ്ട് ശരീരത്തെ നിയന്ത്രിക്കാം.

16. പേപ്പർ സമർപ്പിക്കേണ്ടതിന് 5 മിനിട്ടുമുമ്പ് എഴുത്തു നിർത്തണം. മൊത്തം ചെക്കുചെയ്യണം. റോൾ നമ്പർ ഉൾപ്പെടെ, എല്ലാം.

പ്രശസ്ത വിജയം സുനിശ്ചിതം.

*തയ്യാറാക്കിയത് : എം.*

## A BEAUTIFUL MUSICAL ALBUM IN THE JAYANTHI YEAR OF BLESSED CHAVARA

# दिव्य दर्शन

Receiving inspiration from the teachings of Blessed Chavara
A set of Hymns for the celebration of the Holy Mass

Presented by: The CMI & The CMC Generalates

Produced by: Navachetana, Bhopal

Singers: Usha Mangeshkar
Vinod Rathore
Sadhana Sargam
Anupam Deshpande
Mohamad Aziz
Mahendra Kapoor
S. Upadhyaya

Contacts: The CMI Generalate, Ernakulam
The CMC Generalate, Alwaye
Navachetana, Bhopal

## PRAYER OF STUDENTS FOR SUCCESS

Most loving God, you are the source and fullness of all wisdom. I thank you for giving me a bright and powerful mind. Fill my mind with your light. Increase my memory power. Give me more concentration in my studies. Lord, help me to organize my ideas systematically when I sit for my exams. Give me calmness of mind to overcome any fear or depression whenever I encounter any difficult problem. Be with me Lord, encouraging me to face any negative situation with courage and confidence. Let your divine presence in me inspire and strengthen me to bring out the best from my studies and exams.

Lord, enlighten my mind to develop all my talents for your glory and for the service of my fellow beings. Let my life become a shining light for others.

Lord, bless my dear parents, brothers and sisters, teachers and friends. O loving God, help my classmates and friends so that they too may be successful in their studies and come out with flying colours in their exams.

Blessed Chavara, friend of students, pray for me.

## വിജയത്തിനുവേണ്ടി വിദ്യാർത്ഥികളുടെ പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ, എല്ലാ ജ്ഞാനത്തിന്റെയും ഉറവിടവും പൂർണ്ണതയും അങ്ങാണല്ലോ. എനിക്ക് അങ്ങ് നല്കിയ പ്രകാശപൂർണ്ണവും ശക്തവുമായ ബുദ്ധിയെ പ്രതി ഞാൻ അങ്ങേക്കു നന്ദി പറയുന്നു. എന്റെ മനസ്സിനെ അങ്ങേ പ്രകാശത്താൽ നിറയ്ക്കണമെ. എന്റെ ഓർമ്മശക്തിയെ വർദ്ധിപ്പിക്കണമെ. പഠനത്തിൽ എനിക്ക് കൂടുതൽ ഏകാഗ്രത നൽകണമെ. പരീക്ഷക്കായി ഇരിക്കുമ്പോൾ, ഞാൻ ഹൃദിസ്ഥമാക്കിയ ആശയങ്ങളെ കൃത്യതയോടെ അവതരിപ്പിക്കുവാൻ എനിക്കു സാധിക്കട്ടെ. വിഷമതയേറിയ ചോദ്യങ്ങൾ ഭയമോ നിരാശയോ കൂടാതെ പ്രശാന്തതയോടെ കൈകാര്യം ചെയ്യുവാൻ എന്നെ സഹായിക്കണമെ. വിപരീത സാഹചര്യങ്ങളെ ആത്മവിശ്വാസത്തോടും, ധൈര്യത്തോടും കൂടി അഭിമുഖീകരിക്കുവാൻ എനിക്കു ശക്തി നൽകണമെ.

നാഥാ എന്നിലെ കഴിവുകളെല്ലാം അവയുടെ പൂർണ്ണതയിലേയ്ക്കു വളർത്തിയെടുക്കുന്നതിന്, എന്റെ ഉള്ളിലെ അങ്ങയുടെ തിരുസാന്നിദ്ധ്യം എനിക്കു പ്രചോദനമരുളട്ടെ. അങ്ങനെ, എന്നിലെ സർഗ്ഗശക്തികളെല്ലാം അങ്ങേ മഹത്വത്തിനും, എന്റെ സഹജീവികളുടെ ഐശ്വര്യത്തിനുംവേണ്ടി വിനിയോഗിക്കുവാൻ എനിക്കു കഴിയട്ടെ. എന്റെ ഈ ചെറിയ ജീവിതം മറ്റുള്ളവർക്ക് ഒരു പ്രകാശസ്രോതസ്സായി ഭവിക്കട്ടെ.

കാരുണ്യവാനായ ദൈവമേ, എന്റെ മാതാപിതാക്കളെയും, സഹോദരങ്ങളെയും അദ്ധ്യാപകരെയും, സുഹൃത്തുക്കളെയും അനുഗ്രഹിക്കണമെ. വിശിഷ്യാ, എന്റെ സഹപാഠികൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അവരും അവരുടെ പഠനങ്ങളിലും, പരീക്ഷകളിലും പ്രശസ്തമായ വിജയം കൈവരിക്കുവാൻ കൃപചെയ്യണമെ.

വിദ്യാർത്ഥികളുടെ സ്നേഹിതനായ വാഴ്ത്തപ്പെട്ട ചാവറയച്ചാ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

For copies of the above prayers in colorful printed card form, kindly contact the following address:

Fr. Mathew Kaniamparampil
CMI Generalate
P.B.No. 1056
Ernakulam, Kochi-682 011

Rs.500/- for 1000 cards.

# NEWS BRIEFS

## Chavara *Jayanthi* year inaugurated

The Bi-Centenary Celebration of the birth of Blessed Kuriakose Elias Chavara was inaugurated at Mannanam in the presence of 10 Bishops, 200 Priests, 50 Sisters and several thousand devotees on 3rd January 2004. A Concelebrated Divine Liturgy and a Public Meeting were the highlights of the day. His Eminence Cardinal Varkey Vithayathil, Major Archbishop of the Syro-Malabar Church was the Chief Celebrant. 5 Bishops and more than 150 Priests concelebrated. Bishop Kuriakose Kunnacherry of Kottayam delivered the homily. Fr. Antony Vallavanthara, Vice-Postulator, was the Master of Ceremonies. Cardinal Varkey Vithayathil along with Fr. Antony Kariyil, Prior General, lighted the Jubilee Candle at the tomb of Blessed Chavara.

The Mass was followed by a Public Meeting. It was presided over by Archbishop Joseph Powathil of Changanacherry and inaugurated by Cardinal Varkey Vithayathil. Fr. Prior General made the welcome speech. Bishop Peter Thuruthikonam of Vijayapuram, Bishop Pastor Neelamkavil of Sagar, Mother Edward, Mother General of the CMC, Kerala Minister Sri K.M. Mani, Dr. Cyriac Thomas, Vice-Chancellor of M.G. University, Sri Thomas Chazhikadan, MLA, and Sri P.V. Chacko Pullathil, Panchayath President, delivered felicitation speeches on the occasion. Fr. Thomas Mampra, Provincial of Trivandrum proposed the Vote of Thanks. Fr. Thomas Kalayil, Prior of Mannanam was the programme director.

Bishop Gratian Mundadan of Bijnor, Bishop Simon Stock of Jagdalpur, Bishop Joseph Kunnath of Adilabad, Bishop Mathew Moolakatt of Kottayam and Bishop Joseph Perumthottam of Changanacherry also participated. It is estimated that about 10,000 people took part in the functions and all were given meals.

## Celebration at Kainakari

Kainakari near Alappuzha is the birth place of Blessed Chavara. The starting of the Bi-Centenary celebrations took place there from 29th January to 8th February 2004. Bishop James Pazhayattil of Irinjalakuda, Bishop Ignatios Joshua of Trivandrum, Prior General Fr. Antony Kariyil, Provincials Fr. Jerome Cherusserry of Thrissur, Fr. Joachim Puzhakara of Muvattupuzha, Fr. Joseph Vadakkan of Kottayam and Fr. James Panackal of Jagdalpur were the Chief celebrants on these days. Hundreds of pilgrims visit this birth place of Bl. Chavara every year.

## Catholic population around the globe increasing

According to the latest Pontifical Year Book, there is a steady increase in the Catholic Population around the world.

| | |
|---|---|
| Catholics | 105 crores |
| | This is 17.3% of the total world population. |
| | 50 % of the Catholics are in the Americas, |
| | 26.1 % in Europe, |
| | 12.8 % in Africa, |
| | 10.3 % in Asia, and |
| | 0.8 % in Oceania. |

The percentage of Catholics in each Continent is as follows:

| | |
|---|---|
| Americas | 62.4 % of its total population. |
| Europe | 40.5 % |
| Oceania | 26.8 % |
| Africa | 16.5 % |
| Asia | 03.0 % |

Cardinals : 192

| | |
|---|---|
| From Europe | 101 |
| From U.S.A. | 14 |
| From Canada | 5 |
| From South America | 33 |
| From Africa | 17 |
| From Asia | 17 |
| From Oceania | 5 |

Number of Cardinals having voting rights (below the age of 80) in 2004 : 129

Number of Cardinals from Rligious Congregations: . 39

The Indian Cardinals are the following:

Cardinal Simon Pimenta, Bombay
Cardinal Lourdusamy, Rome
Cardinal Varkey Vithayathil, Ernakulam
Cardinal Ivan Dias, Bombay, &
Cardinal Telesphore Toppo, Ranchi

| | |
|---|---|
| Bishops | 4,695 |
| Diocesan Priests | 2,67,334 |
| Religious Priests | 1,37,724 |
| Religious Brothers | 54,828 |
| Women Religious | 7,82,032 |
| Major Seminarians | 1,12,982 |

Candidates to the priesthood rose 5.8 % in Africa and 1.4 % in the Americas

The Holy See has Ambassadors in 174 Countries.

## 87 Novices to make Profession on 19th March

87 Novices are going to make their First Religious Profession in the CMI Congregation on 19th March 2004. They belong to 13 Provinces. The *C-MISSION* wishes them hearty greetings and prayerful felicitations!

## A new film on the Passion of Jesus making extraordinary impact

Mel Gerard Gibson's *The Passion of the Christ,* is a movie of a $ 100 million project. It was released in about 2000 theatres in the United States last month. It has raised hackles and built up enthusiasm around the world. Despite the avalanche of protests, especially from the Jewish world, advance booking for this film has been unprecedented in America. Debuted on Ash Wednesday, it has been rocketed to the No. 1 box-office slot within two weeks' time of its release.

This film narrates in two hours in moving detail the last 12 hours in the life of Jesus and his Crucifixion. To watch him beaten, whipped with vengeance, and crucified so graphically is a shattering experience for all viewers. Mel Gibson is all set to create history of an unusual kind.

## *Jerusalem Marian Mandhapam* inaugurated at Thalore

The *Jerusalem* Retreat Centre at Thalore, near Thrissur, is growing to be a great pilgrim center. The new attraction is the *Marian Mandhapam.* It is beautiful, inspiring and grand. It enshrines the depiction of the various *Mysteries* of the Holy Rosary, the titles in the Litany and the holy relics of 58 Saints. This shrine was inaugurated by Cardinal Varkey Vithayathil in the presence of 10 Bishops and about 15,000 people on 9th January 2004. Fr. Davis Pattath, CMI, is the Director.

# Sharpen your creativity !

*C-Mission* invites articles from missionaries and pastors around the world. Share your news, views, and experiences from the missionary and pastoral fields. They will inspire your co-workers and friends elsewhere. Special welcome to Seminarians and future missionaries to share their dreams through these columns.

You can write them in English, Malayalam or Hindi.

Fr. Jose Palatty, CMI
Chief Editor, C-Mission
Christ the King Monastery
Karukutty - 683 576
Ernakulam, KERALA.

/OR/

Fr. Mathew Kaniamparampil
Managing Editor, C-Mission
Prior General's House
P.B. No.1056
Kochi - 682 011
Ernakulam, KERALA

## C.M.I. GENERAL DEPARTMENT FOR EVANGELIZATION AND PASTORAL MINISTRY

1. Fr. Mathew Kaniamparampil CMI (General Councillor)
2. Fr. Jose Palatty CMI (Consultor)
3. Fr. James Mekkara CMI (Member)

*Published by the C.M.I. General Department for Evangelization and Pastoral Ministry, Prior General's House, Ernakulam, Kochi - 682 011, Kerala, INDIA.*

(For Private Circulations only)

PRINTED AT BETHESDA PRINTERS, KOCHI -24. Ph: 2534435
Typeset by SAAF DTP, Kochi-17

## SUBSCRIPTION TO THE *C-MISSION*

The readers of *C-MISSION* are earnestly requested to take the subscription of this periodical, in order to meet the cost of its printing and postage. The subscription rates are given below:

| | | India | Abroad |
|---|---|---|---|
| Subscription: | | | |
| One year: | Rs. | 100 | $/Euro 5 |
| Five years: | Rs. | 400 | $ /Euro 20 |

**Special offer for Priests, Seminaries & Ashrams**

| | India | Abroad |
|---|---|---|
| One year: | 2 Masses | 4 Masses |
| Five years: | 8 Masses | 12 Masses |

Transmitting:

Kindly send the amount by M.O./Cheque/D.D.

Priests who are offering Masses for this cause, can inform me the same through e-mail also: kaniamp@sify.com

Gift: You can also give us addresses of your friends to whom you want us to send the *C-MISSION*.



Devotees in front of the Ashram Church at Mannanam on the solemn inauguration of the *Chavara Jayanthi Year*. This Church enshrines the mortal remains of Blessed Chavara. This is the mother house of the CMIs and the first indigenous religious house founded in India in 1831.